KOTTAYAM PUBLIC LIBRARY

Call No MA5 KRI-D Acc. No 51568

Author ക്രിസ്റ്റഫർ, മാർലോ

Title ഡോക്ടർ ഫൗസ്റ്റ്

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

# ഡോക്ടർ ഫൗസ്റ്റ്

(Malayalam)

# DOCTOR FAUST

Kathakali

**By AYMANAM KRISHNA KAIMAL**

First Published February 1979

PRINTED AT M. S. PRINTERS, AYMANAM

Price Rs. 4:50

Copyright
Prof. Aymanam Krishna Kaimal

Published by the Author

Distributors
NATIONAL BOOK STALL
KOTTAYAM – TRIVANDRUM – ERNAKULAM – CANNANORE
TRICHUR – PALGHAT – QUILON – KOZHIKODE – ALLEPPEY

# ഡോക്ടർ ഫൗസ്റ്റ്

(കഥകളി)

KOTTAYAM PUBLIC LIBRARY
51568
KOTTAYAM.

അയ്മനം കൃഷ്ണക്കൈമൾ

വിതരണം
നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം
വില ക. 4.50

## അയ്യനേത്ത് കൃഷ്ണക്കൈമളുടെ കൃതികൾ

ഡോക്ടർ ഫൗസ്റ്റ് (കഥകളി)
അഷ്ടകലാശം
അഷ്ടദളം
നളചരിതസന്ദേശം
സംസ്കാരമഞ്ജരി

MA 5

S2708 D153/78 -79 1-1000

# അവതാരിക

എന്തു്! പാശ്ചാത്യലോകത്തിലെ ഇതിഹാസപുരുഷനായ ഡോക്ടർ ഫൗസ്റ്റ് കഥകളിവേഷത്തിൽ അവതരിക്കുകയോ! വെള്ളക്കാരൻ സായ്പു് പച്ചവേഷംപൂണ്ടു രംഗത്തു വന്നു് ആടുകയോ! ഗോയ്‌ഥേയുടെ ഭാവന രൂപംകൊടുത്ത ആ ചിരന്തന കലാസൃഷ്ടി ആട്ടക്കഥയുടെ അംഗീകൃതശില്പത്തിലൂടെ രൂപം കൊള്ളുകയോ! ഇങ്ങനെ ആശ്ചര്യവും ജിജ്ഞാസയും കലർന്നുള്ള ചില ചിന്തകളാണു്, ഇവിടെ അവതരിപ്പിക്കാൻപോകുന്ന കൃതിയെക്കുറിച്ചു തൽക്കർത്താവു സംസാരിച്ചപ്പോൾ, എന്റെ മനസ്സിൽ പൊന്തിവന്നതു്.

മേൽസൂചിപ്പിച്ചപ്രകാരമുള്ള അത്ഭുതാശങ്കകളോടുകൂടെയാണു് ഞാൻ ഈ പുതിയ ആട്ടക്കഥ വായിക്കാൻ തുടങ്ങിയതു്. പക്ഷേ, വായന കുറേ പുരോഗമിച്ചപ്പോൾ ഞാൻ ശരിക്കും കഥകളിയുടെ അന്തരീക്ഷത്തിൽ ലയിച്ചുകഴിഞ്ഞു. ഇതിലെ കഥാതന്തു വൈദേശികമാണെന്ന കാര്യംതന്നെ ഏതാണ്ടു വിസ്മരിച്ചു. ഇടയ്ക്കിടെ എന്നെ അക്കാര്യം ഓർമ്മപ്പെടുത്തിയതു് ഫൗസ്റ്റ്, ലൂസിഫർ, മെഫിസ്റ്റഫിലിസ്, മാർഗ്ഗററ്റ് എന്നീ പേരുകൾ മാത്രമാണു്. രൂപത്തിലും ഭാവത്തിലും അത്രത്തോളം ഈ നവീനകൃതി ആട്ടക്കഥാശില്പവുമായി സാത്മ്യംപ്രാപിച്ചിരിക്കുന്നു. അങ്ങനെ യൂറോപ്പിൽ കുരുത്തുവളർന്ന ഒരു സാഹിത്യച്ചെടി കഥകളിയുടെ മണ്ണിൽ പറിച്ചുനട്ടപ്പോൾ, വാട്ടവും കോട്ടവുംതട്ടാതെ വേരുറച്ചു പച്ചപിടിച്ചു നില്ക്കുന്നു. എങ്ങനെ ഇതു സംഭവിച്ചു എന്നു നോക്കാം.

ഫൗസ്റ്റ്, ഫോസ്റ്റസ് എന്നീ പര്യായനാമധേയങ്ങൾ ഇന്നു ലോകമാകെ അറിയപ്പെടുന്നതു് ഗോയ്‌ഥേ, മാർലോവ് എന്നീ മഹാസാഹിത്യകാരന്മാർ രചിച്ചിട്ടുള്ള നാടകങ്ങളിലെ നായകന്മാരായിട്ടാണു്. ഈ പേരുകൾതന്നെ ആ നാടകങ്ങളുടെ പേരുകളുമാണു്. കേവലം സാങ്കല്പികമായ ഒരു കഥാപാത്രമല്ല ഫൗസ്റ്റ്. സാഹിത്യത്തിലെ ഫൗസ്റ്റിനു് അവലംബമായി ചരിത്രത്തിൽ ഒരു ഫൗസ്റ്റുണ്ടു്: 16—ാം ശതകത്തിൽ ജർമ്മനിയിൽ ജീവിച്ചിരുന്ന ഒരു ഐന്ദ്രജാലികൻ. അസാധാരണനായ ഈ മനുഷ്യനെക്കുറിച്ചു് 16—ാം ശതകത്തിൽത്തന്നെ എഴുതപ്പെട്ട പന്ത്രണ്ടോളം രേഖകൾ ഗവേഷകരുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്. അവയിൽ പലതും ഈ വ്യക്തിയോടു് ബഹുമാനം ദ്യോതിപ്പിക്കുന്നവയല്ല. ചെകുത്താന്റെ സഹായത്തോടു

കൂടി അലൗകികശക്തികൾ ആർജ്ജിക്കുകയും, അതിനു പ്രതിഫലമായി തന്റെ ആത്മാവിനെ അടിയറവയ്ക്കുകയുംചെയ്ത ഒരു ഐന്ദ്രജാലികനായിട്ടാണ് ഇദ്ദേഹത്തെ പലരും ചിത്രീകരിച്ചിട്ടുള്ളത്. 1509—ൽ ഹൈഡൽബർഗ് സർവ്വകലാശാലയിൽ നിന്ന് യോഹൻ ഫൗസ്റ്റ് എന്നൊരാൾ തത്വവിജ്ഞാനീയത്തിൽ ബിരുദം നേടിയതായി രേഖയുണ്ട്. ചരിത്രപുരുഷനായ ഫൗസ്റ്റ് അദ്ദേഹംതന്നെയായിരിക്കണം. യൂറോപ്യൻ നവോത്ഥാനത്തിന്റെ മൂർദ്ധന്യഘട്ടത്തിൽ, വൈജ്ഞാനികമണ്ഡലത്തിൽ അതികായനായി വിരാജിച്ച ഇദ്ദേഹത്തെ ചുററിപ്പററി പല കഥകളും അക്കാലത്തുതന്നെ പ്രചരിച്ചിരുന്നു. അങ്ങനെ ഐതിഹാസികമായ ഒരു പരിവേഷം ചൂടിയ ഒരപൂർവ്വവ്യക്തിയാണ് മാർലോവിന്റെയും ഗൊയ്ഥേയുടെയും നാടകങ്ങളുടെ ഇതിവൃത്തം രൂപപ്പെടുത്തുവാൻ പ്രേരകമായി വർത്തിച്ചത്.

ഈ കഥാപാത്രം കടലുകളും മലകളും താണ്ടി ഇന്ത്യയിൽ എത്തിയത് ഇംഗ്ലീഷ്ഭാഷമുഖേനയാണ്. ഈ കൊച്ചു കേരളത്തിലെ സഹൃദയരെ, അങ്ങകലെയുള്ള ഡോക്ടർ ഫൗസ്റ്റ് ആകർഷിക്കുന്നതെന്തുകൊണ്ട്? ജർമ്മനിലും ഇംഗ്ലീഷിലും എഴുതപ്പെട്ട പല കൃതികളും ഇന്ത്യയിലെ സഹൃദയരെ ആകർഷിക്കുന്നില്ല. അതുപോലെ സംസ്കൃതത്തിലും മററു ഭാരതീയഭാഷകളിലും എഴുതപ്പെട്ട പല കൃതികളും (മേന്മയേറിയതെന്നു നാം കരുതുന്നവയുൾപ്പെടെ) പാശ്ചാത്യരേയും ആകർഷിക്കുന്നില്ല. എന്നാൽ അവിടെയും ഇവിടെയുമുള്ള ചില കൃതികൾ, ദേശത്തിന്റെയും ഭാഷയുടെയും അതിർവരമ്പുകളെ അതിവർത്തിച്ച് എവിടേയും ചെന്നെത്തുന്നു; എവിടേയും ആദരിക്കപ്പെടുന്നു, താലോലിക്കപ്പെടുന്നു. എന്തുകൊണ്ട്? ആകാശത്തിലോ പ്രകൃതിയിലോ ഒരു വ്യക്തിയുടെ ശരിപ്പകർപ്പായി മറെറാരു വ്യക്തി ഇതേവരെ ഭൂമുഖത്തുണ്ടായിട്ടില്ല. എങ്കിൽത്തന്നെ കാലികവും ദേശപരവുമായ ചില ഗുണവിശേഷങ്ങൾ, ചില സമീപനങ്ങൾ, ചില താൽപര്യങ്ങൾ വ്യക്തികളെ സമൂഹങ്ങളായി വേർതിരിച്ചുനിറുത്തുന്നുമുണ്ട്. അങ്ങനെയുള്ള സമൂഹങ്ങളുടെ അഭിരുചികളിലും ആചാരസംസ്കാരാദികളിലും ചില സമാനസ്വഭാവങ്ങൾ കാണുകയും ചെയ്യും. ഇത്തരം സമൂഹങ്ങൾക്ക് അഭികാമ്യങ്ങളായി തോന്നുന്ന കൃതികളെല്ലാം എവിടെയും അതേപടി സ്വീകാര്യങ്ങളായിരിക്കണമെന്നില്ല. തന്മൂലമാണ് ക്ലാസ്സിക്കുകൾ രണ്ടു വിഭാഗങ്ങളായി തിരിയുന്നത്. ഒന്നു പ്രാദേശികക്ലാസ്സിക്കുകൾ (Regional Classics), മററതു ലോകക്ലാസ്സിക്കുകൾ (World Classics). വർഗ്ഗമോ ദേശമോ വിശ്വാസമോ സംസ്കാരമോ എന്തായിരുന്നാലും ഏതു മനുഷ്യ

ൻെറയും വികാരതന്ത്രികളെ ചലിപ്പിക്കുന്ന ചില രസങ്ങളും അനുഭൂതികളുമുണ്ട്. ഇത്തരം രസങ്ങളും അനുഭൂതികളും തുടിച്ചു നില്ക്കുന്ന കൃതികളാണ് ലോകക്ലാസ്സിക്കുകൾ. കാലത്തിനോ ദേശത്തിനോ ഒററപ്പെടുത്താൻ കഴിയാത്ത ഇത്തരം കൃതികൾ എന്നെങ്കിലും മൂലഭാഷയുടെ തോടു പൊട്ടിച്ചു പുറത്തേക്കു പോകാതിരിക്കുകയില്ല.

കാളിദാസന്റെ ശാകുന്തളം ഗോയ്ഥേയെ ആകർഷിച്ചുവെന്നല്ല, പിടിച്ചടക്കിയെന്നാണു പറയേണ്ടതു്. ശാകുന്തളത്തിൻെറ ഏററവും മർമ്മസ്പൃശിയായ ഒരു നിരൂപണം അദ്ദേഹത്തിന്റെ തൂലികയിൽനിന്നാണല്ലോ ലോകത്തിനു ലഭിച്ചിട്ടുള്ളതു്. പ്രകാശം ചൊരിയുന്ന അത്തരം ആസ്വാദനങ്ങൾ എഴുതാൻ കഴിയുന്നവർ അപൂർവ്വമാണെങ്കിലും, ലോകത്തിൻെറ ഏതു ഭാഗത്തും എക്കാലത്തും ശാകുന്തളം നാടകം ആസ്വദിക്കുന്നവർ ഉണ്ടായിരിക്കുമെന്നതിനു സംശയമില്ല. അതുപോലൊരു ക്ലാസ്സിക്കാണു് ഗോയ്ഥേയുടെ ഡോക്ടർ ഫൗസ്റ്റ്. അതിൻെറ ചൈതന്യതരംഗപരമ്പരകൾ സാഹിത്യസമ്പുഷ്ടങ്ങളായ ഭാഷകളിലെല്ലാം ചെന്നെത്തിയിട്ടുമുണ്ട്.

ഏഴാംവയസ്സിൽ കവിതയെഴുത്തു തുടങ്ങിയ ഗോയ്ഥേ (1749—1832) അനേകം കവിതകളും നാടകങ്ങളുംകൊണ്ടു ജർമ്മൻ സാഹിത്യത്തെ ധന്യമാക്കിയിട്ടുണ്ട്. ചിന്തകനും ദാർശനികനുമായ ഇദ്ദേഹത്തിൻെറ സ്വകാര്യജീവിതം വമ്പിച്ച വടംവലികളുടെ ഒരു രംഗമായിരുന്നു. ഇടയ്ക്കു കുറെക്കാലം അദ്ദേഹം മിസ്റ്റിസിസത്തിൻെറയും ഇന്ദ്രജാലത്തിൻെറയും ഉപാസകനായി കഴിഞ്ഞുകൂടി. ഇദ്ദേഹത്തിൻെറ ഹൃദയമണ്ഡലത്തിൽ പ്രക്ഷുബ്ധമായ കോളിളക്കങ്ങൾ സൃഷ്ടിച്ച പ്രണയബന്ധങ്ങൾ ചരിത്രവസ്തുതകളാണ്. ഗോയ്ഥേയുടെ പലതരം അനുഭവങ്ങൾ പല കൃതികളിലും നിഴലിച്ചുകാണുന്നു. എന്നാൽ തന്റെ ഏററവും പ്രശസ്തമായ 'ഡോക്ടർ ഫൗസ്റ്റ്' നാടകത്തിൽ, സ്വഹൃദയംതന്നെ ഗോയ്ഥേ പറിച്ചുവച്ചിരിക്കുന്നു എന്നാണു പറയേണ്ടതു്. അതായതു് ഫൗസ്റ്റിൻെറ വേഷം ധരിച്ചു രംഗത്തു വന്നിരിക്കുന്നതു് ഒരു വലിയ അളവിൽ ഗോയ്ഥേ തന്നെയാണ്. ദ്വന്ദ്വഭാവങ്ങളുടെ തീവ്രസംഘട്ടനങ്ങൾക്കു വിധേയമായിരുന്നു ഗോയ്ഥേയുടെ ഹൃദയം. ഇന്ദ്രിയവിധേയത്വവും ഇന്ദ്രിയനിഗ്രഹവും തമ്മിലും, യാഥാസ്ഥിതികത്വവും ഉല്പതിഷ്ണുത്വവും തമ്മിലും, വികാരജീവിയായ കലാകാരനും ദാർശനികനായ ചിന്തകനും തമ്മിലും ഉള്ള പോരാട്ടമാണ് അദ്ദേഹത്തിൻെറ ജീവിതത്തിൽ ഉടനീളം കാണുന്നതു്. ഈ വൈരുധ്യങ്ങളുടെ കടുത്ത വടംവലിയിൽനിന്നു മോചനം നേടുകയാണു് ഡോക്ടർ ഫൗസ്റ്റിൻെറ സൃഷ്ടിമൂലം അദ്ദേഹം സാധിച്ചിട്ടുള്ളതു്.

എല്ലാ മനുഷ്യരിലും സ്വർഗ്ഗത്തിൻെറയും നരകത്തിന്റെയും അംശങ്ങരം ഉണ്ടു്; അവതമ്മിലുള്ള സംഘഷ്വും. ധൈഷണിക മായും വൈകാരികമായും ഉയൎന്ന മേഖലയിൽ കഴിയുന്ന മനു ഷ്യരിൽ സ്വർഗ്ഗവും നരകവും കൂടുതൽ ശക്തിയോടും തെളിമ യോടും കാണുന്നതാണു്. ഇങ്ങനെയിരിക്കെ, സ്വർഗ്ഗവും നര കവും തമ്മിലുള്ള മത്സരം ഭൂമിയിലുള്ളവരെക്കൂടെ പങ്കാളിക ളാക്കി, അവിടെ കൊണ്ടുവന്നു പ്രദർശിപ്പിച്ചാൽ അതു കാണാൻ ആൎക്കാണു കൗതുകം തോന്നാത്തതു്! മഹത്തായ ഈ കൃതി ആൎക്കും ശ്രദ്ധേയമായും രസാവഹമായും തോന്നുന്നതു് ഈ മൂന്നു ലോകങ്ങളുടെ സമുചിതസന്നിവേശംകൊണ്ടാണു്. ശാകുന്തള ത്തിലെ സ്വർഗ്ഗവും നരകവും ഗോയ്ഥേതന്നെ ചതുരമായി എടുത്തുകാട്ടുന്നതു് ഈ ഘട്ടത്തിൽ സ്മരിക്കേണ്ടതാണു്.

കഥകളിയുടെ പരിനിഷ്ഠിതശില്പത്തിനു് ഏതു കഥയും ശരിക്കു യോജിക്കയില്ല. അടുത്തകാലത്തു നടന്ന പല പരീക്ഷ ണങ്ങളും പരാജയപ്പെട്ടുപോയതു് കഥകളിയുടെ ചട്ടക്കൂടിനു വിധേയമാകാത്ത കഥയും അതിനു പൊലിമകൊടുക്കാത്ത കഥാപാത്രങ്ങളും ഉപകരണങ്ങളാക്കിയതുകൊണ്ടാണു്. ആട്ട ക്കഥാസാഹിത്യം കവിതയുമല്ല നാടകവുമല്ല; രണ്ടും അതിൽ അനുപേക്ഷണീയമാണുതാനും. ആടുമ്പോരം രംഗത്തു ശോഭിക്കു ന്നുവെങ്കിൽ മാത്രമേ അതു ശരിക്കും ആട്ടക്കഥയാവുകയുള്ളു. രംഗപ്രയോഗത്തിനു് തെളിമയും പ്രൗഢിയും ഔജ്ജ്വല്യവും ഉണ്ടാവണമെങ്കിൽ കഥാതന്തുവിൽ സ്വർഗ്ഗവും നരകവും ഏതെ ങ്കിലും തരത്തിൽ കലരേണ്ടതാണു്. അവ ഭൂമിയുമായി ബന്ധ പ്പെട്ടിരിക്കുകയും വേണം. ഡോക്ടർ ഫൗസ്റ്റിൽ സ്വർഗ്ഗവും ഭൂമി യും പാതാളവും പശ്ചാത്തലമായി മരുവുന്നു. ഓരോ മണ്ഡല ത്തിനും ചേരുന്ന കഥാപാത്രങ്ങളിലൂടെ കഥ നാടകീയമായി വികസിപ്പിച്ചു മൂൎദ്ധന്യത്തിൽ എത്തിക്കുന്നതിൽ തൽക്കർത്താ വു ശ്രദ്ധിച്ചിട്ടുണ്ടു്. ഇത്തരമൊരു കഥാശില്പം തെരഞ്ഞെടുത്ത തിൽ പ്രൊഫസ്സർ അയ്യനം കൃഷ്ണക്കൈമരം കാണിച്ചിട്ടുള്ള കലാ ധൎമ്മമൎമ്മജ്ഞത തികച്ചും അഭിനന്ദനീയംതന്നെ.

എങ്കിൽത്തന്നെയും ഗോയ്ഥേയുടെ നാടകം ആട്ടക്കഥ യുടെ ദൃഢമായ മൂശയിൽ അനായാസേന ലയിക്കുകയില്ല. പ്രസ്തുതനാടകമാണു് പ്രധാനാവലംബമായി ശ്രീ കൈമരം സ്വീകരിച്ചിരിക്കുന്നതെങ്കിലും, അദ്ദേഹം അതിൽ ചില ഭേദ ഗതികരം വരുത്തുകയും മററുചില അംശങ്ങരം ചേൎക്കുകയും ചെയ്തിട്ടുണ്ടു്. പുതിയ അംശങ്ങരം പ്രായേണ സ്വീകരിച്ചിരി ക്കുന്നതു മാർലോവിന്റെ നാടകത്തിൽനിന്നുമാണു്. നല്ല ത്യാ ജ്യഗ്രാഹ്യവിവേചനത്തോടെ സ്വീകരിച്ചിട്ടുള്ള കഥാംശങ്ങരം

ഗ്രന്ഥകാരൻ ശരിക്കും സ്വഭാവനയിൽ ഉരുക്കി കഥകളിയുടെ മൂശയിൽ ഒഴിച്ചു വാർത്തെടുത്തതാണു് ഈ ശില്പം; എങ്ങനെയോ തല്ലിക്കൂട്ടിയതല്ല എന്നർത്ഥം. ഈ ശില്പനിർമ്മാണത്തിൽ അദ്ദേഹത്തിന്റെ മനോധർമ്മം എങ്ങനെയൊക്കെയാണു വ്യാപരിച്ചതെന്നറിയണമെങ്കിൽ ഇതിലെ 'പ്രവേശകം' ശ്രദ്ധിച്ചു വായിച്ചാൽ മതി.

ഈ ആട്ടക്കഥയിലെ ശ്ലോകങ്ങളും പദങ്ങളും വായിച്ചു കൊണ്ടിരുന്നപ്പോൾ, ഉണ്ണായിവാര്യരുടെ ഒരന്തേവാസിയാണോ ഇതു രചിച്ചതു് എന്നു ഞാൻ സന്ദേഹിച്ചുപോയി. ശൈലിയിലും ശയ്യയിലും, പദഘടനയിലും പാകത്തിലും, ഗാനതാളാദികളിലും ഈ കൃതിക്കു് നളചരിതവുമായി അത്യ്ധികം സാമ്യമുണ്ടു്. വളരെനാളത്തെ പഠനത്തിന്റെയും ആസ്വാദനത്തിന്റെയും ഫലമായി കഥകളിസാഹിത്യവുമായി ഇഴുകിച്ചേർന്ന ഒരു മേധസ്സു മാത്രമേ ഇത്തരമൊരു കൃതി രചിക്കാൻ കഴിയുകയുള്ളു.

ഉദാഹരണത്തിനു് ഒരു ശ്ലോകവും ദണ്ഡകത്തിലെ ഒരു ഭാഗവും ഉദ്ധരിക്കാം:

പ്രോതിധിനാഥനുടെ കല്പനകേട്ടു ഫോസ്റ്റിൻ
ശ്രീതാവിടും ഗൃഹമണഞ്ഞ പിശാചദൂതൻ
പ്രീതാന്തരംഗനഥ കൗശലചിന്തയോടും
ജാതാഭിമാനമവിടെ സരസം കഴിച്ചു. (പു. 39)

ഫൗസ്റ്റും മെഫിസ്റ്റഫിലിസും മൈത്രീബന്ധം ഉറപ്പിച്ചു് സഞ്ചാരത്തിനു തയ്യാറെടുക്കുമ്പോൾ, ഇളകിയാട്ടത്തിനു യോജിച്ച ഒരു ദണ്ഡകമുണ്ടു്. അതിലെ രണ്ടു ഖണ്ഡങ്ങളാണു താഴെ ചേർക്കുന്നതു്:

ഭാഗ്യം തനിക്കധികയോഗ്യം നിനച്ചവനു-
മാഹന്ത തത്ര വിഹരിച്ചു,
ഗൃഹമഥ ത്യജിച്ചു
രതിരസമുദിച്ചു
ഭോഗമതിലതിബഹുലരുചിപെരുകി-
യവനുമുടനോരോ രസാത്മകത തേടീ!
മദ്യം കുടിച്ചധികമത്തും പിടിച്ചു ജനമത്യന്ത-
മോദമഥ കൂട്ടീ,
പല വികൃതി കാട്ടീ,
കലഹമഥ കൂട്ടീ,
മാന്ത്രികവരനുടയ മന്ത്രവലയുതിലൊതുങ്ങി
യന്ത്രവരഭാവമവരാന്നു. (പു. 45)

പ്രൊഫസ്സർ കൈമളുടെ ഈ ആട്ടക്കഥ മേന്മയേറിയ ഒരു സാഹിത്യകൃതിയായി സഹൃദയന്മാർ സ്വീകരിക്കുമെന്നു് ഉറപ്പിച്ചു പറയാവുന്നതാണു്. ഇതിൻെറ രംഗപ്രയോഗാർഹതയാകട്ടെ, പ്രശസ്ത കഥകളിനടനായ ശ്രീ മാങ്കുളം വിഷ്ണുനമ്പൂതിരിയുടെയും പല പത്രനിരൂപകരുടെയും പ്രശംസയ്ക്കു പാത്രമായിട്ടുമുണ്ടു്. അങ്ങനെ പരീക്ഷണഘട്ടം വിജയപൂർവ്വം തരണം ചെയ്ത ഈ നവീനകൃതിയുടെ പ്രണേതാവിനെ വീണ്ടും അഭിനന്ദിച്ചുകൊണ്ടു ഞാൻ തിരശ്ശീല നീക്കുകയാണു്.

8-12-1978

ഡോ. കെ. എം. ജോർജ്ജ്

# ആമുഖം

ഇക്കഴിഞ്ഞ ദശകങ്ങളിൽ പ്രത്യക്ഷപ്പെട്ട ആട്ടക്കഥക ളിൽ പലതിനെയും ഗതാനുഗതികത്വത്തിൻെറ സന്തതികളെ ന്നാണു് നിരൂപകർ വിശേഷിപ്പിച്ചതു്. കാരണമെന്തായാ ലും, അവയ്ക്കു സഹൃദയരുടെ സാർവ്വത്രികമായ അംഗീകാരം ലഭി ക്കുകയുണ്ടായില്ല. ഈ വസ്തുത അറിഞ്ഞുകൊണ്ടു് ഇപ്രകാര മൊരു പുതിയ സംരംഭത്തിനു മുതിർന്നതിന്റെ ഉദ്ദേശ്യമെന്തെന്നു ചോദിച്ചേക്കാം.

"തൽഗുണൈഃ കർണ്ണമാഗത്യ
ചാപലായ പ്രചോദിതഃ"

എന്നു കാളിദാസൻ പറഞ്ഞതുപോലെ, ഗോയ്ഥേയുടെ ഫൗസ്റ്റ് നാടകത്തിൽ ഒത്തിണങ്ങിക്കണ്ട ദൃശ്യകലാപരമായ ഗുണങ്ങൾ എന്നെയും ഈ സാഹസത്തിനു പ്രേരിപ്പിച്ചു. ആ വിശ്വസാഹിത്യകൃതി രൂപത്തിലും ഭാവത്തിലും കഥകളി യുടെ കലാതത്വങ്ങൾക്കും നമ്മുടെ പൗരാണികസങ്കല്പങ്ങൾക്കും അത്യന്തം അനുഗുണമായി എനിക്കു തോന്നി. ഒരാട്ടക്കഥയുടെ രൂപശില്പവുമായി ഇണങ്ങിച്ചേരുവാനുള്ള യോഗ്യത ഫൗസ്റ്റി ന്റെ ആത്മസാക്ഷാൽക്കാരകഥയ്ക്കു് സഹജമായിത്തന്നെയുണ്ടു്. ആംഗ്ലേയകവിയായ മാർലോയുടെ നാടകത്തിൽനിന്നും ചില വസ്തുതകൾ കൂട്ടിച്ചേർത്തപ്പോൾ കഥാഗാത്രം ലക്ഷണപൂർണ്ണത കൈവരിക്കുകയുംചെയ്തു. രണ്ടു കൃതികളിലേയും ആശയങ്ങൾ ഇണക്കിച്ചേർത്തു് ഒരാട്ടക്കഥയ്ക്കു രൂപരേഖ തയ്യാറാക്കി. പ്രഗ ല്ഭന്മാരായ കലാകാരന്മാരെ പങ്കെടുപ്പിച്ചു് അതു രംഗത്തവ തരിപ്പിച്ചു. കേരളത്തിലും ബോംബെയിലുമുള്ള പല സംസ്കാ രകേന്ദ്രങ്ങളിൽ ആട്ടക്കഥ അവതരിപ്പിച്ച സന്ദർഭങ്ങളിലെ ല്ലാം സഹൃദയരായ പ്രേക്ഷകരിൽനിന്നും പത്രങ്ങളിൽനിന്നും പ്രോത്സാഹനപരമായ നല്ല പ്രതികരണമാണു ലഭിച്ചതു്. അതോടെ പ്രസ്തുത കൃതി അച്ചടിച്ചു പ്രസിദ്ധീകരിക്കുവാനുള്ള ധൈര്യം എനിക്കുണ്ടായി.

ഇതിവൃത്തത്തിൻെറ മഹിമ എൻെറ ശ്രദ്ധയിൽപ്പെടു ത്തിയ യശശ്ശരീരനായ ഡോക്ടർ എൻ. ജി. കുറുപ്പിനോടും

ആട്ടക്കഥയുടെ രചനയിൽ എന്നെ സഹായിച്ച ഡോക്ടർ കെ. പി. കേശവൻനമ്പൂതിരി, സാഹിത്യരത്നം കെ. എസ്. നീലകണ്ഠനുണ്ണി എന്നിവരോടും എനിക്കുള്ള കൃതജ്ഞത വാഗതീതമാണ്. ഈ ദൃശ്യകാവ്യം രംഗത്തു വിജയപൂർവ്വം അവതരിപ്പിച്ച നടന്മാരോടും ശബ്ദങ്ങൾക്കു സംഗീതസുഖം നല്കിയ ഗായകരോടും എനിക്കുള്ള നന്ദി ഈ അവസരത്തിൽ പ്രകാശിപ്പിക്കട്ടെ. പ്രൗഢഗംഭീരമായ ഒരവതാരികകൊണ്ടു് ഈ കൃതിയെ അലങ്കരിച്ച ഡോക്ടർ കെ. എം. ജോർജ്, സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിൽ ഒരഭിപ്രായം രേഖപ്പെടുത്തിയ കലാരത്നം മാങ്കുളം വിഷ്ണുനമ്പൂതിരി എന്നിവരും എന്റെ ആരാധനയ്ക്കു പാത്രങ്ങളാണ്. ഏതാദൃശസംരംഭങ്ങളിൽ എന്നെ അനുഗ്രഹിക്കാറുള്ള ആസ്വാദകരായ എന്റെ സുഹൃത്തുക്കൾക്കു് ഞാൻ ഈ കൃതി സവിനയം സമർപ്പിക്കട്ടെ!

**അയ്മനം**
25–1–1979

**അയ്മനം കൃഷ്ണക്കൈമൾ**

# പ്രവേശകം

കാലദേശാദി പരിധികളെ ഉല്ലംഘിക്കുന്ന മഹദ്സന്ദേശങ്ങൾ
ലോകത്തിനു സംഭാവന ചെയ്തിട്ടുള്ള അനുഗൃഹീത കവികൾ മാത്രമെ
വിശ്വമഹാകവികളെന്നു വിശേഷിപ്പിക്കപ്പെടാറുള്ളു. ഏതാദൃശ
കവിശ്രേഷ്ഠന്മാരെ വെറും വ്യക്തികളായി കരുതിയാൽ പോരാ.
അവർ ലോകത്തിനു് ഉൽകൃഷ്ട സന്ദേശങ്ങൾ പ്രദാനം ചെയ്തിട്ടുള്ള
പ്രവാചകന്മാരാണു്. ജനിച്ചതും പ്രവർത്തിച്ചതും ഏതു ദേശത്തായാ
ലും അവർ പ്രചരിപ്പിച്ച ആശയങ്ങൾ ലോക ജനതയ്ക്കു് മുതൽക്കൂട്ടാ
യിരിക്കും. ഈ മാനദണ്ഡമുപയോഗിച്ചു നോക്കുമ്പോൾ 'ഡോക്ടർ
ഫൗസ്റ്റ്' എന്ന അനശ്വര നാടകത്തിന്റെ കർത്താവായ ഗോയ്ഥേ,
വാല്മീകി, വ്യാസൻ, കാളിദാസൻ, ഹോമർ, ഷേക്സ്പീയർ,
ദാന്തേ തുടങ്ങിയ വിശ്വമഹാകവികളുടെ ഗണനാപ്രസംഗത്തിൽ
ശ്രദ്ധേയനായിത്തീരുന്നു. നിർവ്വചനങ്ങൾക്കും വിശകലനങ്ങൾക്കും
അതീതമായ പല മൂല്യങ്ങളും അദ്ദേഹത്തിന്റെ ഫൗസ്റ്റു നാടക
ത്തിൽ അടങ്ങിയിട്ടുണ്ടു്. സാർവ്വദേശീയങ്ങളായ വിശിഷ്ടാശയ
ങ്ങളും അനുഭൂതി വിശേഷങ്ങളുമാണു് പ്രസ്തുത കൃതിയെ വിശ്വസാ
ഹിത്യ പദവിയിലേക്കുയർത്തുന്നതു്.

വിശ്വസാഹിത്യമെന്ന സങ്കല്പത്തിനു് ഗോയ്ഥേ നൽകിയി
ട്ടുള്ള വിശദീകരണം ശ്രദ്ധേയമാണു്. സാഹിത്യകൃതികളിലൂടെ
ആവിഷ്കൃതമാകുന്ന ആശയം സാർവ്വദേശീയത്വം (Internationalism)
എന്ന സിദ്ധാന്തത്തിൽ അധിഷ്ഠിതമായിരിക്കണം. പ്രാദേശിക
സ്വഭാവമുള്ള വികാരങ്ങളേയും വിചാരങ്ങളെയും വീക്ഷണങ്ങളെയും
ഉല്ലംഘിക്കുന്ന സാർവ്വജനീന സ്വഭാവം സാഹിത്യകൃതികൾക്കുണ്ടാ
യിരിക്കണമെന്നും അത്തരം കൃതികൾ തർജ്ജമകളിലൂടെയും മററും
എല്ലാ ഭാഷക്കാരും മനസ്സിലാക്കേണ്ടതാണെന്നും അദ്ദേഹം സിദ്ധാ
ന്തിച്ചു. മനുഷ്യരാശിയെ ഒന്നായി കാണുകയെന്നതായിരുന്നു
ഗോയ്ഥേയുടെ ആദർശം. അദ്ദേഹത്തിന്റെ സാഹിത്യജീവിത
ത്തിലെ ഓരോ നിമിഷത്തിലും സാർവ്വലൗകിക പ്രസക്തിയുള്ള
ഒരനുഭൂതി അന്തർഭവിച്ചിരുന്നു. സ്വച്ഛതയ്ക്കും പൂർണ്ണതയ്ക്കും വേണ്ടി വെ
മ്പുന്ന ഏതൊരു മനുഷ്യനും മാർഗ്ഗദർശകമായ ഒരു സിദ്ധാന്തം അവ
വെളിപ്പെടുത്താതിരുന്നിട്ടില്ല.

## കവിയും കാവ്യവും

ഗോയ്ഥേ തന്നെ വൈരുദ്ധ്യങ്ങളുടെ ഒരു സമാഹാരമാണ്. വിലക്ഷണസ്വഭാവത്തോടുകൂടിയ വ്യക്തിത്വത്തിന്റെ ഉടമയാണ് അദ്ദേഹം. മിക്ക മനുഷ്യരും സാഹചര്യങ്ങളുടെ സൃഷ്ടിയാണെങ്കിൽ ഗോയ്ഥേ സ്വന്തം സൃഷ്ടി തന്നെയാണ്. രണ്ടു വിരുദ്ധ ശക്തികളുടെ സമ്മിളിത രൂപമായിരുന്നു അദ്ദേഹത്തിന്റെ ഹൃദയം. ''ഇന്ദ്രിയ വിധേയത്വം ഒരു വശത്ത്; അതീന്ദ്രിയത്വത്തിലേക്ക് പറന്നു ചെല്ലാനുള്ള വ്യഗ്രത മറുവശത്ത്. സന്മാർഗ്ഗനിയമങ്ങളോടുള്ള പുച്ഛം ഒരുവശത്ത്; അവയെ പാലിക്കുവാനുള്ള ആവേശം മറുവശത്ത്. സാധാരണക്കാരന്റെ ജീവിതനിലവാരം ഉയർത്തുവാനുള്ള ആഗ്രഹം ഉള്ളിന്റെ ഉള്ളിൽ; യാഥാസ്ഥിതികത്വം പുറത്ത്. ഇന്നു മതത്തിൽ വിശ്വസിക്കും; നാളെ സംശയാലുവായിരിക്കും. വിശാലമായ മനുഷ്യസ്നേഹം ഒരു വശത്ത്; മാനുഷിക ബന്ധങ്ങളിൽ നിന്നു പലായനം ചെയ്യാനുള്ള വാസന മറുവശത്ത്. ചിന്തകനും അപഗ്രഥനപടുവുമായ ശാസ്ത്രജ്ഞനാണ്, പക്ഷേ, വികാര ജീവിയായ കലാകാരനുമാണ്. ദ്വന്ദ്വങ്ങൾ തമ്മിലുള്ള അവിരാമമായ ഈ സംഘട്ടനമാണ് അദ്ദേഹത്തിന്റെ കൃതികൾക്കു ശാശ്വതികത്വം നല്കുന്നത്. നരവംശം നിലനില്ക്കുന്ന കാലത്തോളം അത്തരം സംഘട്ടനവും നിലനില്ക്കും. ദ്വന്ദ്വങ്ങളുടെ സംഘട്ടനത്തിലൂടെ ശാശ്വതശാന്തി (മോചനം) നേടുക—അതാണ് ഓരോ മനുഷ്യന്റെയും ലക്ഷ്യം. കലാകാരനായ ഗോയ്ഥേ ആ ലക്ഷ്യത്തിലെത്തുന്നുണ്ടെന്നു ''ഡോക്ടർ ഫൗസ്റ്റ് തെളിയിക്കുന്നു''[1] സ്വർഗ്ഗം ഭൂമി പാതാളം ഇവ ഉൾപ്പെടുന്ന സമസ്ത പ്രപഞ്ചത്തേയും രംഗ പശ്ചാത്തലമാക്കി ദേവൻ മുതൽ പിശാചുവരെയുള്ള സർവ്വതരക്കാരെയും കഥാപാത്രങ്ങളാക്കി ആദിമദ്ധ്യാന്തഘടനയോടെ ഇത്ര വ്യാപകമായ തോതിൽ ആസൂത്രണം ചെയ്തവതരിപ്പിക്കപ്പെട്ടിട്ടുള്ള ഒരു ജീവിത മഹാനാടകം ലോക സാഹിത്യത്തിൽ വേറെയുണ്ടായിട്ടുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. തീവ്ര വികാരങ്ങളാകുന്ന തരംഗമാലകളും അനർഘങ്ങളായ ആശയരത്നങ്ങളും ഉൾക്കൊണ്ടിരിക്കുന്ന ഒരു മഹാരത്നാകരം തന്നെയാണ് ഫൗസ്ററു നാടകം.

## പ്രമേയ മഹത്വം

ഈശ്വരമഹത്വ പ്രകാശനപരമായ ഒരുൽകൃഷ്ടപ്രമേയം ഈ കൃതി ഉൾക്കൊള്ളുന്നു. പ്രേതശക്തിയും ദൈവീക ശക്തിയും തമ്മിലുള്ള സംഘട്ടനത്തിൽ പിശാചുക്കളുടെ പരാജയവും ദൈവീകശക്തിയുടെ ആത്യന്തിക വിജയവുമാണ് കാവ്യത്തിലുൽഘോഷിക്കപ്പെട്ടിരിക്കുന്നത്. മുന്നേറാൻ ശ്രമിക്കുകയും ആ ശ്രമത്തിൽ പിഴകൾ ചെ

1 വിശ്വവിജ്ഞാന കോശം Vol. V P. 552

സ്സപോകയും ഒടുവിൽ വിധിയെ അതിജീവിച്ച് മോക്ഷം പ്രാപി ക്കുകയും ചെയ്യുന്ന ഒരു മനുഷ്യൻെറ കഥയെന്ന നിലയിൽ ഈ നാ ടകത്തിനു് ഒരു വേദ ഗ്രന്ഥത്തിൻെറ പവിത്രത തന്നെ കൽപ്പിക്ക പ്പെടുന്നുണ്ടു്. ഐതിഹ്യങ്ങളിലെ കഥാപുരുഷനെ ഗോയ്ഥെ ത ൻെറ ലക്ഷ്യങ്ങൾക്കനുരൂപമായ ഒരു കഥാപാത്രമാക്കിത്തീർത്തു. ഫൗസ്റ്റ് ദൈവഹിതപ്രകാരം പിശാചിൻെറ പരീക്ഷണങ്ങൾക്ക് വിധേയനാകുന്നെങ്കിലും ഭക്തവത്സലനായ ദൈവം അയാളെ കൈ വെടിയുന്നില്ല. കുറേനാൾ ദുഷ്ക്കർമ്മ നിരതനായിക്കഴിഞ്ഞെങ്കി ലും ഒടുവിൽ ദൈവകാരുണ്യം കൊണ്ടു് അയാൾക്ക് സ്വർഗ്ഗപ്രാപ്തി ലഭിക്കുന്നു.

ഈ സന്ദർഭത്തിൽ നാടകത്തിൻെറ വൈദിക പശ്ചാത്തലം കൂടി ശ്രദ്ധിക്കേണ്ടതുണ്ട്. സൃഷ്ടി സ്ഥിതി സംഹാര കർത്താവായ ഈശ്വരനും ഈശ്വരനെ ധിക്കരിക്കുന്ന സാത്താനും തമ്മിൽ നിരന്തര മായ പോരാട്ടം നടക്കുന്നു എന്നാണു് ക്രൈസ്തവപുരാണം[2]. ആ പോ രാട്ടത്തിൻെറ രംഗം മനുഷ്യരുടെ ലോകം തന്നെ. ഈ പൗരാണിക വിശ്വാസത്തിൻെറ പ്രതീകമായി കല്പിച്ചിട്ടുള്ള ഒരു കഥാപാത്രമാ ണു് നാടകത്തിലെ നായകനായ ഫൗസ്ററു്. എല്ലാത്തരം അറിവും നേടി ഈശ്വരനോളം വളരാൻ മനുഷ്യനു കഴിയണമെന്നാണു് വെച്ചി ട്ടുള്ളതു്. എന്നാൽ മനുഷ്യൻ സാത്താൻെറ നിരന്തരമായ പ്രേരണ കൾക്ക് ഇരയായിപ്പോയാൽ അധഃപതിച്ചേക്കും. ഫൗസ്റ്റിനെ കല്പി ച്ചിട്ടുള്ളതു് അറിവിൻെറയും നെറിവിൻെറയും ഉച്ചകോടിയിലെ ത്താൻ കിണഞ്ഞുത്സാഹിക്കുന്ന ഒരസാമാന്യ മനുഷ്യനായിട്ടാണു്. ഏറെക്കാലം പരിശ്രമിച്ചിട്ടും ഉദ്ദേശിച്ചത്ര ജ്ഞാനവാനാവാൻ കഴിയാതെ ഇടറുമ്പു് അയാൾ സാത്താൻെറ പ്രേരണകൾക്ക് വശപ്പെ ട്ടുപോകുന്നു. പരമ്പരാഗത വിശ്വാസങ്ങളും പുതിയ വിജ്ഞാനങ്ങ ളും തമ്മിൽ ഉഗ്രമായൊരു സംഘട്ടനം നടന്നതിൻെറ ഫലമായി വി ദഗ്ദ്ധജനങ്ങൾക്കനുഭവപ്പെട്ട മാനസികാസ്വാസ്ഥ്യത്തിൻെറ ചിത്രം ഫൗസ്റ്റിലൂടെ കാണാം''[3] അന്നത്തെ സാഹിത്യകൃതികൾ പലതിലും

---

2 ദൈവത്തെയും സാത്താനെയും പററിയുള്ള ഹീബ്രൂ ഇതിഹാസം

"ദൈവ തുല്യ പ്രഭാവനായ ചെകുത്താൻ ദൈവത്തിനെതിരെ ഒരു വിപ്ലവം ആരംഭിച്ചു. ചെകുത്താനെ ദൈവം സ്വർഗ്ഗത്തു നിന്നെടുത്തെറിഞ്ഞു. മി ന്നൽ പിണർ പോലെ ആ ഉഗ്രമൂർത്തി തിളയ്ക്കുന്ന കടലിൽ പതിച്ചു. ചെകുത്താ ൻെറ പ്രതികാരം അന്നുമുതൽ തുടങ്ങി. ദൈവപുത്രന്മാരായ മനുഷ്യർ ചെകുത്താ ൻെറ ലക്ഷ്യമായി. പാമ്പായിട്ടു വന്നു് മനുഷ്യനിൽ ലൈംഗിക വാസന കൊളുത്തി. ദുരുപദേശം നൽകി ഹവ്വയെക്കൊണ്ടു് വിലക്കപ്പെട്ട കനി തീററി. മനുഷ്യൻെറ ആത്മാവു് ദൈവത്തിൽ നിന്നും അകററി തനിക്കധീനമാക്കുന്ന നിര ന്തരയജ്ഞത്തിനു് ചെകുത്താൻ പല ഏജൻറന്മാരെയും നിയോഗിച്ചു. അവ രിൽ പ്രധാനിയാണു് മെഫിസ്റ്റോഫിലിസ്''.

3 മുണ്ടശ്ശേരി– ഫൗസ്റ്റ് കാവ്യനാടകം –അവതാരിക p. 2

മേൽവിവരിച്ച ക്രിസ്തീയ വിശ്വാസത്തിൻെറ പ്രതിഫലനം കാണപ്പെട്ടിരുന്നു. മതനിഷേധവും പിശാചുമായുള്ള ബന്ധവും ശിക്ഷാർഹങ്ങളാണെന്നുള്ള വിശ്വാസം നിലവിലിരുന്നിട്ടും ഗോയ്ഥെ ''വ്യക്തിയാരാകാലുമുന്നതി നേടുകിൽ മുക്തിയർഹിക്കുന്നതാ മനുഷ്യൻ തന്നെ'' എന്ന സിദ്ധാന്തത്തെ സാധൂകരിയ്ക്കാനാണ് ശ്രമിച്ചതു്. പഴയമത വിശ്വാസത്തെ ഉല്ലംഘിക്കുന്നതിലൂടെ ഫൗസ്റ്റ് കാവ്യം വിജയം വരിക്കുന്നു. അധ:പതനത്തിൻെറ അഗാധ ഗർത്തത്തിലാണ്ടുപോയെങ്കിലും ഫൗസ്റ്റിൻെറ ലക്ഷ്യം ഉന്നതിനേടുകയെന്നതു തന്നെയായിരുന്നു. ഉദ്ദേശ ശുദ്ധിയുടെ പേരിലാണ് അയാറംക്ക് ഈശ്വരാനുഗ്രഹം സിദ്ധിക്കുന്നതും അയാളുടെ ആത്മാവിനു് അമരത്വം ലഭിക്കുന്നതും.

മനുഷ്യ പുരോഗതിയുടെ കഥയെന്നതുപോലെതന്നെ ഫൗസ്ററു നാടകം ഒരു സ്നേഹഗീത കൂടിയാണ്. ഉത്കൃഷ്ട സ്നേഹത്തിൻെറ പ്രതീകമാണ് സ്ത്രീയെന്ന് കഥാനായികയായ മാർഗ്ഗരററ് തെളിയിക്കുന്നുണ്ട്. അധ:പതിച്ചുപോയ നായകനെ ഔന്നത്യത്തിലേക്കുയർത്തുന്നതും അവളുടെ സ്നേഹാതിരേകം തന്നെ. ''മണ്ണിലും വിണ്ണിലും സ്നേഹമൊന്നുമാത്രമാണ് മനുഷ്യനെ സമുദ്ധരിക്കുന്നതും അവനു ശാന്തി നൽകുന്നതുമായ ശക്തി. ഒരു പുരുഷൻ ആ ചൈതന്യ വിശേഷത്തെ ദർശിക്കുന്നതു സ്ത്രീയിലാണ്. പക്ഷേ സ്ത്രീയിൽ കാണുന്ന സ്നേഹം എത്രമാത്രം പരിശുദ്ധമായാലും അതു് ദിവ്യവും അനന്തവുമായ സ്നേഹത്തിൻെറ ഒരു നിഴൽ മാത്രമാണല്ലോ. ലൗകിക ജീവിതത്തിൻെറ തുടർച്ചയായ ദിവ്യജീവിതത്തിലേയ്ക്കു മനുഷ്യൻ ഉയരുമ്പോഴാണ് സ്നേഹത്തിൻെറ പൂർണ്ണരൂപം അവൻെറ ആത്മാവു ദർശിക്കുന്നതു്. സ്ത്രീയിലൂടെ പ്രസരിക്കുന്ന സ്നേഹമാണ് മനുഷ്യനെ ഉന്നതിയിലേക്കു നയിക്കുന്നതു്''[4] ഫൗസ്ററു നാടകത്തിലെന്നപോലെ ശാകുന്തളം നളചരിതം തുടങ്ങിയ ഭാരതത്തിലെ അനശ്വര സാഹിത്യകൃതികളിലും സ്നേഹശക്തിയുടെ മാഹാത്മ്യമാണ് വാഴ്ത്തപ്പെട്ടിട്ടുള്ളതു്. നായികയുടെ സ്നേഹാധിക്യവും ത്യാഗവും നായകൻെറ ഉന്നമനത്തിനുകൂടി കാരണമാകുന്നതായി ആ കാവ്യങ്ങളും തെളിയിക്കുന്നുണ്ട്. ഫൗസ്ററു നാടകത്തിലെ നായികയായ മാർഗ്ഗരററിൻെറ നിഷ്കളങ്കവും ത്യാഗോജ്ജ്വലവുമായ സ്നേഹവായ്പിലൂടെയാണ് നായകൻ അനന്തമായ സ്നേഹസാമ്രാജ്യത്തിലെത്തിച്ചേരുന്നതു്. സ്നേഹത്തിൻെറ പ്രഭാവം പ്രകീർത്തിക്കുന്ന ഒരു ഗാനത്തോടെ നാടകം സമാപിക്കുകയും ചെയ്യുന്നു.

## സിദ്ധാന്തപരമായ ഐക്യബന്ധം

സ്വർഗ്ഗനരകങ്ങറം, പുണ്യപാപങ്ങറം, ദേവപ്രേതശക്തികറം, ഐഹിക പാരത്രിക ബന്ധങ്ങറം തുടങ്ങിയ സംഗതികളിലെല്ലാം ഏറെക്കുറെ ഭാരതീയ സിദ്ധാന്തങ്ങളോടു് ഇണങ്ങിപ്പോകുന്നവരാ

---

4 ഫൗസ്റ്റ് കഥയും പൊരുളും P. 127 E M J വെണ്ണിയൂർ

ണു് ജർമ്മൻകാർ. ഇതര പാശ്ചാത്യ രാജ്യക്കാരേക്കാരം ഇവർ സാംസ്ക്കാരികമായി ഭാരതീയരോട്ട കൂടുതൽ ബന്ധപ്പെടുന്നുണ്ടു്. ഈ ഐക്യബന്ധം അവരുടെ സാഹിത്യകൃതികളിൽ തെളിഞ്ഞു കാണാം. ജീവിതത്തെ ശുഭാപ്തിവിശ്വാസത്തോടെ, സ്ഥിരീകരണ പ്രവണമായ മനോഭാവത്തോടെ സമീപിക്കുവാൻ ഭാരതീയ ജാമ്മനിക തത്വസംഹിതകളും ഒരുപോലെ അനുശാസിക്കുന്നു. ഭൗതിക ജീവിതത്തിൽ മുന്നിട്ടു നിൽക്കുന്ന സുഖഭോഗാദികളെ ഇകഴ്ത്തുന്ന ഒരു ചിന്താഗതിയാണു് നമ്മിൽ ഒളിഞ്ഞുകിടക്കുന്നതു്. ''ബ്രഹ്മ സത്യം ജഗന്മിഥ്യാ'' എന്ന സിദ്ധാന്തം തന്നെ ഈ വിശ്വാസത്തിന്റെപ്രഖ്യാപനമാണു്. മായയെന്നും, ഭാഗ്യമെന്നും, വിധിയെന്നും മറ്റും വിശേഷിപ്പിക്കപ്പെടുന്ന മനുഷ്യാതീതമായ ഏതോ ഒരു ശക്തിയിൽ നാം വിശ്വസിക്കുന്നു. ജർമ്മൻകാരുടെ ആത്മീയ പാരമ്പര്യവും ഇതിനു സമാനമത്രേ! അവരുടെ തത്വസംഹിത ശ്രീ ശങ്കരന്റെ അദ്വൈത സിദ്ധാന്തത്തോടു് ഏറെക്കുറെ സാദൃശ്യം പുലർത്തുന്നു. നി:സംഗത്തിനും, നിർമ്മോഹത്തിനും, മുക്തിക്കും മാത്രമായി ജീവിതം ഉഴിഞ്ഞുവച്ചവരായിരുന്നു ഭാരതീയർ. എന്നാൽ പാശ്ചാത്യരിൽ പലരും നിർമ്മോഹത്തിലും നി:സംഗത്തിലും വിശ്വസിക്കുന്നവരല്ല. ഗോയ്ഥെ, ആത്മീയതയെ വിഗണിക്കാതെ തന്നെ ജീവിതത്തെ വികസിപ്പിക്കുവാൻ കഴിയുമെന്നു് നമ്മെ ഉദ്ബോധിപ്പിക്കുന്നു. അദ്ദേഹം ആത്മാവിന്റെ രൂപാന്തരത്തിൽ വിശ്വസിച്ചിരുന്നു—മറെറാരു രീതിയിൽ പറഞ്ഞാൽ പുനർജ്ജന്മത്തിൽ. പക്ഷേ മതം ഉദ്ഘോഷിക്കുന്ന രൂപാന്തരത്തിനും ഗോയ്ഥെയുടെ ആത്മ രൂപാന്തരത്തിനും തമ്മിൽ വ്യത്യാസമുണ്ടു്. കാര്യകാരണ വിചാരണയിൽ അധിഷ്ഠിതമാണു് ഗോയ്ഥെയുടെ അനുമാനം. അല്ലാതെ ആചാരത്തിന്റെയോ പ്രസ്ഥാനത്തിന്റെയോ സന്മാർഗ്ഗത്തിന്റെയോ പ്രതിഫലമായി പ്രകൃത്യതീതനായ ഈശ്വരനെന്ന വ്യക്തി അങ്ങനെയൊരു സാക്ഷാൽക്കാരം നൽകുമെന്ന വിശ്വാസത്തിന്റെ വെളിച്ചത്തിൽ രൂപീകരിച്ചതല്ല. അദ്ദേഹം തന്റെ 85–ാം വയസ്സിൽ പ്രസ്താവിച്ചു: ''നമുക്കൊരു മരണാനന്തര ജീവിതമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നതു് 'ചൈതന്യ'ത്തെക്കുറിച്ചുള്ള എന്റെ ധാരണയുടെ വെളിച്ചത്തിലാണു്. കാരണം ഞാൻ ഒടുവിലത്തെ നിമിഷംവരെയും അദ്ധ്വാനിച്ചുകൊണ്ടിരുന്നാൽ എനിക്കു് മറെറാരു തരത്തിലുള്ള ജീവിതം തുടർന്നു തരുവാൻ പ്രകൃതി ബാദ്ധ്യസ്ഥമാണു്. ഈ ജീവിതത്തിനു് എന്റെ ചൈതന്യത്തെ തുടർന്നു ഉൾക്കൊള്ളുവാൻ കഴിയുകയില്ലല്ലോ. നമ്മെ 'ബ്രഹ്മചൈതന്യം' സൂക്ഷ്മാകാശത്തിലേക്കു് ക്ഷണിക്കുന്നതുവരെ നാം തുടർന്നു അദ്ധ്വാനിച്ചുകൊണ്ടിരിക്കുക. അനശ്വരനായവൻ നാമിവിടെ ചെയ്തു വിജയിച്ചതുപോലെയുള്ള പ്രവൃത്തികരം നമുക്കു് നിഷേധിക്കാതിരിക്കട്ടെ''[5]. വ്യക്തി ആരാകിലും, മുക്തി അവന്റെ മൗലികാവകാശമാണു്. ദുഷ്ട

---

5 ഗോയ്ഥെ [ജീവചരിത്രം] E.M.J. വെണ്ണിയൂർ

സംഗമം കൊണ്ടു് പടുകുഴിയിൽ പതിച്ചുപോയവനും കർമ്മശുദ്ധി കൊണ്ടും പശ്ചാത്താപം കൊണ്ടും കരകയറുവാൻ സാധിക്കും.

''ലോലമാം ക്ഷണമേ വേണ്ടു മോഹമുള്ളിൽ വളർപ്പാനും
മാലെഴുന്ന തമസ്സാകെ മാഞ്ഞുപോവാനും''[6] എന്നു് രണ്ടുകൂട്ടരും ഒരുപോലെ വിശ്വസിക്കുന്നു. പാപിയായ അജാമിളനും തസ്കരനായിരുന്ന വാല്മീകിയും രൂപാജീവയായിരുന്ന വാസവദത്തയും സൽസംഗമംകൊണ്ടു് ഉന്നതിനേടിയിട്ടുള്ളവരാണു്. അതുപോലെ കഥാനായകനായ ഫൗസ്റ്റിനും ദു:സംഗമംകൊണ്ടു് അധ:പതനം സംഭവിച്ചെങ്കിലും ഈശ്വര മാഹാത്മ്യത്താൽ കർമ്മശുദ്ധികൊണ്ടു് അവിടെ നിന്നും കരകയറുവാൻ കഴിഞ്ഞു. സർവ്വചരാചരങ്ങളിലും ഒരാത്മചൈതന്യം —ബ്രഹ്മചൈതന്യം—അന്തർലീനമായിരിക്കുന്നുവെന്നു് ഗോയ്ഥെ സമ്മതിക്കുന്നു. ഭൗതിക പ്രപഞ്ചം ആത്മീയ ശക്തിയുടെ ആവരണം മാത്രമാണു്. ഒന്നിനെ പ്രാപിക്കുന്നതിനുവേണ്ടി മററതിനെയും സ്വീകരിച്ചേ തീരൂ. ആ നിലയിൽ ഭൗതികതയുടേയും ആത്മീയതയുടെയും സമ്മിളിത സ്വരൂപമാണു് ഈ പ്രപഞ്ചമെന്ന ആശയത്തെ മററു പലരേയും പോലെ ഗോയ്ഥെയും അംഗീകരിക്കുന്നുണ്ടു്.

മനുഷ്യനെ എക്കാലവും അലട്ടിക്കൊണ്ടിരിക്കുന്ന ഒരു മൗലിക പ്രശ്നമാണു് അവൻെറ ആത്മാവിൻെറ ഉദ്ഗതി. ഭാരതീയ സങ്കല്പമനുസരിച്ചു് വർണ്ണാശ്രമ ധർമ്മങ്ങളുടെയും പുരുഷാർത്ഥങ്ങളുടെയും ആചരണത്തിലൂടെയാണു് അതു് സാധിതമാകുന്നതു്. പുരുഷാൎത്ഥ കാര്യ വിചിന്തനത്തിലധിഷ്ഠിതമായ ഒരു തത്വശാസ്ത്രം തന്നെയാണു് ജർമ്മൻകാൎക്കുമുള്ളതു്. അൎത്ഥകാമാദികൾക്കുവേണ്ടി യത്നിച്ചുവെന്നതു് ഒരു പാപമായി ആരും കരുതുന്നില്ല. എന്നാൽ യാതൊരു മനുഷ്യൻെറ മനസ്സു് പ്രഥമ പുരുഷാൎത്ഥമായ ധർമ്മത്തിൽ അചഞ്ചലമായി നിലകൊള്ളുന്നുവോ അവൻ ചതുൎത്ഥ പുരുഷാർത്ഥത്തിനു് —മോക്ഷത്തിനു്—തനിയേ അവകാശിയായിത്തീരും. അഭ്യുന്നതിയിലുള്ള അചഞ്ചലമായ വിശ്വാസത്തിൻെറ പേരിൽ മാത്രമെ അവൻ കർമ്മനിരതനായിത്തീരുകയുള്ളൂ. ഉന്നതിക്കുവേണ്ടിയുള്ള യത്നത്തിനിടയ്ക്കു് ചിലപ്പോൾ അവൻ പിശാചിൻെറ പിടിയിൽപ്പെട്ടു് തെററുകൾ ചെയ്തുപോയേക്കാം. എന്നിരുന്നാലും എക്കാലവും അവൻ പതിതനായി, അഭിശപ്തനായി കഴിയണമെന്നില്ല. ഈ ശുഭാപ്തി വിശ്വാസമാണു് ഫൗസ്റ്റിനെ കരകയററിയതു്.

എന്നാൽ ഫൗസ്റ്റിൻെറ കഥ നാടകരൂപത്തിൽ അവതരിപ്പിച്ച ആംഗ്ലേയ കവിയായ മാർലോ, തികച്ചും വിഭിന്നമായ ഒരു ജീവിതവീക്ഷണം പുലർത്തിയിരുന്നതായിക്കാണാം. അദ്ദേഹം ഫൗസ്റ്റു

6 കരുണ [ആശാൻ]

കഥയെ ദുരന്തസാന്ദ്രമായ ഒരു നാടകമാക്കിത്തീർത്തു. രണ്ടു കവികളുടേയും ജീവിതവീക്ഷണങ്ങൾ തമ്മിലുള്ള അന്തരവും ഇരുദേശങ്ങളിലും നിലവിലിരുന്ന മതവിശ്വാസങ്ങൾ തമ്മിലുള്ള അകൽച്ചയുമാണ് രണ്ടു കൃതികളെയും വിഭിന്ന നിലയിലാക്കിത്തീർത്തത്. ഗോയ്ഥെയുടെ സംസ്ക്കാരത്തിലും, മതവിശ്വാസത്തിലും അടിയുറച്ചിരുന്ന ശുഭാപ്തിവിശ്വാസം അദ്ദേഹത്തിൻെറ നാടകത്തിൽ പ്രതിഫലിച്ചു. മതവിദ്വേഷികൾക്ക് നരകപ്രാപ്തി—ജീവിതത്തിൽ അധോഗതി അനിവാര്യമാണെന്നുള്ള പ്രോട്ടസ്റ്റൻറുകളുടെ സിദ്ധാന്തത്തിൻെറ സാക്ഷാത്ക്കരണമായിരുന്നു മാർലോയുടെ ദുരന്തനാടകം. ഇംഗ്ലണ്ടിൽ നിലവിലിരുന്ന സാമുദായിക വ്യവസ്ഥിതികളും മതവിശ്വാസങ്ങളുമായിരിക്കണം മാർലോയുടെ നാടകത്തിൽ കൂടുതൽ സ്വാധീനം ചെലുത്തിയിരുന്നതു്. തികച്ചും വ്യത്യസ്ത സാഹചര്യത്തിൽ ജീവിച്ച ശുഭചിന്തകനായിരുന്ന ഗോയ്ഥെ അതേ ഇതിവൃത്തത്തെത്തന്നെ ഒരു ശുഭാന്ത നാടകമാക്കിത്തീർത്തു.

## ഐതിഹാസിക പശ്ചാത്തലം

പതിനാറാം ശതകത്തിൻെറ ആദ്യഘട്ടത്തിൽ ജർമ്മനിയിൽ ജീവിച്ചിരുന്ന ഒരു ഇന്ദ്രജാലവിദഗ്ദ്ധൻ എന്ന നിലയിലും അംഗീകൃത സിദ്ധാന്തങ്ങൾക്കെതിരായി വിപ്ലവം നയിച്ചിരുന്ന ഒരതിമാനുഷൻ എന്ന നിലയിലും ഫൗസ്റ്റിനെ ജർമ്മൻ ഇതിഹാസങ്ങൾ ചിത്രീകരിച്ചിട്ടുണ്ടു്. ആധുനികശാസ്ത്രം അങ്കുരാവസ്ഥയിൽ മാത്രം സ്ഥിതിചെയ്തിരുന്ന കാലഘട്ടത്തിൽ ശാസ്ത്രവിദ്യകൾ നിരന്തരമായ അവഹേളനത്തിനും, അതിൻെറ പ്രയോക്താക്കൾ രക്തസാക്ഷിത്വത്തിനും പാത്രമായിക്കൊണ്ടിരുന്നു. പിശാചുമായി ബന്ധം പുലർത്തുന്നതുകൊണ്ടു് ചിലർക്കു് അമാനുഷ സിദ്ധികൾ ലഭിച്ചിരുന്നുവെന്നും തങ്ങളുടെ ആത്മാക്കളെ പിശാചിനു് തീറെഴുതിക്കൊടുത്തിട്ടാണു് അപ്രകാരമുള്ള കഴിവുകൾ അവർ സമ്പാദിക്കുന്നതെന്നും അതു ദൈവമഹത്വത്തിന്നെതിരാണെന്നും അന്നത്തെ മതവിശ്വാസികൾ സിദ്ധാന്തിച്ചിരുന്നു. ഈ വിശ്വാസം അന്നത്തെ സാഹിത്യകൃതികളിലും നിഴലിക്കപ്പെടാതിരുന്നില്ല. ഇന്ദ്രജാലത്തെപ്പററിയും മനുഷ്യനും പിശാചും തമ്മിലുള്ള ബന്ധത്തെപ്പററിയും പ്രതിപാദിക്കുന്ന പല കൃതികളും അക്കാലത്തു് പ്രത്യക്ഷപ്പെടുകയുണ്ടായി. ജർമ്മനിയിലെ ഇതിഹാസപുരുഷനും സുപ്രസിദ്ധ മാന്ത്രികനുമായിരുന്ന ഡോക്ടർ ഫൗസ്റ്റിലും അക്കാലത്തെ ചില കവികൾ തങ്ങൾക്കു പററിയ കഥാനായകനെ കണ്ടെത്തിയതിൽ അത്ഭുതത്തിന്നവകാശമില്ല. പിശാചുമായുള്ള സമ്പർക്കംമൂലം മനുഷ്യനു സംഭവിക്കാവുന്ന അധഃപതനത്തെ ചിത്രീകരിക്കുകയെന്നതായിരുന്നു അവരുടെ ലക്ഷ്യം. ജർമ്മനിയിലെന്നപോലെ മററു പാശ്ചാത്യരാജ്യങ്ങളിലും ഈ മാന്ത്രികൻെറ കഥയ്ക്കു് പ്രചാരം സിദ്ധിച്ചു. ഷേക്സ്പിയർക്കു മുമ്പനായ മാർലോ ഫൗസ്റ്റുകഥയെ അധികരിച്ചു് ''ഡോക്ടർ ഫോസ്ററസ്'' എന്ന ദുരന്തസാന്ദ്രമായ ഒരു നാടകം

രചിച്ചു. (1588) പിന്നീട് 1757-ൽ ലെസ്സിംഗും മററും ഫൗസ്ററു കഥയെ ഉപജീവിച്ച് നാടകങ്ങൾ എഴുതിയെങ്കിലും ഗോയ്ഥെയുടെ അമരതൂലികയ്ക്കു വിഷയമായതോടുകൂടിയാണ് (1775–1832) ഫൗസ്ററ് എന്ന കഥാപാത്രത്തിനു വിശ്വപ്രസിദ്ധി ലഭിച്ചതു്.

ഗോയ്ഥെ തന്റെ ഭാവനയിലൂടെ വളർത്തിയെടുത്ത ഇതിഹാസ പുരുഷനിൽ ശ്രദ്ധേയങ്ങളായ പല സവിശേഷതകളും ദർശിക്കാൻ ആസ്വാദകർക്കു കഴിഞ്ഞു. നാടകത്തിലെ നായകൻ ഗ്രന്ഥകർത്താവിന്റെ തന്നെ പ്രതിരൂപമാണെന്നു് അഭിപ്രായപ്പെട്ടവരുമുണ്ട്. ഏതായാലും നാടക രചനയിൽ ഗോയ്ഥെയ്ക്കു് തന്റെ മുൻഗാമിയായ മാർലോയോട് ഒരു തരത്തിലും കടപ്പാടുള്ളതായി തോന്നുന്നില്ല. ഐതിഹ്യങ്ങളിലെ കഥാപാത്രത്തെ അതേപടി ചിത്രീകരിക്കാൻ അദ്ദേഹം ആഗ്രഹിച്ചിട്ടില്ല. ''പിശാചുമായി സമ്പർക്കം പുലത്തി ഒടുവിൽ സ്വന്തം ആത്മാവിനെ പിശാചിന്റെ കയ്യിൽഏല്പിച്ചു കൊടുത്ത ഒരു ദുർമന്ത്രവാദിയാണ് ഐതിഹ്യങ്ങളിലെ കഥാപുരുഷൻ. എന്നാൽ ഗോയ്ഥെ ചിത്രീകരിച്ചിരിക്കുന്ന ഫൗസ്ററ് ദൈവത്തിന്റെ ദാസനാണ്. അയാൾ ദൈവഹിതപ്രകാരം പിശാചിന്റെ പരീക്ഷണങ്ങൾക്കു വിധേയനാകുന്നു; പിഴകൾ പലതും ചെയ്തു പോകുന്നു. ഒടുവിൽ പിശാചിന്റെ പിടിയിൽനിന്നും അയാൾ രക്ഷപെടുന്നു. ദൈവകാരുണ്യം അയാളെ സ്വർഗ്ഗത്തിലേക്കു നയിക്കുന്നു. അങ്ങനെ ഐതിഹ്യങ്ങളിലെ കഥാപുരുഷനും ഗോയ്ഥെയുടെ കഥാപുരുഷനും തികച്ചും വ്യത്യസ്ഥരാണെന്നു കാണാം''7. ഗോയ്ഥെയുടെ മനസ്സിൽ ദീർഘകാലമായി സ്ഥിരപ്രതിഷ്ഠ പ്രാപിച്ചിരുന്ന ആ കഥാപാത്രം ക്രമേണ വളർന്നു് ഒരാശയമായി രൂപാന്തരപ്പെട്ടു. ആ ആശയം കാവ്യാത്മകത കൈവരിച്ചപ്പോൾ അതു് 'ഡോക്ടർ ഫൗസ്ററു്' എന്ന അനശ്വരകൃതിയായിത്തീർന്നു.

ഫൗസ്ററിന്റെ ബൃഹത്തായ ജീവിതത്തിൽ വ്യക്തങ്ങളായ മൂന്നു ഘട്ടങ്ങൾ തെളിഞ്ഞു കാണാം. (1) പരമ്പരാഗതമായ ജീവിതരീതികളോട് അമർഷവും അവയോട് സമരം ചെയ്യാനുള്ള അഭിനിവേശവും ഒടുവിൽ സാഹചര്യങ്ങളെ ജയിച്ചു കീഴടക്കാൻ വയ്യാതെ വന്നപ്പോൾ ആത്മഹത്യ ചെയ്യാനായി നടത്തിയ ശ്രമവും പ്രഥമ ഘട്ടത്തിൽ ഉൾപ്പെടുത്താം. (2) മദ്ധ്യഘട്ടത്തിൽ ഭൗതിക ജീവിത സുഖങ്ങളിലുള്ള അത്യാർത്തിയും അവയെ സാധിക്കുന്നതിനുള്ള ഉദ്യമങ്ങളും പിശാചുമായുള്ള സമ്പർക്കവും സാന്മാർഗ്ഗികമായ അധഃപതനവും തെളിഞ്ഞു കാണാം. (3) പ്രേതശക്തിയാൽ താൻ വഞ്ചിക്കപ്പെട്ടു എന്നു് ബോദ്ധ്യപ്പെടുന്നതോടുകൂടി അതിന്റെ സ്വാധീന വലയത്തിൽ നിന്നു മോചനം പ്രാപിക്കുവാനുള്ള യത്നവും ഉയർന്ന ജീവിത മണ്ഡലത്തിലൂടെ ആത്മസാക്ഷാത്കാരത്തിനും ജന്മസാഫല്യത്തിനുംവേണ്ടിയുള്ള പരിശ്രമവും അന്ത്യഘട്ടത്തിലെ സുപ്രധാന കാര്യങ്ങളാണ്.

7 കഥയും പൊരുളും E.M.J. വെണ്ണിയൂർ

ഫൗസ്ററിൻെറ ജീവിതത്തിലെ മേൽവിവരിച്ച മൂന്നു ഘട്ടങ്ങളിൽ മദ്ധ്യഘട്ടത്തിൽ നടക്കുന്ന സംഭവങ്ങൾക്കാണ് ഗോയ്ഥെ തൻെറ നാടകത്തിൽ പ്രാധാന്യം കല്പിച്ചിട്ടുള്ളതു്. ജീവിതപരിവർത്തനം ആരംഭിക്കുന്നതും അവിടെയാണ്. ഭൗതികമായ പദവികളിൽ നിന്നും പുസ്തകജ്ഞാനാദികളിൽനിന്നും ലഭിക്കുന്ന അനുഭൂതി നിസ്സാരമാണെന്ന തോന്നൽ ആ ഘട്ടത്തിലാണ് ഫൗസ്ററിലുദയം ചെയ്തതു്. ഈ അസംതൃപ്തിയും അപകർഷതാബോധവും അയാളെ അസ്വസ്ഥ ചിത്തനാക്കുകയും ക്രമേണ ദുർമാർഗ്ഗത്തിലേക്കു തിരിച്ചുവിടുകയും ചെയ്തു. ജീവിതസുഖം നേടുന്നതിനുള്ള ഉത്തമ മാർഗ്ഗമെന്ന നിലയിൽ അയാൾ ആദ്യം ഇന്ദ്രജാലവിദ്യ പഠിക്കുന്നു. ഇന്ദ്രജാലശക്തിയിൽ സംതൃപ്തനാവാതെ വിഷയസുഖാനുഭൂതിക്കുവേണ്ടി ജീവിതം തന്നെ പിശാചിനു പണയം വെയ്ക്കുന്നു. എങ്കിലും താൻ ദൈവത്തിൻെറ ദാസനാണെന്നുള്ള ചിന്ത മനസ്സിൽ നിന്നും നിശ്ശേഷം വിട്ടുമാറിയിരുന്നില്ല. മൂന്നാം ഘട്ടം ജീവിത പരിവർത്തനത്തിൻെറ പല പടവുകളെ തരണം ചെയ്യുന്ന നിലയിലുള്ളതാണ്. അധമ ചിന്തകൾ പരിത്യജിച്ച് ശുദ്ധമായ ഒരു കർമ്മമണ്ഡലത്തിലേക്കുയരുന്ന ഫൗസ്ററിൻെറ സൗന്ദര്യ ബോധാദ്ധ്യയനം ആരംഭിക്കുന്നതും താരതമ്യേന ഉയർന്ന ഒരു മണ്ഡലത്തിലെത്തുന്നതും അന്ത്യദശയിൽ മാത്രമാണ്. സൃഷ്ടി കർമ്മത്തിൻേറയും സേവനത്തിൻെറയും മഹനീയത ബോദ്ധ്യപ്പെടുന്നതും അപ്പോൾ തന്നെ. മഹദ്കർമ്മത്തിലൂടെ മനുഷ്യത്വത്തിൻെറ പരിപൂർണ്ണത കണ്ടെത്തുവാനുള്ള പ്രവർത്തനങ്ങൾ മൂലം പിശാചിൻെറ പിടിയിൽനിന്നും അയാൾ രക്ഷ നേടുന്നു. പിശാചിൻെറ പലതരത്തിലുള്ള പരീക്ഷണങ്ങൾക്ക് വിധേയനായിത്തീർന്നുകൊണ്ടിരുന്നപ്പോഴും ആ ബന്ധത്തിൽനിന്നും ഒഴിഞ്ഞുമാറുവാനുള്ള ചിന്ത മനസ്സിൽ ഉൽക്കടമായിക്കൊണ്ടിരുന്നു. സൽക്കർമ്മങ്ങളുടേയും പശ്ചാത്താപത്തിൻെറയും മാർഗ്ഗത്തിലൂടെ ഒടുവിൽ ബന്ധമോചനം നേടുകയും ഈശ്വരാനുഗ്രഹത്താൽ ആത്മാവിനു് സ്വർഗ്ഗ പ്രാപ്തി ലഭിക്കുകയും ചെയ്യുന്നു.

വിസ്തൃതവും തെളിഞ്ഞതും വികാരസാന്ദ്രത കുറഞ്ഞതുമായ ഈ ഘട്ടത്തിലെ ബന്ധങ്ങൾ ആദശ്പരങ്ങളാണ്; കഥാനായകൻ പരിപൂർണ്ണതയിലേക്ക് ഉയരുന്ന മനുഷ്യൻെറ പ്രതീകമായിട്ടാണ് അവിടെ പ്രത്യക്ഷപ്പെട്ടിട്ടുള്ളതു്. ഗോയ്ഥെ തൻെറ നാടകത്തിൽ അവതരിപ്പിച്ചിരിക്കുന്ന ജീവിതത്തിൻെറ മൗലിക സിദ്ധാന്തങ്ങൾ നമ്മുടെ പൗരാണിക സങ്കല്പങ്ങളുമായി ബന്ധം പുലർത്തുന്നവയാണ്. ഈ ബന്ധത്തെ പുരസ്സരിച്ചുതന്നെയാണ് ഫൗസ്റ്റിൻെറ ജീവിത സാക്ഷാത്കാരകഥ—ഫൗസ്ററുമോക്ഷം—കേരളീയ ദൃശ്യകലയായ കഥകളിയുടെ രൂപത്തിൽ പരീക്ഷിക്കുവാൻ ഈ ഗ്രന്ഥകർത്താവു് തുനിഞ്ഞതു്. ഫൗസ്ററു നാടകം ഒന്നാം ഭാഗത്തിലെ ചില പ്രധാന രംഗങ്ങളും രണ്ടാം ഭാഗത്തിലെ ഫൗസ്റ്റിൻെറ ആത്മസാക്ഷാത്കാരപരമായ അന്ത്യഘട്ടവും കൂട്ടിയിണക്കിയാണ് ഈ ആട്ടക്കഥ രൂപപ്പെടുത്തിയിട്ടുള്ളതു്. കഥകളിയുടെ രൂപശില്പത്തിനു തികവും കഥാ

പാത്രങ്ങൾക്കു മിഴിവും കൈവരുത്തുന്നതിനുവേണ്ടി മാർലോയുടെ നാടകത്തിൽ നിന്നും ചില സംഗതികൾ ഇതിൽ സ്വീകരിക്കാതിരുന്നിട്ടില്ല. ലൂസിഫർ എന്ന പ്രേതചക്രവർത്തിയും പ്രേതപുരിയും മാർലോയുടെ നാടകത്തിലുള്ളവയാണ്.

## ഇതിവൃത്ത സംസ്കരണം

വൈവിദ്ധ്യവും വൈചിത്ര്യവും തുളുമ്പുന്ന സംഭവങ്ങളേയും കഥാപാത്രങ്ങളേയുംകൊണ്ട് ബൃഹദ്സ്വരൂപം പ്രാപിച്ചിട്ടുള്ള മൂലകഥയുടെ ഒരു കൃശരൂപം (skeleton) മാത്രമെ ആട്ടക്കഥയിൽ പ്രത്യക്ഷപ്പെടുത്തുവാൻ കഴിഞ്ഞിട്ടുള്ളു. കഥകളിയുടെ രൂപഭാവസങ്കല്പങ്ങളോട് ഇണങ്ങുന്ന —സംഘട്ടനാത്മകമായ ചില മുഹൂർത്തങ്ങളും അവയോടു് ബന്ധപ്പെട്ട ചില സംഭവങ്ങളും കോർത്തിണക്കിയാണ് ആട്ടക്കഥയുടെ രചന സാധിച്ചിട്ടുള്ളതു്. കാലസ്ഥിതിയും ജനങ്ങളുടെ അഭിരുചിയും കണക്കിലെടുത്ത് ഏകദേശം നാലു മണിക്കൂറിനുള്ളിൽ പൂർത്തിയാകത്തക്ക പാകത്തിനുള്ള രംഗങ്ങൾ മാത്രമെ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളു. എങ്കിലും കഥാഗാത്രത്തിന്റെ ആദിമദ്ധ്യാന്തങ്ങൾക്കുള്ള നാടകീയ പ്രാധാന്യവും ഏകാഗ്രതയും നഷ്ടപ്പെടാത്തവിധം കഥയുടെ ക്രമമായ പുരോഗതി പ്രേക്ഷകർക്ക് അനുഭവപ്പെടത്തക്ക രീതിയിൽതന്നെ രംഗങ്ങളെ ഘടിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. മൂകാഭിനയ രീതിയും നൃത്യസമ്പ്രദായങ്ങളും ഉപയോഗിച്ചുള്ള കഥാവതരണത്തിൽ നാടകത്തിലെന്നതുപോലെ സംഭവങ്ങളെ വേഗത്തിൽ പുരോഗമിപ്പിക്കുവാൻ കഴിയുന്നതല്ലല്ലോ. അതിനാൽ രംഗങ്ങളുടെ എണ്ണം കുറയ്ക്കുവാനും ഉള്ള രംഗങ്ങളിലെ സംഭവങ്ങൾക്ക് മിഴിവും ധ്വന്യാത്മകതയും വർദ്ധിപ്പിക്കുവാനും ആട്ടക്കഥാകാരൻ നിർബന്ധിതനായി. അഭിനയ പ്രാധാന്യമുള്ള സംഭവങ്ങൾമാത്രം തെരഞ്ഞെടുക്കപ്പെട്ടതുമൂലം കഥയുടെ സ്ഥൂലാംശങ്ങൾ പലതും അതിനിടയ്ക്കു ചോർന്നുപോയി എന്ന വസ്തുത സമ്മതിക്കേണ്ടിയിരിക്കുന്നു. എങ്കിലും മൂലകഥയുടെ മുഖ്യമായ സന്ദേശം — കഥാനായകന്റെ ജീവിതത്തിലെ വഴിത്തിരിവുകളും ആത്മസാക്ഷാത്കാരവും — വെളിപ്പെടുത്തുകയെന്ന ലക്ഷ്യം സാധിക്കുന്നതിന് ആട്ടക്കഥാകാരൻ കഴിവതും ശ്രമിച്ചിട്ടുണ്ട്. കഥാനായകന്റെ ജീവിതത്തിലെ, നന്മയിലേക്കും തിന്മയിലേക്കുമുള്ള രണ്ടു വഴിത്തിരിവുകൾക്ക് വ്യക്തത നൽകുവാനും ശ്രമിക്കാതിരുന്നിട്ടില്ല. ഭാരതീയ നാടക സങ്കല്പം അനുസരിച്ചുള്ള നിർവഹണത്തിലത്ഭുതരസവും നാന്ദ്യുദയവും സാധിക്കുന്ന നിലയിൽത്തന്നെയാണ് ആട്ടക്കഥയുടെ പരിസമാപ്തി.

## വ്യതിയാനങ്ങൾ

ആട്ടക്കഥയുടെ നിർമ്മാണത്തിനവലംബം മുഖ്യമായും ഗോയ്ഥെയുടെ ഫൗസ്ററു നാടകം തന്നെ. എങ്കിലും ചില കാര്യങ്ങളിൽ മാർലോയോടും ബന്ധപ്പെടാതിരുന്നിട്ടില്ല.

മൂലകഥയിൽത്തന്നെ കഥകളിയുടെ രൂപശില്പത്തിനും രംഗപുഷ്ടിക്കുമനുയോജ്യങ്ങളെന്നുതോന്നിയ ചില ചെറിയ ഭേദഗതികളും വരുത്തേണ്ടിവന്നു. പ്രകടങ്ങളെന്നു തോന്നുന്ന വ്യത്യാസങ്ങൾ താഴെച്ചേർക്കുന്നു.

(1) ഫൗസ്ററു നാടകത്തിൽ രംഗപ്രവേശം ചെയ്തിട്ടുപോലുമില്ലാത്ത പ്രേതചക്രവർത്തിയായ ലൂസിഫർ ആട്ടക്കഥയിലെ ഒരു പ്രധാന ഘടകം (പ്രതിനായകൻ) തന്നെയാണ്. രജോഗുണപ്രധാനികളായ പ്രതിനായകന്മാർക്ക് വിധിച്ചിട്ടുള്ള കത്തിവേഷംതന്നെയാണ് ലൂസിഫറിന് നൽകിയിട്ടുള്ളതു്. രംഗങ്ങൾക്ക് ഉജ്ജ്വലതയും തികവും കൈവരുത്തുവാൻ വേണ്ടിയാണ് അങ്ങനെ ഒരു പുതിയ കഥാപാത്രത്തെ രംഗത്തവതരിപ്പിച്ചതു്. സത്വ–രജ–സ്തമോ ഗുണങ്ങൾക്ക് പ്രാധാന്യമുള്ള പച്ച, കത്തി, കരി, താടി എന്നീ വേഷഭേദങ്ങൾ ഒത്തിണങ്ങിയെങ്കിലേ കഥകളിരംഗങ്ങൾക്ക് ഉജ്ജ്വലതയും, ഗാംഭീര്യവും, ഉണ്ടാകയുള്ളൂ. കലാസങ്കേതപരമായ ഈ പ്രത്യേകത കണക്കിലെടുത്തുകൊണ്ടാണ് ലൂസിഫറിന് ആട്ടക്കഥയിൽ സ്ഥാനം നൽകിയതു്. മാർലോയുടെ നാടകത്തിൽ ഇടയ്ക്കിടയ്ക്കുമാത്രം രംഗപ്രവേശം ചെയ്തിട്ടുള്ള ആ പ്രേതരാജാവു് ആട്ടക്കഥയിലെ മൂന്നാംരംഗം മുതൽ കഥാവസാനംവരെ പ്രത്യക്ഷപ്പെടുകയും കഥാഗതിയെ സാരമായി നിയന്ത്രിക്കുകയും ചെയ്യുന്നു.

(2) മെഫിസ്റ്റാഫിലിസിനെ ദൂതവേഷത്തിലും പിശാച വേഷത്തിലും രണ്ടു രീതിയിൽ ആട്ടക്കഥയിൽ അവതരിപ്പിച്ചിരിക്കുന്നു. ഒന്നും മൂന്നും രംഗങ്ങളിൽ ത്രിലോക സഞ്ചാരിയായൊരു പ്രേതദൂതന്റെ നിലയിൽ മാത്രമാണ് അയാളുടെ പ്രവേശനം. * എന്നാൽ നാലാം രംഗത്തിൽ ഫൗസ്ററിന്റെ മുന്നിൽ പ്രത്യക്ഷപ്പെടുന്ന മെഫിസ്ററാഫിലിസ് തികച്ചും ഒരു ദുർഭൂതം തന്നെയാണ്. ആ സന്ദർഭംമുതൽ അവസാനംവരെ കലിയേപ്പോലുള്ള താടിവേഷത്തിലാണ് തമോഗുണ പ്രധാനിയായ ആ കഥാപാത്രത്തെ സങ്കല്പിച്ചിട്ടുള്ളതു്. മെഫിസ്റ്റാഫിലിസ് ദേവസഭയിൽവച്ചു നടത്തുന്ന ശപഥം മൂലകഥയിലുള്ളതല്ല. നളചരിതത്തിലെ കലിയുടേയും ഹരിച്ചന്ദ്രചരിതത്തിലെ വിശ്വാമിത്രന്റെയും ശപഥങ്ങൾപോലെ കഥാപാത്രത്തിന്റെ ദൗഷ്ട്യത്തിന് ഉത്കടത കൈവരുത്തുവാനും രംഗക്കൊഴുപ്പുണ്ടാക്കുവാനുംവേണ്ടി ചെയ്തിട്ടുള്ള ഒരു ഭേദഗതി മാത്രമാണതു്.

(3) മൂലകഥയിൽ, സ്വർഗ്ഗത്തിൽനിന്നും പിൻവാങ്ങുന്ന മെഫിസ്ററാഫിലിസ്, നേരേ ഫൗസ്റ്റിന്റെ വസതിയിലെത്തുന്നതായിമാത്രമെ പ്രസ്താവിക്കപ്പെട്ടിട്ടുള്ളു. പ്രേതസഭയിൽ (മൂന്നാം രംഗം)

---

* പ്രേതദൂതന്മാർ മായാവേഷധാരികളായ ലോക സഞ്ചാരികളാണ്. ഓരോ സ്ഥലത്തും വേഷം മാറിമാറിയാണ് അവർ പ്രത്യക്ഷപ്പെടുന്നതു്.

അയാറം ലൂസിഫറെ വിവരങ്ങറം ധരിപ്പിക്കുന്നതും ഫൗസ്ററിനെ വശീകരിക്കുന്നതിനു് ഒരു പദ്ധതി ആസൂത്രണം ചെയ്യുന്നതുമായ സംഗതികറം ആട്ടക്കഥാകാരൻ സ്വന്തനിലയിൽ ചേർത്തിട്ടുള്ളതാണു്.

(4) ഫൗസ്ററിൻെറ വസതിയിൽചെന്നു് അയാളെ പ്രലോഭിപ്പിക്കുന്നതും പ്രമാണമെഴുതി വാങ്ങുന്നതും മൂലകഥയിൽ മെഫിസ്ററാഫിലിസ് മാത്രമാണു്. എന്നാൽ ആട്ടക്കഥയിൽ അക്കാര്യങ്ങളെല്ലാം ലൂസിഫറും കൂടിചേൎന്നു് ചെയ്യുന്നതായിട്ടാണു് വർണ്ണിച്ചിട്ടുള്ളതു്. ഒരേ രംഗത്തു് ഒന്നിൽക്കൂടുതൽ ആദ്യസ്ഥാനവേഷങ്ങളുടെ സമത്ഥമായ പ്രകടനം കഥകളി രംഗങ്ങറംക്കു കൂടുതൽ കൊഴുപ്പുണ്ടാക്കുവാൻ സഹായിക്കും. ദൃശ്യകലാപരമായ ഈ ലക്ഷ്യത്തെ മുൻനിറുത്തിയാണു് ആട്ടക്കഥയിൽ അപ്രകാരം ചെയ്തിട്ടുള്ളതും.

(5) ആത്മാപഹരണരംഗത്തിനു് ഒരു യുദ്ധവട്ടത്തിൻെറ സ്വഭാവം നൽകിയിട്ടുള്ളതും കഥകളിച്ചടങ്ങുകളുടെ പൂർത്തീകരണത്തിനു വേണ്ടിയാണു്. ബാണയുദ്ധം കഥയിൽ ശിവജ്വരവും വിഷ്ണുജ്വരവും തമ്മിലും അജാമിളമോക്ഷത്തിൽ യമദൂതന്മാരും വിഷ്ണുദൂതന്മാരും തമ്മിലും നടക്കുന്ന സംഘട്ടനങ്ങളോടു് സാദൃശ്യമുള്ള രംഗം തന്നെയാണു് ഈ കഥയിലുള്ളതു്.

(6) ഫൗസ്ററു നാടകം രണ്ടാം ഭാഗത്തിലെ സംഭവങ്ങറം മിക്കവാറും ആട്ടക്കഥയിൽ വജ്ജിച്ചിരിക്കുകയാണു്. മങ്ങിയ വെളിച്ചത്തിൻെറ ഒരു മായികലോകം മാത്രമാണതു്. വിസ്തൃതവും വികാരസാന്ദ്രത കുറഞ്ഞതും സംഘട്ടനാത്മകതയ്ക്കു വകയില്ലാത്തതുമാണവ. അതിനാൽ ഫൗസ്ററിൻെറ സമാധി രംഗവും അതേത്തുടൎന്നുള്ള ആത്മാവിൻെറ സ്വർല്ലോകഗതിയും മാത്രമെ ആട്ടക്കഥയിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ളു. നാടകത്തിലെ ഇതര കഥാഭാഗങ്ങറം ദൃശ്യരസപ്രധാനങ്ങളല്ലാത്തതുകൊണ്ടു് അവ ഏതാനും ശ്ലോകങ്ങളിലൂടെ പ്രകാശിപ്പിക്കുവാനാണു് ശ്രമിച്ചിട്ടുള്ളതു്. (അവ പലതും ഫൗസ്ററിൻെറ ഇളകിയാട്ടത്തിൽ ഉറംപ്പെടുത്തുകയും ചെയ്യാം) മൊത്തത്തിൽ കഥകളിയുടെ രൂപശില്പത്തെമാത്രം കണക്കിലെടുത്തുകൊണ്ടു് തികച്ചും സ്വതന്ത്രമായ ഒരു കാഴ്ചപ്പാടിലൂടെ കഥയിലെ മർമ്മപ്രധാനമായ രംഗങ്ങറംമാത്രം കൂട്ടിച്ചേർത്താണു് ആട്ടക്കഥയ്ക്കു് രൂപം നൽകിയതു്. മൂലകഥയ്ക്കു് സഹജമായുള്ള സമഗ്രത ആട്ടക്കഥയിൽ വരുത്തുവാൻ സാദ്ധ്യമല്ല. അതിനുവേണ്ടി ആട്ടക്കഥാകർത്താവു് ശ്രമിച്ചിട്ടുമില്ല.

## പൗരാണിക ബന്ധം

ജർമ്മൻ ഇതിഹാസ പുരുഷനായ ഫൗസ്ററിൻെറ ജീവിത കഥയ്ക്കു് ഭാരതത്തിലെ പുരാണ കഥകളുമായിട്ടുള്ള ബന്ധം അന്യാ

ദൃശമാണ്. പല കാര്യങ്ങളിലും രണ്ടു ദേശങ്ങളിലെ വിശ്വാസങ്ങൾക്ക തമ്മിലും പ്രകടമായ സാമ്യമുണ്ട്. നാടകത്തിലെ സംഭവങ്ങൾ; പ്രമേയസ്വഭാവം, കഥാപാത്രങ്ങൾ, അവരുടെ വ്യാപാരവിശേഷങ്ങൾ എന്നിവയ്ക്കെല്ലാം ഹിന്ദുപുരാണകഥകളോടുള്ള സാദൃശ്യം നിസ്സീമമാണ്. ഭാരതീയ പുരാണങ്ങളിലെ ചരിതപ്രധാനമായ പല കഥകളോടും വിശിഷ്യ ഹരിച്ചന്ദ്രചരിതം, നളചരിതം, മാർക്കണ്ഡേയ ചരിതം, അജാമിളമോക്ഷം തുടങ്ങിയ ചില കഥകളിലെ രംഗങ്ങളോടും കഥാപാത്രങ്ങളോടും ഫൗസ്ററു് നാടകരംഗങ്ങൾക്കുള്ള സാദൃശ്യം അത്ഭുതകരമത്രെ. ഈ കഥകളെല്ലാം പ്രാധാന്യേന മനുഷ്യന്റെ ആന്തരിക ജീവിത പ്രശ്നങ്ങളുടെ സവിശേഷതകളെ വെളിപ്പെടുത്തുന്നവയാണ്.

## ദേവസഭകൾ

ഹരിച്ചന്ദ്ര ചരിതത്തിന്റെയും ഫൗസ്ററു നാടകത്തിന്റെയും തുടക്കം ദേവസഭകളിൽ വച്ചാണ്. സുകൃതിയായൊരു വ്യക്തിയേപ്പററി രണ്ടു വിഭിന്ന ശക്തികൾ സദുദ്ദേശപരമായും ദുരുദ്ദേശപരമായും നടത്തുന്ന വാദപ്രതിവാദങ്ങളും ശപഥങ്ങളുമാണ് രണ്ടു കഥകളിലേയും ആദ്യരംഗം. ഹരിച്ചന്ദ്രന്റെ സത്യസന്ധതയെപ്പററി വസിഷ്ഠനും വിശ്വാമിത്രനും ഇന്ദ്രസഭയിൽവച്ചു നടത്തുന്ന വാഗ്വാദവും ശപഥവുമായാണ് ഹരിച്ചന്ദ്ര ചരിതം കഥയുടെ തുടക്കം. അതുപോലെതന്നെ ദേവസഭയിൽ വച്ച് ഫൗസ്ററിന്റെ പേരിൽ ദൈവവും മെഫിസ്ററാഫിലിസും തമ്മിലുണ്ടായ തർക്കത്തോടും പ്രേതസചിവന്റെ ശപഥത്തോടുംകൂടി ഫൗസ്ററു നാടകം ആരംഭിക്കുന്നു. ''ഹരിക്കു തുല്യനായീടും ഹരിച്ചന്ദ്രമഹീപാലൻ''വ്യാജമുരക്കുന്നപക്ഷം താൻ മദ്യകുംഭം ചുമന്നുകൊണ്ടു് നടന്നുകൊള്ളാമെന്നു് വസിഷ്ഠൻ സത്യം ചെയ്തു. കുമർത്ത്യനായ ഹരിച്ചന്ദ്രൻ സത്യലംഘനം ചെയ്യുന്നവനാണെന്നു് തെളിയിക്കുവാൻ കഴിയാത്തപക്ഷം തന്റെ തപോധനത്തിൽ പകുതി കൊടുക്കുന്നതാണെന്നു് വിശ്വാമിത്രനും പ്രതിജ്ഞ ചെയ്തു. തികച്ചും ഉദ്ദേശശുദ്ധിയോടുകൂടിയവയായിരുന്നു വസിഷ്ഠന്റെയും ഫൗസ്ററു കഥയിലെ ദൈവത്തിന്റെയും പ്രസ്താവനകൾ. ഫൗസ്ററിനെ നരകത്തിൽ പതിപ്പിക്കുമെന്നുള്ള പ്രേതസചിവന്റെ പ്രതിജ്ഞയും ഹരിച്ചന്ദ്രനെ അസത്യവാദിയാക്കിത്തീർക്കുമെന്നുള്ള കൗശിക പ്രതിജ്ഞയും ദുരുദ്ദേശപരമത്രേ. തങ്ങളുടെ പ്രതിദ്വന്ദ്വികളെ ദുർമ്മാർഗ്ഗത്തിലേക്കും നാശത്തിലേയ്ക്കും തിരിച്ചുവിടുന്നതിനുവേണ്ടി വിശ്വാമിത്രനും പിശാചും കൈക്കൊള്ളുന്ന നീചപ്രവൃത്തികളിലൂടെയാണ് രണ്ടു കഥകളും പുരോഗമിക്കുന്നതു്. ദുർബുദ്ധികളുടെ ദുഷ്പ്രവർത്തനങ്ങൾ പരാജയപ്പെടുകയും സുകൃതികൾക്കു് ജീവിതത്തിൽ ആത്യന്തികമായ വിജയം ലഭിക്കുകയും ചെയ്യുമെന്ന സനാതന സന്ദേശത്തിന്റെ പ്രഖ്യാപനത്തോടെ രണ്ടു കഥകളും പര്യവസാനിക്കുകയും ചെയ്യുന്നു.

## നളചരിതവും ഫൗസ്ററുനാടകവും

പ്രമേയ മഹത്വത്തിലും കഥാപാത്രങ്ങളുടെ സ്വഭാവ വൈചിത്ര്യത്തിലും ഫൗസ്ററു നാടകത്തിനു് നളചരിതത്തോടുള്ള സാദൃശ്യം ശ്രദ്ധേയമാണു്. ദേശകാലാതിവർത്തിയായ ഒരു മഹൽസന്ദേശം രണ്ടു കൃതികളും ഒരുപോലെ ഉൾക്കൊള്ളുന്നുണ്ടു്. പ്രകൃതിയിലെ ത്രിഗുണപ്രതിരൂപങ്ങളായ ദേവ--മാനുഷ--പിശാച ശക്തികൾ തമ്മിലുള്ള ത്രികോണ മത്സരത്തിൽ ദേവശക്തിയുടെ വിജയം രണ്ടു കാവ്യങ്ങളിലുമൊരുപോലെ പ്രഖ്യാപനം ചെയ്യപ്പെട്ടിരിക്കുന്നു. സുകൃതിയായ നളനും പണ്ഡിതനായ ഫൗസ്ററും ഒരു പോലെ ദേവപ്രീതിക്കു പാത്രങ്ങളാണു്. ''നരപതി നളനവൻ നിരവധി ഗുണനിധി'' എന്നു ദേവേന്ദ്രനും ''സൽഗുണവാനാകും ഫോസ്റ്റസ്സ്'' എന്നു ദൈവവും തങ്ങളുടെ വാത്സല്യ ഭാജനങ്ങളെപ്പററി തുറന്നു പ്രസ്താവിച്ചിട്ടുണ്ടു്. എതിരാളികളായ പ്രേതശക്തികളോടു ദേവശക്തികൾ കഥാനായകന്മാരെപ്പററിയുള്ള തങ്ങളുടെ ഉറച്ച വിശ്വാസം വെളിപ്പെടുത്തുന്ന രംഗങ്ങളുടെ സാദൃശ്യം വിസ്മയനീയമാണു്. തമോഗുണശാലികളും പരപീഡന വ്യഗ്രരുമാണു് രണ്ടു കഥകളിലേയും പ്രതിനായകന്മാർ (കലിയും മെഫിസ്റ്റാഫിലിസും). ഇന്ദ്രന്റെ നിർദ്ദേശത്തെ അവഗണിച്ചുകൊണ്ടു് ആ യുവമിഥുനങ്ങളെ പിണക്കിയകററുമെന്നു് കലി ശപഥം ചെയ്യുന്നു. അതുപോലെ ദൈവത്തിന്റെ അഭിപ്രായത്തെ എതിർത്തുകൊണ്ടു്, ഫൗസ്ററിനെ നരകത്തിൽ പതിപ്പിക്കുമെന്നു് പ്രേതസചിവനും പ്രതിജ്ഞയെടുക്കുന്നു.

പിശാചബാധമൂലം കഥാനായകന്മാർക്കു സംഭവിക്കുന്ന അധഃപതനങ്ങൾ രണ്ടു കാവ്യങ്ങളിലും ഒരുപോലെ ചിത്രീകരിക്കപ്പെട്ടിട്ടുണ്ടു്. നളവിരോധിയായ കലി അദ്ദേഹത്തിന്റെ ഉള്ളിൽ വാണുകൊണ്ടാണു് ദ്രോഹകൃത്യങ്ങൾ ചെയ്യിക്കുന്നതു്. മെഫിസ്ററാഫിലിസ് ഫൗസ്ററിനെ ആന്തരികമായും ബാഹ്യമായും ബാധിക്കുന്നുണ്ടു്. നളൻ കല്യാവേശത്താൽ മതിഭ്രമം സംഭവിച്ചു് ധർമ്മപത്നിയെ അർദ്ധരാത്രി സമയത്തു് വനമദ്ധ്യത്തിലുപേക്ഷിച്ചു. മെഫിസ്ററാഫിലിസിന്റെ പ്രേരണകൊണ്ടു് ഗർഭിണിയായ മാർഗ്ഗരററിനെ ഫൗസ്ററും ദുരന്തത്തിലേക്കു തള്ളിവിട്ടു. സ്നേഹസമ്പന്നകളായ നായികമാരുടെ ശക്തി വൈഭവങ്ങളിലൂടെയാണു് രണ്ടു കഥാനായകന്മാർക്കും ഉദ്ഗതി നേടാൻ കഴിയുന്നതു്. ഇപ്രകാരം കഥയുടെ രൂപത്തിലും ഭാവത്തിലും ഫൗസ്ററും നളചരിതവും തമ്മിൽ കാണുന്ന പ്രകടമായ സാദൃശ്യം ആരേയും അത്ഭുതപ്പെടുത്തുന്നതാണു്. പരപീഡന വ്യഗ്രനായ കലിയും ഈശ്വരവിദ്വേഷിയും മനുഷ്യശത്രുവുമായ മെഫിസ്ററാഫിലിസും പ്രകൃതിയിലെ തമോഗുണത്തിന്റെ രണ്ടു സമാന പ്രതീകങ്ങൾ തന്നെ.

അജാമിളമോക്ഷം, മാർക്കണ്ഡേയചരിതം, ബാണയുദ്ധം എന്നീ കഥകൾക്കും ഫൗസ്ററു് ഇതിഹാസത്തിലെ ചില ധർമ്മങ്ങളോടു

ള്ള സാദൃശ്യം വിസ്മരിക്കത്തക്കതല്ല. ''സ്വതേ സാത്വികനായിരുന്നുവെങ്കിലും സാഹചര്യ ദോഷത്താൽ ദുർബുദ്ധിയും അധർമ്മചാരിയുമായിത്തീർന്ന ഒരു ബ്രാഹ്മണൻ (അജാമിളൻ) മരണകാലത്തു് പുത്രനായ നാരായണൻെറ നാമം ഉച്ചരിച്ചതിൻെറ പേരിൽ അയാളുടെ ആത്മാവിനു് സദ്ഗതിയും വിഷ്ണുപ്രീതിയും ലഭിക്കുന്നു. ശിവപാദത്തിൽ അഭയം പ്രാപിക്കുന്ന മാർക്കണ്ഡേയൻെറ ആത്മാവിനെ അപഹരിക്കുവാൻ വന്ന യമദൂതന്മാരും യമധർമ്മനും ശൈവപ്രഭാവത്തോടു് ഏററുമുട്ടുകയും ആ സംഘട്ടനത്തിൽ യമൻ മരിക്കുകയും മാർക്കണ്ഡേയനു് അമരത്വം സിദ്ധിക്കുകയും ചെയ്യുന്നു. അതുപോലെ ബാണയുദ്ധം കഥാന്ത്യത്തിൽ ശിവജ്വരവും വിഷ്ണുജ്വരവും തമ്മിൽ നടക്കുന്ന സംഘട്ടനം ഫൗസ്ററു കഥാന്ത്യത്തിലെ ദേവ–പ്രേതദൂതസംഘട്ടനത്തോടു സമാനമായ ഒന്നു തന്നെ. വൈഷ്ണവ ശക്തി പ്രഭാവം അസഹ്യമായിത്തീർന്ന അവസരത്തിൽ ശിവജ്വരം പരാജയപ്പെട്ടു് പിൻവാങ്ങുന്നു. അതുപോലെ ദേവദൂതന്മാർ പൂക്കൾ വർഷിച്ചപ്പോൾ അവ തീജ്വാലകളെന്നപോലെ പ്രേതദൂതന്മാർക്കു് തീവ്രവേദനയുളവാക്കി. പൂക്കളുടെ സ്പർശം മൂലം പൊള്ളലേററു് ഭയപരവശരായി അവർ രംഗത്തുനിന്നും പിൻവാങ്ങുന്നു. മേൽ പ്രസ്താവിച്ച കഥകളെല്ലാം ദേവശക്തി പ്രഭാവത്തിൻെറ പരിവേഷംകൊണ്ടു് പ്രഭാപൂർണ്ണങ്ങളായിത്തീർന്നിട്ടുള്ളവയാണു്. ഇവയിലെല്ലാം ഒരുപോലെ കാണപ്പെടുന്ന പ്രമേയൈക്യം ശ്രദ്ധേയവുമാണു്.

## കഥകളിപ്രഭാവം

ഫൗസ്ററു നാടകത്തിൻെറ ഇതിവൃത്തം തികച്ചും ഈശ്വരമാഹാത്മ്യപരമാണു്. ദൈവഭക്തി പ്രകാശകങ്ങളായ പുരാണകഥകൾ സാമാന്യേന കഥകളിക്കു് അനുരൂപങ്ങളായിരിക്കും. ഫൗസ്ററു നാടകത്തിൻെറ ഇതിവൃത്തം പാശ്ചാത്യമാണെങ്കിലും അതിലുടനീളം ഒരു ഹൈന്ദവപുരാണകഥയുടെ രൂപവും ഭാവവും പ്രതിഫലിച്ചിട്ടുണ്ടു്. പാശ്ചാത്യ നാടകലക്ഷണങ്ങൾക്കുപുറമെ പൗരസ്ത്യമായ ദൃശ്യകലാസങ്കല്പങ്ങൾക്കും ആ കൃതി അത്യന്തം അനുഗുണം തന്നെ. പുരാണേതിഹാസ കൃതികളിൽ നാടകീയതപോലെ കലാരസികന്മാർക്കു് അനുഭവവേദ്യമാകുന്ന ഒരപൂർവ്വ സവിശേഷതയാണു് കഥകളിപ്രഭാവം. ഒരാട്ടക്കഥയുടെ സാഹിത്യമായിത്തീരുവാനുള്ള ഇതിവൃത്തത്തിൻെറ യോഗ്യതകൾ – പ്രമേയമഹത്വം, ത്രിഗുണ പ്രതീകങ്ങളെന്ന നിലയിലുള്ള വേഷവിധാനങ്ങൾക്കു സൗകര്യം, അഭിനയപരത, കഥാപാത്രങ്ങളുടെ മിഴിവും തികവും തുടങ്ങിയവയെയാണു് കഥകളി പ്രഭാവമെന്നതുകൊണ്ടു് വിവക്ഷിക്കുന്നതു്. ലക്ഷണയുക്തമായൊരാട്ടക്കഥയുടെ ഇതിവൃത്തത്തിനു് അവശ്യം ഉണ്ടായിരിക്കേണ്ട മേൽപറഞ്ഞ പ്രത്യേകതകൾ ഫൗസ്റ്റിൻെറ കഥയ്ക്കു് സ്വാഭാവികമായിത്തന്നെയുണ്ടു്. നായകൻെറ ആത്മസാക്ഷാത്ക്കാരം (ഫൗസ്ററു മോക്ഷം) എന്ന ഇതിവൃത്തത്തിലെ മുഖ്യാംശംതന്നെ

കഥകളിക്കു് അനുയോജ്യമാണു്. അതിനുപുറമെ ഇതിവൃത്തത്തിന്റെ നാടകീയത, കഥാപാത്രങ്ങളുടെ രൂപവൈവിദ്ധ്യം, ക്രിയാവൈചിത്ര്യം, രംഗപ്പൊലിമ സംഘട്ടനാത്മകത തുടങ്ങിയ കാര്യങ്ങളും ആ കഥയിൽ ഒത്തിണങ്ങിയിരിക്കുന്നു. ഹിന്ദുപുരാണ കഥകളിൽത്തന്നെ ഈശ്വരമാഹാത്മ്യ പ്രകാശകങ്ങളായിട്ടുള്ളവ മാത്രമെ ആട്ടക്കഥകളുടെ ലക്ഷ്യം സാധിക്കുന്നുള്ളു. പ്രമേയ മഹത്വത്തോടൊപ്പം അതിമാനുഷരായ കഥാപാത്രങ്ങളും വീരസാഹസിക ഭാവങ്ങളെ പ്രകാശിപ്പിക്കുന്ന സംഭവങ്ങളും വികാരനിർഭരങ്ങളായ രംഗങ്ങളും മററും ഒരു കഥയിൽ ഒത്തുചേരുമ്പോൾ അതിനു് പൗരാണികതയുടെ പരിവേഷം തനിയേ ഉണ്ടാകുന്നു. ''കഥകളിയിലെ കലാമർമ്മം അതീന്ദ്രിയ ദിവ്യപ്രഭാവത്താൽ സുസ്ഥാപിതമാണു്. പ്രത്യേക ചരിത്രകഥനം പുരുഷകാരത്തെയല്ലാതെ ദിവ്യശക്തിയെ വ്യഞ്ജിപ്പിക്കുന്നില്ല. ഭഗവത്ശക്തിയെ വ്യഞ്ജിപ്പിക്കാത്ത ആട്ടക്കഥകൾ നിർജ്ജീവങ്ങളാണു്. ഭാരതീയേതിഹാസ സംബന്ധികളാണെങ്കിൽപോലും 'നിഴൽക്കുത്തു'പോലെയുള്ള കഥകൾ കഥകളിയുടെ പവിത്രതയെ നിലനിത്താൻ പററിയതല്ല''[8] എന്നു പല പണ്ഡിതന്മാർക്കും അഭിപ്രായമുണ്ടു്. സാഹിത്യരംഗത്തു സ്ഥിരപ്രതിഷ്ഠ നേടിയിട്ടുള്ള ചില ഇതിവൃത്തങ്ങൾക്കുപോലും കഥകളിരംഗത്തു പിടിച്ചുനിൽക്കാൻ കഴിയാതെ പോയിട്ടുണ്ടു്. ലോകോത്തരമായ അഭിജ്ഞാന ശാകുന്തളംതന്നെ ഈ വസ്തുതയ്ക്കു് ദൃഷ്ടാന്തമാണു്. പുതുമന ദാമോദരൻ നമ്പൂതിരി രചിച്ച ശാകുന്തളം ആട്ടക്കഥയ്ക്കു് രുക്മാംഗദചരിതം, നളചരിതം തുടങ്ങിയ ചരിത പ്രധാന കഥകളുടെ ഗണനീയത ലഭിയ്ക്കുകയുണ്ടായില്ല.

ആട്ടക്കഥകൾതന്നെ 'വധ' പ്രധാനങ്ങൾ 'ചരിത' പ്രധാനങ്ങൾ എന്നു് രണ്ടിനമുണ്ടു്. സാത്വിക പ്രകൃതികളായ കഥാപാത്രങ്ങളും ഉത്കൃഷ്ടമായ പ്രമേയവും ഉൾക്കൊള്ളുന്ന നളചരിതാദികളെ ചരിത പ്രധാനങ്ങളെന്നു വിശേഷിപ്പിക്കാം. വീരരൗദ്രാദിരസങ്ങൾക്കു് പ്രാധാന്യവും രജോഗുണതമോഗുണപ്രധാനങ്ങളായ കഥാപാത്രങ്ങൾക്കു് സ്ഥാനവുമുള്ള ദുര്യോധനവധം പോലെയുള്ള കഥകൾ വധ പ്രധാനങ്ങളാണു്. രുക്മാംഗദചരിതം ഹരിശ്ചന്ദ്രചരിതം തുടങ്ങിയ കഥകളിലെ പ്രമേയ മാഹാത്മ്യവും അവയിലെ വികാര നിർഭരങ്ങളായ രംഗങ്ങളും പ്രേക്ഷകരെ കോൾമയിർ കൊള്ളിക്കുന്നവയാണു്. അപ്രകാരമുള്ള മഹൽ ചരിതങ്ങളുടെ ശ്രേണിയിൽ ഫൗസ്ററു ചരിതം (ഫൗസ്ററു മോക്ഷം) അദ്വിതീയമെന്നു തന്നെ പറയാം. ഭാരതീയ പുരാണ സങ്കല്പങ്ങളുമായി ഇത്രയും അടുത്തുപോകുന്ന ഇപ്രകാരം ഒരു മോക്ഷകഥ പാശ്ചാത്യ സാഹിത്യത്തിൽ വേറെ ഉണ്ടോ എന്നു സംശയമാണു്. സ്വർഗ്ഗത്തിൽവച്ചു് ദൈവവും പിശാചും തമ്മിൽ നടക്കുന്ന വാദപ്രതിവാദത്തോടുകൂടി

---

8 എം. രാജരാജവർമ്മ.

യ കഥയുടെ തുടക്കം തന്നെ ഇതിവൃത്തത്തിന്റെ ദൈവീക പ്രഭാവത്തിന് ഉത്തമ നിദർശനമാണ്. കഥയുടെ നാട്യകലാപരമായ സവിശേഷത – കഥകളിപ്രഭാവം – അവിടം മുതൽ ആരംഭിക്കുന്നു. തുടന്ന് മായാമോഹിതനായ ഒരു മനുഷ്യൻ സംസാര സാഗരത്തിന്റെ ചുഴലികളിലും മലരികളിലും മുങ്ങിയും പൊങ്ങിയും ക്രമേണ പ്രശാന്തസുന്ദരമായ ഒരു നവലോക ചക്രവാളത്തിൽ എത്തുന്നു. പരമാത്മ ജ്യോതിസ്സിന്റെ മേഖലവരെ ഉയരുന്നു. അവസാനം ആ സുകൃതിയുടെ ആത്മാവ് ഈശ്വരാനുഗ്രഹംകൊണ്ട് അനന്തതയിൽ തന്നെ ചെന്നെത്തുന്നു. സ്വതേ പുണ്യചരിതനും ഉൽക്കർഷേച്ഛുവുമായ നായകന്റെ ജീവിത പുരോഗതിയുടെ വിഭിന്ന ഘട്ടങ്ങൾ സമഞ്ജസമായി സമ്മേളിച്ചിരിക്കുന്ന ഫൗസ്ററു കഥ, നളചരിതം, ഹരിശ്ചന്ദ്ര ചരിതം, രുക്മാംഗദചരിതം, അംബരിഷചരിതം തുടങ്ങിയ പുരാണ കഥകളെപ്പോലെ ചരിത പ്രധാനവും കഥകളി പ്രഭാവം മുററി നില്ക്കുന്നതുമാണ്.

അതിദീർഘവും ബൃഹദ്സ്വരൂപവുമായ മൂല കഥയിൽ നാടകീയ മുഹൂർത്തങ്ങൾ ഉൾക്കൊള്ളുന്ന ചില സുപ്രധാന രംഗങ്ങൾ മാത്രം കോർത്തിണക്കിയാണ് ആട്ടക്കഥയ്ക്കു് രൂപം കൊടുത്തിട്ടുള്ളതു്. സംഘർഷാത്മമായ തുടക്കം, ക്രമേണയുള്ള വികാസഘട്ടങ്ങൾ, വഴിത്തിരിവുകൾ, സംഘട്ടനങ്ങൾ, സംഭവങ്ങളുടെ ഏകാഗ്രത, സ്വാഭാവികവും അനിവാര്യവുമായ പരിണാമം, നിർവഹണത്തിലത്ഭുത രസം, നായകാഭ്യുദയം ഇത്രയുമൊക്കെ ഒത്തുകൂടിയെങ്കിൽ മാത്രമെ ഒരിതിവൃത്തത്തിന് നാടകീയ പ്രൗഢി ഉണ്ടാകയുള്ളു. ഫൗസ്ററു നാടകത്തിന്റെ ഈ വൈശിഷ്ട്യങ്ങളെല്ലാം ആട്ടക്കഥയിൽ ഒത്തിണങ്ങിയിട്ടുണ്ടെന്ന് ഒരിക്കലും അവകാശപ്പെടാവുന്നതല്ല. ഗോയ്ഥെയുടെ മൂല കൃതിപോലും അന്യൂനമാണെന്ന് നിരൂപകന്മാർ ഇതുവരെ സമ്മതിച്ചിട്ടില്ല. ഇതിവൃത്തത്തിന്റെ പിരിമുറുക്കത്തിൽ അദ്ദേഹം വേണ്ടത്ര ശ്രദ്ധ കാണിച്ചിട്ടില്ലെന്നും, വിശേഷിച്ചും രണ്ടാം ഭാഗത്തിലെ രംഗങ്ങൾക്ക് വ്യക്തമായ ഏകാഗ്രതയോ ബന്ധദാർഢ്യമോ കൈവന്നിട്ടില്ലെന്നും ചില നിരൂപകന്മാർക്ക് അഭിപ്രായമുണ്ട്. കാവ്യാത്മകതയിൽ കൂടുതൽ ശ്രദ്ധിച്ചിരുന്ന കവിക്ക് ഇതരസംഗതികൾ അത്ര പ്രധാനമായി തോന്നിയില്ലെന്നു പറയുന്നവരുമുണ്ട്. എന്നാൽ ഗോയ്ഥെ ഇതിനു പറയുന്ന സമാധാനം ശ്രദ്ധേയമാണ്. ''ഇത്തരമൊരു കൃതിയിൽ പ്രധാനമായതു് അതിലുള്ള ഓരോ ഘട്ടവും വ്യക്തവും അർത്ഥവത്തുമായിരിക്കണമെന്നുള്ളതാണ്. ഇതിനെ മുഴവനായി പരിഗണിക്കുമ്പോൾ അതിന്റെ അർത്ഥവും വ്യാപ്തിയും ആഴവും അളക്കുന്നതിന് എളുപ്പമാർക്കും സാധിക്കരുതു്. എങ്കിൽ മാത്രമെ ഉത്തരം കാണാത്ത ഒരു പ്രശ്നമെന്നപോലെ അതു വീണ്ടും വീണ്ടും പഠിക്കുന്നതിന് ആളുകൾ തല്പരരാകയുള്ളു''.[൨]

---

൨ ഗോയ്ഥെ (ജീവചരിത്രം) E M J വെണ്ണിയൂർ

ഒരുത്തമ സാഹിത്യകൃതി ധ്വന്യാത്മകവും അതിലെ സങ്കേതങ്ങൾ സാധാരണക്കാരുടെ സങ്കല്പങ്ങളെ ഉല്ലംഘിക്കുന്നതുമായിരിക്കണമെന്നുള്ള മഹാകവിയുടെ ദൃഢമായ വിശ്വാസമാണ് ഇവിടെ അദ്ദേഹം വെളിപ്പെടുത്തിയിരിക്കുന്നതു്. ഗോയ്ഥയെപ്പോലെ തന്നെ കലയിൽ വിലക്ഷണ സങ്കല്പങ്ങൾക്കു് പ്രാധാന്യമുണ്ടായിരിക്കണമെന്നു് നിർബ്ബന്ധമുള്ളവരായിരുന്നു കഥകളിയുടെ പ്രണേതാക്കൾ. ധ്വന്യാത്മകങ്ങളായ നൃത്യസങ്കേതങ്ങളിൽ അടിയുറപ്പിച്ചു സൃഷ്ടിക്കപ്പെട്ടിട്ടുള്ള ആ കലാരൂപത്തിൽ ബാഹ്യമായ സമഗ്രത പ്രതീക്ഷിക്കേണ്ടതില്ല. അതുവെറും ബാഹ്യേന്ദ്രിയസംപ്രീണന സമർത്ഥമായിരിക്കുകയുമില്ല. കൈമുതലൊന്നും കൂടാതെ വെറുംകൈയോടെ കടന്നുചെല്ലുന്ന പല്ലവഗ്രാഹികൾക്കു് ആ ദൃശ്യകല വെറും ആകാശകുസുമം മാത്രമായിട്ടേ തോന്നുകയുള്ളു. കഥകളിസങ്കേതങ്ങൾ ഭാവനയുടെ സന്തതികളാണ്—ധ്വന്യാത്മകങ്ങളാണ്. ഭാവനാധനന്മാർക്കു മാത്രമെ അവ സുഗ്രഹമാകയുള്ളു. സാധാരണക്കാർക്കു് ആവർത്തിച്ചുള്ള പഠനംകൊണ്ടും ദീർഘകാല പരിചയംകൊണ്ടും മാത്രമെ അവ സ്വാധീനമാകയുള്ളു. നൃത്യശാഖയിൽ പെടുത്താവുന്ന കഥകളി ഭാവാഭിനയ പ്രധാനമാകയാൽ അതിലെ ഓരോ രംഗവും കഥാഗാത്രത്തിലെ വ്യക്തിത്വമുള്ള ഓരോ ഘടകമായേ വർത്തിക്കു. ഓരോന്നിൻെറയും വ്യക്തതയും സാർത്ഥകതയുമാണ് അതിനെ മിഴിവും തികവുമുള്ളതാക്കിത്തീർക്കുന്നതു്. രംഗങ്ങൾക്കു് പ്രത്യേക പ്രാധാന്യമുള്ള കഥകളിയിൽ ഇതിവൃത്തത്തിൻെറ സമഗ്രത എപ്പോഴും അനുഭവപ്പെട്ടു എന്നു വരുന്നതല്ല. എങ്കിലും ഏകാഗ്രത നഷ്ടപ്പെടാത്തവിധം ഈ ആട്ടക്കഥയിലെ ഓരോ രംഗവും കൂടുതൽ വ്യക്തവും ഉദ്ദേശപൂർണ്ണവുമാക്കിത്തീർക്കുവാൻ ഗ്രന്ഥകാരൻ കഴിവതു ശ്രമിച്ചിട്ടുണ്ടു്. ശ്രമം എത്രമാത്രം ഫലിച്ചിട്ടുണ്ടെന്നു വിധിക്കേണ്ടതു സഹൃദയരാണ്.

—o—

# ഇതിവൃത്ത സംഗ്രഹം

(രംഗം തിരിച്ച്)

**രംഗം ഒന്നു്.**

## സ്വർഗ്ഗം - ദേവസഭ

മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്ന ദൈവത്തിൻെറ സന്നിധിയിൽ രണ്ടു് ദേവദൂതന്മാർ (മാലാഖമാരായ റാഫേലും ഗബ്രിയേലും) പ്രവേശിച്ച് ഭൂലോകവൃത്താന്തങ്ങൾ അറിയിക്കുന്നു. തദവസരത്തിൽ സാത്താൻെറ സചിവനും നിഷേധമൂർത്തിയുമായ മെഫിസ്ററാഫിലിസും വേഷപ്രച്ഛന്നനായി അവിടെ എത്തുന്നു. ജനങ്ങൾ ഈശ്വരഭക്തന്മാരാണെന്നുള്ള മാലാഖമാരുടെ അഭിപ്രായത്തെ എതിർത്തുകൊണ്ടു് മനുഷ്യപ്രവൎത്തനങ്ങൾ അനുദിനം മോശമായിക്കൊണ്ടിരിക്കുകയാണെന്നു് പ്രേതദൂതൻ സമൎത്ഥിക്കുന്നു. എന്നാൽ, തൻെറ പ്രീതിയ്ക്കു പാത്രമായിട്ടുള്ള ഫൌസ്റ്റെങ്കിലും സ്വർഗ്ഗത്തിനവകാശിയായിട്ടില്ലേ? എന്നു് ദൈവം ചോദിക്കുന്നു. അതിനോടും അയാൾക്കു് യോജിപ്പില്ല. ഫൌസ്ററു് ദുർമ്മോഹിയും അസംതൃപ്തനുമാണെന്നാണു് പിശാചിൻെറ അഭിപ്രായം. ഫൌസ്ററിൻെറ പേരിൽ ഒരു പന്തയത്തിനുതന്നെ പിശാചു് തയ്യാറായി. തൻെറ പടിയിൽ വിട്ടുതരുന്ന പക്ഷം അയാളെ ആജ്ഞാനുവർത്തിയും ദുർമ്മാർഗ്ഗിയുമാക്കി നരകത്തിൽ പതിപ്പിക്കുന്നതാണെന്നു് സത്യം ചെയ്തിട്ടു്, തികഞ്ഞ വിജയവിശ്വാസത്തോടെ മെഫിസ്ററാഫിലിസു് മടങ്ങിപ്പോകുന്നു. ദൈവഭക്തന്മാർക്കു് ഒരിക്കലും ദുർഗ്ഗതി സംഭവിക്കുന്നതല്ലെന്നു് അരുളിചെയ്തിട്ടു് ദൈവം മാലാഖമാരെ അനുഗ്രഹിച്ചു യാത്രയയക്കുന്നു.

**രംഗം രണ്ടു്.**

### ഫൌസ്ററിൻെറ വസതി

(ചന്ദ്രികാച്ഛിതമായ രാത്രി)

ഡോക്ടർ ഫൌസ്ററു് തൻെറ പഠനമുറിയിൽ ചിന്താഗ്രസ്തനായിരിക്കുന്നു. മനസ്സിനെ മഥിച്ചുകൊണ്ടിരിക്കുന്ന ചിന്തകൾ ദീർഘമായൊരാത്മഗതത്തിലൂടെ ബഹിർഗ്ഗമിക്കുന്നു. സദാപി തന്നെ അലട്ടിക്കൊണ്ടിരിക്കുന്ന അസംതൃപ്തിക്കു് അയാൾ പരിഹാരം ആരായുന്നു. നേടിയ അറിവുകളെല്ലാം നിരൎത്ഥകങ്ങളെന്നു തോന്നുക

യാൽ അയാറം ജീവിത വിജയത്തിനു് ഇന്ദ്രജാലത്തെ അഭയം പ്രാപിക്കുന്നു. ഇന്ദ്രജാലസംബന്ധിയായ ഒരു പുസ്തകം തുറന്നു. അതിലെ ബ്രഹ്മാണ്ഡ ചിഹ്നം ആകർഷകമായി തോന്നി. അതിനെ അയാറം മന്ത്രപൂർവ്വം ധ്യാനിച്ചു. പ്രപഞ്ചത്തെ സ്വാധീനിക്കുവാൻ അതു് പര്യാപ്തമല്ലെന്നു് തോന്നുകയാൽ ഗ്രന്ഥത്തിൻെറ പേജുകറം വീണ്ടും മറിച്ചു. അതാ! ഭൂദേവതയുടെ ആവേശജനകമായ പ്രതീകം. ഉടൻ മന്ത്രം ജപിച്ചു് അതിനെ ധ്യാനിച്ചു. അരുണജ്വാലയും അതിൽ നിന്നു് ഭൂദേവതയുടെ ഭീകരരൂപവും പ്രത്യക്ഷപ്പെട്ടു. ആ രൂപദർശനത്തിൽ ഫൗസ്ററു് ഒരു ഭീരുവിനെപ്പോലെ മുഖം മറച്ചു. തൻെറ മന്ത്രശക്തിയാൽ അതിനെ ബന്ധിക്കുവാൻ കഴിയുകയില്ലെന്നയാറംക്കു് തോന്നി. മനുഷ്യൻെറ ദുർമ്മോഹത്തെ പരമപുച്ഛത്തോടെ വീക്ഷിച്ചുകൊണ്ടു് ആ ദേവത അപ്രത്യക്ഷമാകുന്നതു് അയാറം കണ്ടുകൊണ്ടിരുന്നു. അങ്ങനെ ഇന്ദ്രജാലവും അയാളുടെ ആശാസാഫല്യത്തിനു് അപര്യാപ്തമാണെന്നു് ബോദ്ധ്യപ്പെട്ടു. അതോടെ ഫൗസ്റ്റ് നിരാശയുടെ അഗാധതയിൽ ആണ്ടു.

**രംഗം മൂന്നു്.**

## പ്രേതപുരി

പ്രേതചക്രവർത്തിയായ ലൂസിഫറിൻെറ സഭ. മാനവരാശിയെ പാപകർമ്മങ്ങളിൽപെടുത്തി നരകത്തിലേക്കാനയിക്കുവാൻ നിയുക്തനായിരുന്ന മെഫിസ്ററാഫിലിസ് ദേവസഭയിൽ നടന്ന ശപഥ വൃത്താന്തം ലൂസിഫറിനെ അറിയിക്കുന്നു. ദൈവപ്രീതിക്കു് പാത്രീഭൂതനായ ഫൗസ്ററിനെ ദുഷ്കർമ്മ നിരതനാക്കുന്നതിനുള്ള മാർഗ്ഗങ്ങറം ആ സഭയിൽ അനന്തരം ചർച്ച ചെയ്യപ്പെട്ടു. സർവ്വവിധ സുഖഭോഗങ്ങളും വാഗ്ദാനം ചെയ്തു് അയാളുടെ ജീവിതം പ്രേതശക്തിക്കു് പണയപ്പെടുത്തുന്ന ഒരു കരാർ സ്വന്തം രക്തത്തിലെഴുതി വാങ്ങണമെന്നും അവർ തീരുമാനിച്ചു. ശ്വാനവേഷം ധരിച്ചു് ഫൗസ്ററിൻെറ മുറിയിൽ പ്രവേശിച്ചു് അയാളെ സ്വാധീനിക്കുന്നതിനുള്ള ഒരു പദ്ധതിയും ആസൂത്രണം ചെയ്തു് സഭ പിരിഞ്ഞു.

**രംഗം നാലു്.**

## ഫൗസ്റ്റിൻെറ വസതി

നഗരസന്ദർശനം കഴിഞ്ഞു് ഭവനത്തിലെത്തിയ ഫൗസ്റ്റിനു് മുറിക്കകത്തു കടന്നിരുന്ന ഒരു ശ്വാനൻെറ ശബ്ദം അസഹ്യത ഉളവാക്കി. നോക്കിക്കൊണ്ടിരിക്കെ ശ്വാനരൂപം മാറി ദുർമ്മൂത്തിയായ മെഫിസ്ററാഫിലിസ് മിന്നൽ വേഗത്തിൽ ജൃംഭിച്ചു് ഭീകരരൂപം പ്രാപിച്ചുകൊണ്ടു് ഫൗസ്ററിൻെറ മുന്നിൽ പ്രത്യക്ഷപ്പെട്ടു. ഫൗസ്ററിനെ വന്ദിച്ചു് ''അങ്ങയുടെ മിത്രമായി എന്നെ കരുതണം'' എന്നാവശ്യപ്പെട്ടു. ജീവിതക്ലേശങ്ങളിൽ നിന്നും കര

കയററുന്നതിനുള്ള ഉപായങ്ങളും അയാരം നിർദ്ദേശിക്കുവാനൊരുങ്ങി. എന്നാൽ ഫൗസ്ററാകട്ടെ ആ മാന്ത്രികൻെറ വാക്കുകരം ചെവിക്കൊണ്ടില്ല. താമസംവിനാ സ്വന്തം ശക്തികൊണ്ടു് കവാടങ്ങരം ബന്ധിച്ച് ആ പ്രേതസചിവനെ ബന്ധനസ്ഥനാക്കി. ഫൗസ്റ്റിൻെറ മന്ത്രവലയത്തിൽ ബദ്ധനെന്ന ഭാവത്തിൽ അല്പസമയം കഴിച്ചതിനുശേഷം മെഫിസ്ററാഫിലിസ് സ്വന്തം മന്ത്രശക്തികൊണ്ടു് ഫൗസ്ററിനെ മയക്കിയിട്ടു് വെളിയിൽ ചാടുകയും ലൂസിഫറോടൊത്തു് വീണ്ടും അയാളെ സമീപിക്കുകയും ചെയ്തു. തനിക്കു് സംഭവിച്ച പരാജയത്തിൽ ദുഃഖിതനായ ഫൗസ്ററ് ആത്മനിന്ദനം ചെയ്തുകൊണ്ടിരുന്ന സന്ദർഭത്തിലാണു് പ്രേതശക്തികളുടെ രണ്ടാമത്തെ പ്രവേശനം. ദുർബലമനസ്സനായിത്തീർന്നിരുന്ന ഫൗസ്ററിനെ സ്വാധീനിക്കുവാൻ അവർക്കു് വേഗം കഴിഞ്ഞു. സുഖാനുഭവങ്ങരംക്കുവേണ്ടി സ്വന്തം ജീവിതയന്ത്രം നിയന്ത്രിക്കുന്നതിനുള്ള അധികാരം പിശാചിനു് വിട്ടുകൊടുക്കുവാൻതന്നെ അയാളുറച്ചു. ജീവിതകാലം മുഴവനും പ്രേതശക്തികരംക്കു് വശംവദനായിക്കൊള്ളാമെന്നു് സമ്മതിച്ച് ഫൗസ്ററ് സ്വന്തം രക്തത്തിലെഴുതിയ ഒരു കരാർ അവർക്കു് കൊടുത്തു. ഫൗസ്റ്റിൻെറ സഹായത്തിനായി മെഫിസ്റ്റാഫിലിസിനെ ചുമതലപ്പെടുത്തിയിട്ടു് ലൂസിഫർ പ്രേതപുരിയിലേക്കു് മടങ്ങി.

ദണ്ഡകം ഫൗസ്ററിൻെറ അനന്തങ്ങളായ ആഗ്രഹങ്ങരം നിറവേററുവാൻ പിശാചു് തയ്യാറായിരുന്നു. ഇരുവരുംകൂടി ഭോഗസുഖങ്ങരം തേടി വീടുവിട്ടിറങ്ങി. അവർ ആദ്യമായൊരു മദ്യശാലയിലും അനന്തരം ഒരു മന്ത്രസങ്കേതത്തിലും ചെന്നുചേന്നു. മന്ത്രവാദിയിൽനിന്നും ലഭിച്ച മന്ത്രരസം പാനം ചെയ്തപ്പോരം സിരകളിലൂടെ മിന്നൽപ്പിണർ പാഞ്ഞ ഒരനുഭൂതിയാണു് ഫൗസ്ററിനുണ്ടായതു്. മന്ത്രശാലയിൽ കണ്ട ഹെലൻെറ ചിത്രം അയാളുടെ മാനസികവിഭ്രാന്തിയെ വർദ്ധിപ്പിച്ചു. അപ്പോരം മുതൽ കണ്ണിൽക്കണ്ട സ്ത്രീകളെല്ലാം ഹെലനാണെന്ന തോന്നൽ അയാരംക്കുണ്ടായി. ഈ പുനർജന്മത്തിനുശേഷം ഫൗസ്ററ് ആദ്യമായി കണ്ടതു് മാർഗ്ഗരററിനെയാണു്.

**രംഗം അഞ്ചു്.**

## ദേവാലയത്തിനടുത്തുള്ള വഴി

മന്ത്രസങ്കേതത്തിൽനിന്നും മടങ്ങിവരുന്ന ഫൗസ്ററ് ദേവാലയ പ്രാത്ഥനകഴിഞ്ഞു് വീട്ടിലേക്കുപോകുന്ന മാർഗ്ഗരററു് എന്ന യുവതിയെ കാണുകയും അവളിൽ അനുരക്തനായിത്തീരുകയും ചെയ്തു. അയാരം അവളെ സമീപിച്ച് പ്രണയാഭ്യത്ഥന നടത്തി. ഫൗസ്റ്റിൻെറ അഭ്യത്ഥന തിരസ്കരിച്ച് അവരം കടന്നുകളഞ്ഞു.

**രംഗം ആറു്.**

മാഗ്ഗ്വരററിൻെറ തിരോഭാവം മൂലം നിരാശനായിത്തീന്ന ഫൗസ്ററ് ആ സുന്ദരിയെ വീണ്ടെടുക്കുവാനുള്ള ഉപായങ്ങരം ഉപദേ

ശിക്കണമെന്നു് പ്രേതസചിവനോടു് ആവശ്യപ്പെട്ടു. മെഫിസ്ററാഫിലിസ് ആദ്യം ചില തടസ്സങ്ങരം പറഞ്ഞെങ്കിലും കരാർ അനുസരിച്ചു് പ്രവൎത്തിക്കുവാൻ അയാരം നിർബന്ധിതനായിത്തീൎന്നു. വിശിഷ്ട രത്നങ്ങളടങ്ങിയ പേടകങ്ങളും മററനേകം വിലപിടിപ്പുള്ള വസ്തുക്കളും കാഴ്ചവച്ചു് മനംമയക്കി അവളെ വശീകരിച്ചുകൊള്ളാമെന്നു് അയാരം സമ്മതിച്ചു. അതിനുവേണ്ട ഒരുക്കങ്ങരം അവർ നടത്തുകയും ചെയ്തു. ആഭരണലബ്ധിയോടുകൂടി അവരം ഫൗസ്റ്റിനെ ആരാധിക്കുവാൻ തുടങ്ങി. സസന്തോഷം അണിഞ്ഞൊരുങ്ങി അവരം ഉൽക്കണ്ഠയോടെ ഫൗസ്ററിനെ പ്രതീക്ഷിച്ചു് ഉദ്യാനത്തിൽ ഉലാത്തി.

**രംഗം ഏഴു്.**

## ഉദ്യാനം

മാർഗ്ഗരററു് ഒരു താരാപുഷ്പമിറുത്തെടുത്തു് അതിൻെറ ദളങ്ങരം എണ്ണിക്കൊണ്ടു് അദ്ദേഹമെന്നെ സ്നേഹിക്കുന്നു ''സ്നേഹിക്കുന്നില്ല'' എന്നിങ്ങനെ മന്ത്രിച്ചുകൊണ്ടു് ഓരോ ഇതളുകളുമടത്തുകയും ഒടുവിൽ ഒരിതരം മാത്രമവശേഷിച്ചപ്പോരം സ്നേഹിക്കുന്നുവെന്നു് സാഹ്ലാദം പറഞ്ഞുകൊണ്ടു് മുന്നോട്ടു് നീങ്ങുകയും ചെയ്തു. ലതാന്തരത്തിൽ മറഞ്ഞിരുന്ന ഫൗസ്ററു് പ്രത്യക്ഷപ്പെട്ടു് അവളെ ആലിംഗനം ചെയ്തു. അവരുടെ പ്രേമസംഭാഷണങ്ങളും അതിനുശേഷം നടത്തിയ ലീലാവിനോദങ്ങളും അവസാനിക്കുന്നതോടെ രംഗം തീരുന്നു.

**രംഗം എട്ടു്. (എ)**

## ദേവാലയം

പിശാചിൻെറ നിബ്ബന്ധംമൂലം ഫൗസ്ററു് മാർഗ്ഗരററിനെ വിവാഹം കഴിച്ചില്ല. എങ്കിലുമവരുടെ പ്രണയബന്ധം അനുസ്യൂതം തുടർന്നു. തൽഫലമായി അചിരേണ അവരം ഗർഭിണിയായിത്തീൎന്നു. താമസംവിനാ ഭർത്തൃപരിത്യക്തയുമായി. ലോകാപവാദംമൂലമുള്ള അപമാനഭാരം താങ്ങാനാവാതെ അവരം ഈശ്വരപാദങ്ങളെ ശരണം പ്രാപിച്ചു് വിലപിക്കുന്നു.

**(ബി)**

നവജാത ശിശുവിനേയുംകൊണ്ടു് മാർഗ്ഗരററു് സമുദ്രതീരത്തിലെത്തിച്ചേരുന്നു. നഷ്ടപ്പെട്ടുപോയ തൻെറ ഭൎത്താവിനെ ഓക്കുന്നു. ദുർവിധിയെ പഴിച്ചും തൻെറയും കുട്ടിയുടെയും ഭാവി അന്ധകാരമെന്നോത്തും അവരം വിഷമിക്കുന്നു. ഗത്യന്തരം കാണാതെ അവരം

കുട്ടിയോടുകൂടി സമുദ്രത്തിൽ ചാടി ആത്മഹത്യ ചെയ്യുവാൻ ശ്രമിക്കുന്നു. കുട്ടി മരിച്ചുപോയെങ്കിലും ചില രാജദൂതന്മാരാൽ അവരം കരകയററപ്പെട്ടു. താമസംവിനാ അവർ അവളെ ജയിലിലിലടക്കുകയും ചെയ്തു.

**രംഗം ഒൻപതു്.**

## കാരാഗൃഹം, മാർഗ്ഗരററിൻെറ വിലാപം

തൂക്കിലിടുവാൻ വിധിക്കപ്പെട്ട മാഗ്ഗരററ് മരണദിനത്തിൻെറ തലേന്നാരം സ്വകാന്തനെ ഓർത്തും ദുർവ്വിധിയെ പഴിച്ചും ദീർഘമായി വിലപിച്ചു. അവളുടെ വിലാപശബ്ദം കേട്ടു് അവിടെയെത്തിയ ഫൗസ്ററ് ജയിലറ ഭേദിച്ചു് അവളുടെ അടുത്തെത്തുന്നു. സ്നേഹസമ്പന്നയായ ആ സാധ്വിയോടു ക്ഷമായാചനം ചെയ്തുകൊണ്ടയാരം അല്പസമയം അവിടെ കഴിഞ്ഞു. തദവസരത്തിൽ ദുഷ്ടനായ മെഫിസ്ററാഫിലിസ് അവിടെ കടന്നുചെന്നു് ഫൗസ്ററിനെ ബലാൽക്കാരമായി പിടിച്ചുകൊണ്ടുപോകുന്നു. പ്രാണപ്രിയയുടെ ദുസ്ഥിതിയോർത്തു് ദുഃഖപരവശനായി പൊട്ടിക്കരയുന്ന നിലയിൽ പിശാചിൻെറ പിടിയിൽപ്പെട്ടു് ഫൗസ്ററ് രംഗം വിടുന്നു..

**രംഗം പത്തു്. (എ)**

## ഫൗസ്ററിൻെറ സമാധി

മാഗ്ഗരററിൻെറ ദുരന്തം ഫൗസ്റ്റിൻെറ മനസ്സിൽ വലിയ ആഘാതം സൃഷ്ടിച്ചു. പ്രേയസിയുടെ മരണത്തിനും തൻെറ അധഃപതനത്തിനും കാരണം പ്രേതശക്തിയാണെന്നുള്ള കുററബോധം അയാളുടെ മനസ്സിൽ നാരംക്കുനാരം വളന്നു. പിശാചിൻെറ വലയിൽ നിന്നും മോചനം നേടുവാൻ അയാരം ശ്രമിച്ചു. സൽക്കമ്മങ്ങരം കൊണ്ടും പശ്ചാത്താപംകൊണ്ടും ആത്മശുദ്ധി നേടുവാനുള്ള പരിശ്രമത്തിൽ അയാരം മുഴുകി. ആ അവസരത്തിൽ ഫൗസ്ററ് മനുഷ്യത്വത്തിൻെറ സമ്പൂണ്ണനിലയെ പ്രാപിച്ചു. തൻെറ ജീവിതാന്ത്യം അടുത്തിരിക്കുന്നു എന്ന തോന്നൽ അദ്ദേഹത്തിനുണ്ടായി. പ്രേയസിയുടെ ആത്മാവു് തന്നെ അനന്തതയിലേക്കു് ക്ഷണിക്കുന്നതായും അദ്ദേഹത്തിനുതോന്നി. ഒരു ദിവ്യപ്രകാശം വിഹായസ്സിൽ പരക്കുകയും ദൈവീകമായ ഒരാഹ്വാനമെന്നപോലെ മണിമുഴക്കം കേരംക്കുകയും ചെയ്തു. ആ മംഗള മുഹൂത്തത്തിൽ ഫൗസ്ററിൻെറ ആത്മാവു് സായൂജ്യപ്രാപ്തിക്കുവേണ്ടി വിഹായസ്സിലേക്കുയർന്നു.

(ബി)

## ഫൗസ്ററിൻെറ സായൂജ്യപ്രാപ്തി

(ആത്മഹരണത്തിനുവേണ്ടി ദേവ—പ്രേത ദൂതന്മാരുടെ സംഘട്ടനം). ഫൗസ്ററിൻെറ ആത്മജ്യോതിസ്സ് വിഹായസ്സിൽ തങ്ങിനിൽക്കവേ അതിനെ അപഹരിക്കുവാനായി; ഫൗസ്ററ് എഴുതിക്കൊടുത്ത രക്തരേഖയുംകൊണ്ടു് പ്രേതദൂതന്മാർ അവിടെ ചെന്നെത്തി. തൽസമയം ദിവ്യസ്വരൂപികളായ ദേവന്മാർ പ്രത്യക്ഷപ്പെട്ടു് പുഷ്പവൃഷ്ടി നടത്തി ആത്മാവിനുവേണ്ടി രണ്ടു കൂട്ടരും അവകാശവാദം പുറപ്പെടുവിച്ചു. ലൂസിഫറും മെഫിസ്ററാഫിലിസും രക്തരേഖ ഹാജരാക്കി അവകാശം സ്ഥാപിക്കുവാൻ ശ്രമിച്ചെങ്കിലും അതു ഫലിച്ചില്ല. ഭൂമിയിൽ ജീവിച്ചിരിക്കുന്ന കാലത്തോളം മാത്രമേ പ്രേതങ്ങൾക്കു് അയാളുടെ മേൽ അധികാരമുണ്ടായിരുന്നുള്ളു. സംഘട്ടനത്തിൽ പരാജിതരായ പ്രേതങ്ങളുടെ നിഷേധപ്രകടനങ്ങളെ അവഗണിച്ചുകൊണ്ടു് ഫൗസ്ററിൻെറ ആത്മാവിനെ ദേവദൂതന്മാർ സ്വർഗ്ഗത്തിലേക്കാനയിച്ചു. തത്സമയം മാലാഖമാർ ഈശ്വരസ്തുതിഗാനങ്ങൾ ആലപിക്കുന്നതോടുകൂടി രംഗത്തിനു് തിരശ്ശീല വീഴുന്നു.

—o—

KOTTAYAM PUBLIC LIBRARY
51568

# അഭിപ്രായം

സുപ്രസിദ്ധ ജർമ്മൻ ഇതിഹാസ പുരുഷനായ ഡോക്ടർ ഫൗസ്റ്റി ൻെറ കഥകളിവേഷത്തിൽ ആദ്യമായി രംഗത്തവതരിപ്പിക്കു വാൻ ഭാഗ്യം സിദ്ധിച്ച ഒരു നടനെന്ന നിലയിൽ എനിക്കു തോ ന്നിയ ചില കാര്യങ്ങൾ ഇവിടെ രേഖപ്പെടുത്തട്ടെ.

ഹിന്ദുപുരാണ ബാഹ്യങ്ങളായ പല ആട്ടക്കഥകളും ഈ അടുത്ത കാലത്തു പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അവയിൽ ചില കഥാപാത്രങ്ങളാ യി ഞാനഭിനയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആ കഥകൾ ക്കൊന്നിനും ഡോക്ടർ ഫൗസ്ററിൻെറ രംഗപ്രഭാവം ഉള്ളതായി തോ ന്നിയില്ല. സത്വഗുണപ്രധാനരായ മററു കഥാപാത്രങ്ങളെ അവത രിപ്പിക്കുമ്പോൾ ഉണ്ടാകാറുള്ള അനുഭൂതിവിശേഷം ഫൗസ്ററു കഥാ പാത്രത്തിൻെറ അവതരണത്തിലും എനിക്കുണ്ടാവാറുണ്ട്. നളചരി തത്തിലെ വേർപാടു രംഗത്തിൽനിന്നും വിഭിന്നമാണെങ്കിലും ഏ താണ്ട് അതേ മട്ടിൽത്തന്നെ ശോകനിർഭരമായ ഒരു രംഗമാണ് ജയിലിൽനിന്നും മാഗ്ഗററിനെ ഫൗസ്ററ് വിട്ടുപോകുന്ന രംഗം. ഭർത്തൃസ്നേഹപരായണയായ ഒരു നായികയാണ് മാഗ്ഗററ്. പര പീഡനവ്രതനായ കലിയെപ്പോലെയാണ് ഈ കഥയിലെ മെഫി സ്ററാഫിലിസ് എന്ന കഥാപാത്രം.

ഈശ്വരമഹത്വപ്രകാശനപരവും മനുഷ്യൻെറ ആന്തരിക ജീ വിതത്തെ സ്പർശിക്കത്തക്കതുമായ ഒരു സന്ദേശം ഈ കൃതി ഉൾക്കൊ ള്ളുന്നുണ്ട്. രൂപത്തിലും ഭാവത്തിലും ഹിന്ദുപുരാണപരമായ ഒരന്ത രീക്ഷം സൃഷ്ടിക്കുവാൻ ഗ്രന്ഥകർത്താവിനു കഴിഞ്ഞിട്ടുണ്ട്. ഭഗവൽ ഭക്തി പ്രകാശകമായ ഈ കഥ കേരളീയ കലയായ കഥകളിക്ക് ഒരു മുതൽക്കൂട്ടു തന്നെയാണെന്ന കാര്യത്തിൽ പക്ഷാന്തരമില്ല.

കഥകളിയുമായി ചിരകാല പരിചയം സിദ്ധിച്ച എൻെറ സു ഹൃത്ത് ശ്രീ. അയ്യനം കൃഷ്ണക്കൈമളുടെ രചനാരീതിയും അക്ലിഷ്ടസു ന്ദരമാണ്. പദപ്രയോഗങ്ങളെല്ലാംതന്നെ മുദ്രകാണിക്കുവാനും ഭാവ പ്രകടനത്തിനും പററിയ വിധമാണ്. ചുരുക്കത്തിൽ ഇതൊരു നല്ല ആട്ടക്കഥയാണ്. ഈ കഥയ്ക്ക് പ്രചുരപ്രചാരം സിദ്ധിക്കാൻ ശ്രീവല്ലഭനോട് പ്രാർത്ഥിക്കുന്നു.

എന്ന്,

സ്നേഹപൂർവ്വം

കീരിക്കാട്  (ഒപ്പ്)

12-12-1977  കലാരത്നം മാങ്കുളം വിഷ്ണുനമ്പൂതിരി

| കഥാപാത്രങ്ങൾ | വേഷവിധാനം |
|---|---|
| 1) ഡോ. ഫൗസ്ററ്റ് (നായകൻ) | പച്ചവേഷം |
| 2) ലൂസിഫർ (പ്രതിനായകൻ) | കത്തി (യമധർമ്മൻെറ വേഷം) |
| 3) മെഫിസ്റ്റാഫിലിസ് I | മിനുക്ക് – ഉഗ്രരൂപത്തിലുള്ള മല്ലൻെറ വേഷം (ഒന്നും മൂന്നും രംഗങ്ങൾ) |
| മെഫിസ്റ്റാഫിലിസ് II | താടി (കലിയുടെ വേഷം) |
| 4) ദൈവം | (പഴക്ക – കൃഷ്ണൻെറ മുടി) |
| 5) മാലാഖമാർ | (മിനുക്ക് – വെള്ള ശിരോവസ്ത്രം) |
| 6) മാർഗ്ഗരററ് | (മിനുക്ക് – സ്ത്രീവേഷം) |
| 7) പ്രേതസചിവന്മാർ | (മിനുക്ക് – പലഇനത്തിൽ) |
| 8) ദേവദൂതൻ (ആത്മാപഹരണസന്ദർഭം) | (വെള്ളത്താടി) (വിഷ്ണുജ്വരംപോലെ) |
| 7) പ്രേതദൂതർ | (കറുത്തതാടി) |

—o—

VINOD - C - SEKHAR
C.M.S. COLLEGE,
KOTTAYAM.
...AYAM PUBLIC LIB...
...TTAYAM.
by Late Prof. Krishnakurup
S.B. College
Changanacherry

# ഡോക്ടർ ഫൗസ്റ്റ്

## ആട്ടക്കഥ

### പുറപ്പാട്

ഭൈരവി – ചെമ്പട

ശ്ലോകം. 1

വിദ്യാനിധിർജഗ്തി ജർമ്മനി ഭുവിഭാഗേ
ഹൃദ്യാനവദ്യ ബഹു വിസ്മയ സിദ്ധിയുക്തഃ
സർവ്വേശ തൃപ്തിവരലാഭ വിശുദ്ധചിത്തഃ
കശ്ചിന്മഹാമതിരഭൂൽ കിലഫോസ്റ്റ സാഖ്യഃ

നിലപ്പദം

പദം. 1

മന്നിടത്തിൽ ജർമ്മനീയിൽ – പുണ്യജന്മമാർന്നോൻ
ഉന്നത ബിരുദത്താലെ – പണ്ഡിത സമ്മാന്യൻ!

വർണ്ണനീയ നാനാഗുണ – ഭാവനകൾക്കെല്ലാം
പൂർണ്ണചൈതന്യ രൂപത്തെ – നൽകിയ മഹാത്മാ

ജീവിത വിഹായസ്സതിൽ – സ്വൈര സഞ്ചാരിയായി
ജീവികൾ തൻ വ്യക്തിത്വത്തെ – സുസ്ഥാപിതമാക്കി

മർത്ത്യജന്മസാഫല്ല്യത്തെ – നേടുവാനായ്ക്കൊണ്ടു്
കീർത്തിമാനാം ഫൗസ്റ്റത്ര – ജ്ഞാനിയായി വാണു.

---

ശ്ലോകം. 1 ലോകത്തിൽ ജർമ്മനിയെന്ന ദേശത്തു്, ഹൃദ്യങ്ങളും അനവദ്യങ്ങളുമായ വിസ്മയ സിദ്ധികളോടുകൂടിയവനും ഈശ്വരപ്രീതിക്കു പാത്രീഭൂതനും ദിവ്യ വരലാഭംകൊണ്ടു വിശുദ്ധനുമായി ഫോസ്റ്ററസ് എന്നൊരു മഹാ പണ്ഡിതൻ (പണ്ടു്) ജീവിച്ചിരുന്നു.
(നായകന്റെ തൽക്കാല സ്ഥിതിവിശേഷങ്ങൾ വെളിപ്പെടുത്തുന്ന പദ്യം.)
വിദ്യാനിധി = വിദ്യാസമ്പന്നൻ, ജഗതി = ലോകത്തിൽ
ഹൃദ്യാ.....യുക്ത = പറഞ്ഞറിയിക്കാൻ വയ്യാത്തവിധം രസകരങ്ങളും വിസ്മയനീയങ്ങളുമായ വിശേഷവൈഭവങ്ങളോടുകൂടിയവൻ

## രംഗം ഒന്നു്: സ്വർഗ്ഗം - ദേവസഭ.

(ദൈവസന്നിധിയിൽ മാലാഖമാരും പിശാചദൂതനായ മെഫിസ്റ്റാഫിലിസും തമ്മിലുള്ള വാഗ്വാദം, ശപഥം)

ശ്ലോകം. 2

തൽക്കാലേ ദിവിദേവവൃന്ദസഹിതേ സർവ്വേശ്വരേ—
ശാശ്വതേ
സംവിഷ്ടേമഹിമാതിരേക വിലസൽ സിംഹാസനേ—
പ്രോജ്ജ്വലേ
അജ്ഞാതാരിപ്പിശാച ദൂതസഹിതാഃ സംപ്രാപ്യ—
ദൂതാസ്തദാ
പ്രോചുർഭ്രുതലവാസിനാം സുചരിതം പ്രോൽ
ക്ഷേദം ഭവ്യദം.

(ദേവദൂതന്മാർ വലതുവശം ചേർന്നും പ്രേതദൂതനായമെഫിസ്റ്റാഫിലിസ് ഇടതുവശത്തുക്കൂടെയും 'കിടതിത്താം' ചവുട്ടി പ്രവേശിച്ച് നോക്കികാണുന്നു. ദേവദൂതർ ദൈവത്തെ വന്ദിച്ചശേഷം പദമാടുന്നു.)

---

സർവ്വേശൻ = ഈശ്വരൻ  കശ്ചിൽ = ഒരു  മഹാമതി = മഹാപുരുഷൻ
അഭ്രൽ = (ഭവിച്ചു) ഉണ്ടായി

പുറപ്പാട്; കഥകളിയിലെ പ്രാരംഭചടങ്ങുകളിൽ, തോടയവും വന്ദനശ്ലോകവും കഴിഞ്ഞു്, കഥയാരംഭിക്കുന്നതിനുമുമ്പ് നടത്തുന്നതു്. സംസ്കൃത നാടകങ്ങളിൽ സൂത്രധാരൻ ചെയ്യുന്ന, കഥാസൂചനയോടുകൂടിയ പ്രസ്താവനയുടെ സ്ഥാനമാണിതിനു്.

നിലപ്പദം = കഥാരംഭത്തിലെ നായകൻെറ നില — സ്ഥിതിവിശേഷങ്ങൾ — വിശദീകരിക്കുന്ന പദമെന്നർത്ഥം. കഥയുടെ പുറപ്പാട് എവിടംമുതൽക്കാണെന്നു കാണിക്കുന്നതുകൊണ്ടു്, ഇതിനെ പുറപ്പാടു പദമെന്നും പറയും.

പദം 1  ''പുണ്യജന്മമാന്നോൻ = മനുഷ്യനിലെ ആത്മഭാവത്തെ അതിൻെറ പരിപൂർണ്ണദശയിൽ ദർശിക്കുകയും വിശുദ്ധ കർമ്മങ്ങളിലൂടെ, ദൈവകാരുണ്യത്താൽ സായൂജ്യമണ്ഡലത്തിലേയ്ക്കു് ഉയരുകയും ചെയ്ത ഫൗസ്റ്റിൻെറ ജന്മം പുണ്യജന്മം തന്നെയാണു്.

ഉന്നത.....സമ്മാന്യൻ = എ. ഡി. 16—ാം ശതകത്തിൻെറ ആദ്യഘട്ടത്തിൽ മഹാപണ്ഡിതനെന്ന നിലയിൽ കഥാനായകൻ പ്രസിദ്ധനായിത്തീർന്നു. തത്വശാസ്ത്രം, മതം, വൈദ്യം, മനഃശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ പാണ്ഡിത്യം സമ്പാദിച്ചു. 'ഡോക്ടർ' എന്ന ബഹുമതിയും ലഭിച്ചു.

വർണ്ണനീയ.....മഹാത്മാ = സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിൽ—(അനുഭൂതിമണ്ഡലത്തിൻെറ വികാസത്തിലൂടെ) ഭാവനകൾക്കു് പൂർണ്ണചൈതന്യം (ഈശ്വരചൈതന്യത്തെ ഉൾക്കൊള്ളുക) കൈവരുത്തുകയാണു് ഫൗസ്റ്റ് ചെയ്യുന്നതു്. പ്രകൃതിയിലെ നാനാ ഗുണഭാവങ്ങൾ പൂർണ്ണമായി ഗ്രഹിക്കുവാനുള്ള യത്നങ്ങളുടെ ഒരു ശൃംഖല തന്നെയായിരുന്നു അദ്ദേഹത്തിൻെറ ജീവിതം. ക്രമേണ ഉയർന്ന മണ്ഡലങ്ങളുടെ പൂർണ്ണതയിലെത്തിച്ചേരുകയും ചെയ്ത

പദം. 2 കല്യാണി – ചെമ്പട

ദേവദൂതൻ:– (1)

പല്ലവി. ഭഗവൻ ജയ ജയ! കാരുണ്യവാരിധേ!
ഭഗവൻ ജയ ജയ!

അനുപല്ലവി.

അത്ഭുതദർശനവും ശക്തിയും പൂർണ്ണതയും
ഉംപ്പൂവിൽ വളർത്തുമീയുജ്വല സന്നിധാനം
(ഭഗവൻ....)

ചരണം: എത്രയുമതിമാത്രശില്പങ്ങളും പ്രപഞ്ചങ്ങളും
ചിത്തത്തിലോർക്കാൻപോലുമിജ്ജനം ശക്തനല്ല
അത്തുലമാമാദി സൃഷ്ടി ദിനമെന്നപോൽ സമഷ്ടി
അഖിലേശാ നിത്യതുഷ്ടിയരുളുന്നു കൃപാവൃഷ്ടി.
(ഭഗവൻ....)

ദേവദൂതൻ:– 2

മനുജന്മാർ തവസ്നേഹവാരിപൂരത്താൽ ലോകേ
സുകൃതവല്ലരികളെ സഫലയാക്കീടുന്നു.
മോക്ഷമാർഗ്ഗത്തിലവർ സൂക്ഷ്മസഞ്ചാരം ചെയ്തു
സാക്ഷാൽക്കാരത്തിനായി സതതം പ്രാർത്ഥിച്ചീടുന്നു
(ഭഗവൻ....)

---

ജീവിതവിഹായസ്സിൽ...........ജീവിതസ്വാതന്ത്ര്യം നേടുവാനായി പ്രതികൂലശക്തികളോട് അടിക്കടി പോരാടിക്കൊണ്ടിരിക്കുന്നവനു മാത്രമേ വ്യക്തിത്വത്തിൻെറ തികവിൽ എത്താൻ കഴിയുകയുള്ളു എന്ന് അദ്ദേഹം തെളിയിച്ചു.

ഉന്നതിക്കുവേണ്ടി സദാപി ഉഴറുന്ന ഒരു മനുഷ്യൻെറ പ്രതിനിധി—സന്ദേശവാഹകൻ എന്ന നിലയിൽ ഫൗസ്റ്റ് കീർത്തിമാനായിത്തീർന്നു.

രംഗം. 1

ശ്ലോകം. 2 അക്കാലത്ത് സ്വർഗ്ഗത്തിൽ സനാതനനായ സർവ്വേശ്വരൻ ദേവന്മാരോടൊത്ത് മഹത്തായ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുമ്പോൾ, വേഷപ്രച്ഛന്നനായ പിശാചദൂതനും [മെഫിസ്റ്റാഫിലിസ്] ദേവദൂതന്മാരും [റാഫേൽ, ഗബ്രിയേൽ എന്നീ മാലാഖാമാർ] അവിടെ എത്തിച്ചേർന്നു. ജനങ്ങൾ ഈശ്വരഭക്തന്മാരായി സർവ്വോൽക്കർഷേണ ഭൂമിയിൽ വസിക്കുന്നു എന്ന ശുഭവൃത്താന്തം ദേവദൂതർ ദൈവത്തെ അറിയിക്കുകയും ചെയ്തു.

പിശാചദൂതൻ:— (മെഫിസ്ററാഫിലിസ്)
പന്തുവരാളി -- ചെമ്പട

പദം. 3

പല്ലവി. എത്ര വിചിത്രമഹോ! പാർത്താലി—
തെത്ര വിചിത്രമഹോ?
അ: പ: അത്രമിടുക്കൊടു ദൂതൻ ചൊന്നതു—
ചിത്രമതെന്നേ പറവാനുള്ളു.

ച: ഭൂതലമഖിലം ചുററി നടന്നഥ-
മാനുഷചരിതം സൂക്ഷ്മമറിഞ്ഞൊരു
ഞാനും ചിലകഥ ചൊല്ലീടുന്നു
ദേവവരാധിപ ബോധിക്കേണം.
(എത്രവിചിത്ര...)

മാനുഷജാതികളവിരതമനവധി-
യപനയവൃത്തികളവലംബിപ്പൂ
കാമക്രോധവികാരജ്വാലയി—
ലീയാം പാററകാംപോലെ പതിപ്പൂ!
(എത്രവിചിത്ര...)

ദൈവം — പദം. 4

ശങ്കരാഭരണം – ത്രിപുട

പ: സാത്താനേ കോംക്കമേ വാചം
സത്യവിദ്വേഷം നീ ചൊന്നിടൊല്ലേ!
അ: പ: ഭൂലോകവാസികളാകും മനുഷ്യരും
ഭൂരിഗ്ഗുണവാന്മാരെന്നു ധരിക്ക നീ
(സാത്താനേ)

---

(പിശാചുക്കാം ദൈവ വിരോധികളാണെങ്കിലും അവർ ചിലപ്പോാം പ്രച്ഛന്ന വേഷരായി സ്വർഗ്ഗത്തിൽ ചെല്ലാറുണ്ട്.)
തൽക്കാലേ = അക്കാലത്ത്, ദിവി = ദേവലോകത്തിൽ, സർവ്വേശ്വരേശാ—ശ്വതേ = സനാതനനായ (ആദ്യന്തവിഹീനനായ) ഈശ്വരൻ, സംവിഷ്ടേ = സ്ഥിതിചെയ്യുമ്പോാം, അജ്ഞാതാരി പിശാചദൂത = വേഷപ്രച്ഛന്നനും ദേവശത്രുവുമായ പിശാചദൂതൻ, പ്രോച്യ = പറഞ്ഞു, ഭൂതലവാസിനാം = ഭൂലോകവാസികളായ മനുഷ്യരുടെ, പ്രോൽക്കർഷദം = ഉൽകൃഷ്ടങ്ങളായ, ഭവ്യദം = ശുഭകരങ്ങളായ, സുചരിതം = സൽക്കഥ.
പദം. 2 അതിമാത്രശില്പങ്ങാം പ്രപഞ്ചങ്ങാം = ഈ പ്രപഞ്ചം ഈശ്വരന്റെ അത്ഭുതകരങ്ങളായ സൃഷ്ടികാം (കൊത്തുപണികാം) കൊണ്ടു നിറഞ്ഞതാണ്.

ച: സാത്വികസംശുദ്ധനിത്യ ചൈതന്യത്തെ
വാഴ്ത്തുന്നു മത്ഭക്തർ ലോകാന്തരങ്ങളിൽ!
അത്ര വിശേഷിച്ചു ചൊല്ലിടേണ്ടും കാര്യം
മൽഭക്തൻ ഫോസ്റ്ററസ്സിൻ തത്വം നിനക്കിലോ
(സാത്താനേ)

സദ്ഗുണവാനാകും ഫോസ്റ്ററസ്സിൻ സൽക്കീർത്തി-
യിത്രി ലോകങ്ങളിലാരറിയാത്തുള്ളൂ?
സംസാര തത്വത്തിൻ സാരം ഗ്രഹിച്ചവൻ
സ്വർലോക സംപ്രാപ്തിക്കേകാവകാശിയാം
(സാത്താനേ)

പദം. 5 – പിശാചദൂതൻ (മെഫിസ്റ്റോഫിലിസ്)

ചിത്രമിദം വചനം ഭോ ദേവാ!
ചിത്രമിദം വചനം!

എത്രഗുണങ്ങൾ തികഞ്ഞവനും പര-
മെന്നുടെ കൈകളിലമരുകിലവനുടെ
സൽകൃതി വൈഭവമാശുകെട്ടുത്തും
മൽകൃതി ദേവ നീ ബോധിച്ചാലും
(ചിത്രമിദം)

സത്വഗുണാംബുധി ഫൗസ്റ്ററും ലൗകിക-
സരസസുഖങ്ങളതീവ ഭുജിപ്പാൻ
സത്വരമധികം തൽപ്പരനെന്നതു
സത്യനിധേ! നീയറിയേണം
(ചിത്രമിദം)

നാരീമണിയുടെ സഹവാസം, ചില-
കേളീസ്ഥലികളിലധിവാസം
മാസ്മരവിദ്യയിലഭിലാഷം, എന്നീ-
മാർഗ്ഗാലവനും ശീഘ്രം മമ മിത്രം
(ചിത്രമിദം)

---

ആദിസൃഷ്ടി ............ = ലോകാരംഭത്തിൽ (പ്രഥമദിനത്തിൽ) ഭൂമിയിൽ എല്ലാ സംഗതികളും ശ്രേയസ്കരങ്ങ (സത്യം – ശിവം – സുന്ദരം) ളായിരുന്നു എന്ന് സങ്കല്പം. കൃപാവൃഷ്ടി = കൃപയാകുന്ന വർഷം (മഴ)
മനുജന്മാർ . . . . . യാക്കിടുന്നു = മനുഷ്യസ്നേഹമാകുന്ന ജലംകൊണ്ടു നനയ്ക്കപ്പെട്ടുപോരും സുകൃതങ്ങളാകുന്ന വല്ലികൾ (സൽക്കർമ്മങ്ങൾ) ഫലപൂർണ്ണങ്ങളാകുന്നു. രൂപകാലങ്കാരം. സതതം = എപ്പോഴും. സാക്ഷാൽക്കാരം = ഈശ്വര സാക്ഷാൽക്കാരം (മോക്ഷം) വല്ലരി = വല്ലി.
പദം. 3. അത്ര = ഇവിടെ. ചിത്രം (ചിത്ര) = അത്ഭുതകരം. വിചിത്രം = അത്യാശ്ചര്യം. അവിരതം = ഇടവിടാതെ. അപനയവൃത്തികൾ = ദുഷ്കർമ്മങ്ങൾ. കാമക്രോധ ................. = മനുഷ്യർ കാമക്രോധാദി ഷഡ്വികാരങ്ങളാകുന്ന അഗ്നിജ്വാലയിൽ ശലഭങ്ങളെന്നപോലെ പതിച്ച് ദഹിക്കുന്നു. രൂപകസങ്കലിതമായ ഉപമ.

ദൈവം:

ഫോസ്ററസ്സു ഭൂമിയിൽ വാഴ്‌വോളമുണ്ടല്ലോ
മുററുമവനിൽ നിനക്കധികാരം
ആയതെനിക്കനുവാദം കേൾ സാത്താനേ
ആയാതമായതിലെൻ ദൃഢനിശ്ചയം
(സാത്താനേ)

പിശാചദൂതൻ:—

ഇന്നവനെന്നുടെ വശഗതനാവുകി—
ലെന്നല്ലവനീ ഭൂമിയിൽ വാഴകിൽ
നിർണ്ണയമവനെൻ ഹിതാനുവർത്തിയാം
നരകത്തിന്നവനവകാശി, ഇന്നിതു സത്യം സത്യമതേ!

ഇളകിയാട്ടം

മെഫിസ്റ്റാഫിലിസ്:— കോപത്താൽ ജ്വലിച്ച്, ഫൌസ്റ്റിനെ ദുർമ്മാർഗ്ഗിയാക്കി നരകത്തിൽ പതിപ്പിക്കുമെന്നു സത്യം ചെയ്യുന്നു. അതിനായി ഏതു സാഹസകർമ്മവും ചെയ്യാൻ താൻ ഒരുക്കമാണെന്നു പ്രഖ്യാപിക്കുന്നു. ശപഥം ഒരിക്കൽക്കൂടി ആവർത്തിച്ചതിനുശേഷം വിജയവിശ്വാസത്തോടെ അയാൾ ഇറങ്ങിപ്പോകുന്നു.

പിശാചിൻെറ കലിതുള്ളൽ കണ്ട് ആശങ്കാകുലരായ ദേവദൂതരെ ദൈവം സമാധാനിപ്പിക്കുന്നു. "സ്നേഹത്തിലും സത്യത്തിലും അടിയുറച്ചു വിശ്വസിക്കുന്നവർക്ക് ഈശ്വരപ്രീതി ലഭിക്കുക തന്നെ ചെയ്യും. സുകൃതികൾ ചിലപ്പോൾ ദുഷ്പ്രേരണകൾക്കു വശംവദരായാൽപോലും പിന്നീട് അവർക്കു ജീവിതത്തിൽ ആത്യന്തികമായ വിജയം ലഭിക്കാതിരിക്കുകയില്ല. ദൈവദാസനായ ഫൌസ്റ്റിനും അപ്രകാരം തന്നെ സംഭവിക്കുന്നതാണ്." എന്നരുളിച്ചെയ്തിട്ട് കൈകൂപ്പി നിൽക്കുന്ന മാലാഖമാരെ ദൈവം അനുഗ്രഹിച്ചു യാത്രയാക്കുന്നു.

---

പദം. 4. ഭൂരിഗ്ഗുണവാന്മാർ = ഗ്ഗുണവും ദോഷവും തുലനം ചെയ്യുമ്പോൾ താരതമ്യേന കൂടുതൽ ഗ്ഗുണമുള്ളവർ. സാത്വികം = സത്വഗ്ഗുണപ്രധാനം.
മത്ഭക്തൻ ഫോസ്റ്റസ്സ് = ഫൌസ്റ്റ് ഭക്തനാണെന്നും തൻെറ സവിശേഷ പ്രീതിക്കു പാത്രമാണെന്നും ദൈവം പറയാറുണ്ട്. സ്വർലോകസംപ്രാപ്തി = സ്വർഗ്ഗപ്രാപ്തി
പദം 5. സൽകൃതിവൈഭവം = സൽക്കർമ്മവാസന. മൽകൃതി = തൻെറ കൃത്യവൈഭവം. കൃതി = വിശേഷവൈഭവം — ചെപ്പടിവിദ്യ. മാസ്മരവിദ്യ = (mesmerism) മന:ശക്തി പ്രയോഗിച്ച് അന്യനെ വശപ്പെടുത്തുന്ന വിദ്യ.
ആയാതം = വന്നുചേന്നതു് (ഭൂതകാലം) ആസന്നഭാവിയിൽ സംഭവിക്കുന്നെന്ന അൎത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നു.



**ദേവസഭ—ദേവദൂതർ, ദൈവം, മെഫിസ്ററാഫിലിസ് (ദൂതവേഷം)**

ഫൗസ്റ്റിനെ നരകത്തിൽ പതിപ്പിക്കുന്നതാണെന്നു് മെഫിസ്റ്റാഫിലിസ് ശപഥംചെയ്യുന്നു.

''ഇന്നവനെന്നുടെ വശഗതനാവുകിലെന്നല്ലവനീ ഭൂമിയിൽ വാഴുകിൽ
നിർണ്ണയമവനെൻ ഹിതാനുവർത്തിയാം നരകത്തിന്നവനവകാശി, ഇന്നിതു സത്യം സത്യമതേ!''

## രംഗം രണ്ടു്: ഡോക്ടർ ഫൗസ്റ്റിൻെറ പഠനമുറി

(ചന്ദ്രികാചർച്ചിതമായ രാത്രി. നായകൻെറ സ്ഥായീഭാവം വിഷാദാത്മകത. ഫൗസ്ററിൻെറ ഹൃദയത്തെ മഥിച്ചുകൊണ്ടിരുന്ന ചിന്തകൾ ആത്മഗതരൂപത്തിൽ ബഹിർഗമിക്കുന്നു. പൂർവ്വകാലാനുഭവങ്ങളുടെ അനുസ്മരണം – ഇന്ദ്രജാലപ്രയോഗം–തത്വചിന്ത)

ശ്ലോകം. 3 തോടി – ചെമ്പട

യാതേ പിശാച സചിവേത്രിദിവാൽ; സഫോസ്റ്റ-
ശ്ചിന്താതുരോഭുവി വിധിം പ്രതിദൂയമാനഃ
ഗ്രന്ഥാലയേ ഭവനവത്തിനി സംസ്ഥിതോ ഭൃ-
ച്ചന്ദ്രാംശുചർച്ചിതമനോജ്ഞനിശീഥകാലേ.

ഫൗസ്ററ് – പദം. 6

പ: ലോക പാലക!, ദേവ! ലോകപാലക;
അ: പ: ശോകപൂരിതമാമീ ലോകജീവിതം ഭവാ–
നേകനാമിവനുവൃഥാ നല്കിയല്ലോ!
(ലോക....)

ച: തത്വശാസ്ത്ര്യാദികൾ സർവ്വവും ഞാനഭ്യസിച്ചു
സത്വരം പണ്ഡിതനെന്നകീർത്തിയാർജ്ജിച്ചു
വിദ്യാഭിലാഷികളാം ശിഷ്യരെയഭ്യസിപ്പിച്ചു
വിശ്വവിശ്രുതൻ ഫൗസ്ററെന്നെല്ലാരും പ്രശംസിച്ചു.
(ലോക....)

---

രംഗം 2.

**ശ്ലോകം 3. പ്രേതരാജാവിൻെറ സചിവനായ മെഫിസ്റ്റാഫിലിസ് സ്വർഗ്ഗത്തിൽനിന്നും (ദൈവവുമായി ഒരു പന്തയത്തിൽ ഏർപ്പെട്ടു്) മടങ്ങിപ്പോയ കാലത്തു്, ചന്ദ്രികാ ചർച്ചിതമായ ഒരു മനോഹരരാത്രിയിൽ ചിന്താകുലനായ ഫൗസ്റ്റ്, ഭവനത്തിലുള്ള ഗ്രന്ഥശാലയിൽ, തൻെറ ദുർവ്വിധിയെപ്പററി ചിന്തിച്ചു ദുഃഖിക്കുന്നവനായി സ്ഥിതിചെയ്തു.**

**യാതോപിശാചസചിവേ = പിശാചസചിവൻ പോയപ്പോൾ. ത്രിദിവാൽ = സ്വർഗ്ഗത്തിൽനിന്നും. ചിന്താതുരഃ = ചിന്തിച്ചു ദുഃഖിക്കുന്നവനായി. വിധിം പ്രതി = വിധിയെ ചൊല്ലി. ദൂയമാന = ദുഃഖിക്കുന്നവനായി.**

**ഗ്രന്ഥാലയേ = ഗ്രന്ഥശാലയിൽ. ഭവനവർത്തിനി = ഭവനത്തിലുള്ള. സംസ്ഥിതോ ഭൂൽ = സ്ഥിതിചെയ്തു. (സംസ്ഥിത; അഭൂൽ)**

**ചന്ദ്രാം ...............കാലേ = ചന്ദ്രികപരന്നിട്ടു് മനോഹരമായ രാത്രിയിൽ.**

**പദം 6. ലോകപാലൻ = ഈശ്വരൻ. ശോകപൂരിതം = ദുഃഖംകൊണ്ടുനിറഞ്ഞതു്. ഏകനാമിവനു് = ഒററപ്പെട്ടവൻ. (ജീവിതനൈരാശ്യത്താൽ താൻ**

ഇത്ഥമെല്ലാം നേടിയിട്ടും ജീവിതംമേ ശോചനീയം
മത്ത്യകീടമാകും ഞാനൊരു ശവാവില്പം നിസ്സാരനത്രെ!
വിശ്വവിജ്ഞാനസംഹിതവ്യത്ഥമെന്നുള്ള ബോധം
വിശ്വനായകാവിഭോ! മമ ചിത്തതാരിൽ വളരുന്നു.
(ലോക .. )

അത്ഭുതമിപ്രപഞ്ചത്തിൻ സാരമായീടും രഹസ്യം
സുഗ്രഹമാക്കീടുവാനെന്തൊരുപായമിപ്പോഠം?
ഇന്ദ്രജാലമഹാശക്തി വിശ്വവിജയത്തിൻ ഹേതു,
സാന്ദ്രമോദമിന്നതിനെ കൈവരിപ്പേൻ ഞാൻ
(ലോക... )

(അനന്തരം മുന്നിലിരുന്ന പുസ്തകസഞ്ചയം പരിശോധിക്കുന്നു. അവയിലൊന്നെടുത്തതിനുശേഷം)

പദം. 7 മോഹനം – ചമ്പ.

ഇന്ദ്രജാല സംബന്ധിയാം ഗ്രന്ഥമൊന്നിതാ മമ
സമ്പ്രതിലഭിച്ചുവല്ലോ ഭാഗ്യമഹോഭാഗ്യം!
ഉത്തമമാമി ഗ്രന്ഥത്തിൽ ദിവ്യമന്ത്രചിഹ്നങ്ങളും
എത്രയും പരിലസിപ്പൂ ദർശനയോഗ്യങ്ങളായ്

ബ്രഹ്മാണ്ഡചിഹ്നമിതു ബ്രഹ്മതത്വവാചിയല്ലോ
സന്മന്ത്രപൂവ്വമത്തും ധ്യാനയോഗ്യമാം
മനസിമമപെരുകിടുന്നു ആനന്ദപൂരവും
അത്ഭുതരഹസ്യജാലം ദർശിക്കയാൽ!

അത്യുജ്വലമായിടുന്ന ദിവ്യചിഹ്നമിതാവേറെ
വിദ്യുൽ പ്രഭ വീശിടുന്ന ഭൂദേവത തന്റെ!
അസുലഭസൗഭാഗ്യം മമ തരുവതിന്നു യോഗ്യയാം
പരമവിധാത്രിയെ ഞാനും പ്രണമിക്കുന്നു.
(മന്ത്രപൂർവ്വം ധ്യാനിക്കുന്നു)

---

ഒററപ്പെട്ടവനെന്ന തോന്നൽ ഫൗസ്റ്റിനുണ്ടായി) ഇത്ഥമെല്ലാം............ = നിരവധി ശാസ്ത്രങ്ങളും കലകളും അഭ്യസിച്ച് ഡോക്ടർ ബിരുദം സമ്പാദിച്ചു. അദ്ധ്യാപകവൃത്തിയനുഷ്ഠിച്ചു. പലരും തന്നെ പുകഴ്ത്തുകയും ചെയ്തു, ഇത്രയൊക്കെ ആയിട്ടും താൻ ശവാവിനേക്കാഠം നി:സാരനാണെന്ന ചിന്ത വർദ്ധിച്ചു വരുന്നു. വിവിധങ്ങളായ വിജ്ഞാനങ്ങഠം നിരത്ഥകങ്ങളാണെന്നും തനിക്കു തോന്നുന്നു. ജീവിതത്തിൽ സംഭവിച്ച ഈ അപകർഷതയ്ക്ക് ഒരു പരിഹാരമെന്ന നിലയിൽ, ജീവിതരഹസ്യങ്ങഠം പൂർണ്ണമായി ഗ്രഹിക്കുന്നതിനു്, മനുഷ്യാതീതമായ ഒരു മണ്ഡലത്തെ പ്രാപിക്കുന്നതിനുവേണ്ടി താനിതാ ഇന്ദ്രജാലത്തെ അഭയം പ്രാപിക്കുന്നു.



ഫൗസ്ററിൻെറ പഠനമുറി.
ഇന്ദ്രജാലസംബന്ധിയായ ഒരു ഗ്രന്ഥം കണ്ടുകിട്ടിയതിൽ
ഫൗസ്ററ് ആഹ്ളാദിക്കുന്നു.

''ഇന്ദ്രജാലസംബന്ധിയാം ഗ്രന്ഥമൊന്നിതാ മമ
സമ്പ്രതി ലഭിച്ചുവല്ലോ ഭാഗ്യമഹോ ഭാഗ്യം!''

**ആട്ടം** (ധ്യാനം നിർത്തി കണ്ണു തുറക്കുമ്പോൾ അഗ്നിജ്വാലയും അതിൽനിന്നു് രക്തേശ്വരിയെപ്പോലുള്ള ഭൂദേവതയുടെ ഭയങ്കരരൂപവും ദർശിക്കുന്നു. അത്ഭുതഭയാദികളോടെ)

**പദം. 8** കേദാരഗൗഡം — മുറിയടന്ത

അത്യത്ഭുതം തദനു ഭീകരാകാരയായു്,
രക്തേശ്വരിയുടെ രൂപം ധരിച്ചിവൾ
പ്രത്യക്ഷയാകുമ്പോളീ ഞാൻ ഭയാലൊരു
ക്രിമിയെന്നപോലെ വിറപൂണ്ടിടുന്നിതേ!
(അത്യത്ഭുതം....)

മമ മന്ത്രശക്തിയാൽ ബദ്ധയാകാതഹോ!
വിമതയായു് ക്രൂരയായു് വഹ്നിപോൽ നോക്കിയും
പരിഹാസമാർന്നുടൻ മാം പരിത്യജ്യസാ
പരിഭവമാർന്നുടൻ പോകയും ചെയ്യുന്നു.
(അത്യത്ഭുതം....)

**ആട്ടം:—** ഫൗസ്റ്റ്. ഭൂദേവത അപ്രത്യക്ഷയാകുന്നതു നോക്കിനിന്നുകൊണ്ടു്, ആ മഹാശക്തിയെ ആവാഹിക്കാനെനിക്കു കഴിഞ്ഞു. പക്ഷെ, പിടിയിൽ നിർത്തുവാൻ കഴിയാതെപോയി. മന്ത്രശക്തി ഇത്രമാത്രമോ? മനുഷ്യന്റെ ബലഹീനതയും നിസ്സഹായതയും തന്നെയാണു് ഈ പരാജയത്തിനു കാരണം. ആ സത്വത്തിന്റെ കണ്ണിൽ താൻ വെറും ഒരു പുഴു മാത്രമാണു്. ഞാൻ സ്വയം ചെറുതായപോലെ തോന്നുന്നു. ലോകരഹസ്യങ്ങൾ ഗ്രഹിക്കുവാനുള്ള ശക്തി മനുഷ്യനും അവന്റെ വിദ്യക്കുമില്ല. താൻ ദൈവത്തിന്റെ പ്രതിപുരുഷനാണെന്നു് അഭിമാനിച്ചിരുന്നു. എന്നാൽ ആ ധാരണയും ശരിയല്ലെന്നു വന്നു. ലക്ഷ്യസാദ്ധ്യത്തിനു് ഇന്ദ്രജാലവും അപര്യാപ്തമെന്നു കരുതേണ്ടിയിരിക്കുന്നു. ഇനി എന്താണു വഴി? കൂടുതൽ ചിന്താധീനനാകുന്നു — ഇതികർത്തവ്യതാമൂഢനായി നിലകൊള്ളുന്നു.

---

**സാന്ദ്രമോദം** = വർദ്ധിച്ച സന്തോഷം.
**പദം 7.** ബ്രഹ്മാണ്ഡ ................ ബ്രഹ്മതത്വവാചി = അലൗകികമായ ഒരനുഭൂതിവിശേഷം മനസ്സിൽ നിറയ്ക്കുന്ന ഒന്നാണു് ഈ ബ്രഹ്മാണ്ഡചിഹ്നം — ബ്രഹ്മതത്വങ്ങൾ — പ്രപഞ്ചരഹസ്യങ്ങൾ പലതും ഗ്രഹിക്കുവാൻ ഇതു സഹായിക്കുന്നതാണു്. സമന്ത്രപൂർവ്വം = ദിവ്യമന്ത്രം ജപിച്ചുകൊണ്ടു്.
**വിദ്യുൽപ്രഭ** = മിന്നൽപിണരിന്റെ ശോഭ.
**പദം 8.** തദത = അനന്തരം. പ്രത്യക്ഷമാകുമ്പോൾ.................... ഭൂദേവത പ്രത്യക്ഷപ്പെട്ടപ്പോൾ ഫൗസ്റ്റ് പേടിച്ചു് ഒരു പുഴുവിനെപ്പോലെ പിടച്ചു.
**വിമത** = വിപരീത. മാംപരിത്യജ്യ = എന്നെ ഉപേക്ഷിച്ചിട്ടു് പരിഭവം = നിന്ദ.

ശിഷ്യനായ വാഗ്നരുടെ ആഗമനം,ഫൗസ്റ്റിനെ ചിന്തകളിൽ നിന്നും ഉണർത്തുന്നു. ശിഷ്യനോടു കുശലപ്രശ്നം ചെയ്തതിനുശേഷം അവർ തമ്മിൽ ചെറിയ ഒരു സംവാദം നടക്കുന്നു — വിജ്ഞാനത്തിന്റെ വിവിധ വശങ്ങൾ — പുസ്തകജ്ഞാനത്തെപ്പററിയുള്ള ഫൗസ്റ്റിന്റെ മതിപ്പ് നഷ്ടപ്പെട്ടിരിക്കയാണ്. ഗുരുവിന്റെ മന:പരിവർത്തനം മനസ്സിലാക്കി വാഗ്നർ പിൻവാങ്ങുന്നു. ഫൗസ്റ്റ് കൂടുതൽ നിരാശാഗ്രസ്തനാകുന്നു. മനുഷ്യന്റെ നിസ്സഹായതയെപ്പററി ചിന്തിക്കുന്നു. ...;......... മുറിയിൽ അടുത്തിരിക്കുന്ന ഒരു വിഷചഷകം അയാളുടെ ദൃഷ്ടിയിൽപ്പെടുന്നു. അതെടുത്തു കുടിച്ചാൽ എന്തായിരിക്കും ഫലം? സകല നിരാശകളിൽനിന്നും മുക്തി. വിഷദ്രാവകം എടുത്തു് ചുണ്ടോടടുപ്പിക്കുന്നു....... ....

അതാ, ഒരു മണിമുഴക്കം. അനേകം കണ്ഠങ്ങളിൽനിന്നു പ്രവഹിക്കുന്ന മധുരഗീതവും.

''ക്രിസ്തുദേവൻ സ്വർഗ്ഗമേറിടുന്നു!
മർത്ത്യനിന്നാനന്ദപൂർണ്ണനായീ!'' വിഷചഷകം ചുണ്ടിൽനിന്നും അകററി. ആ ദിവ്യഗീതത്തിനു ചെവി നല്കുന്നു. അതെ, ഇന്നു ക്രിസ്തുവിന്റെ ഉയത്ഥെഴുന്നേല്പു ദിനമാണ്. ആ ദിവ്യമായ സ്മരണ, ഭക്തജനങ്ങൾ സസന്തോഷം ആഘോഷിക്കുന്ന ആ ദിവസത്തിന്റെ സ്മരണ, ഫൗസ്റ്റിൽ ഒരു പുതിയ ഉന്മേഷത്തെ ജനിപ്പിക്കുന്നു. ആത്മഹത്യാ ശ്രമത്തിൽനിന്നും അയാൾ പിന്മാറുന്നു. ചെവിയിൽ വന്നു മുഴങ്ങുന്ന ഗാനത്തിന്റെ മാസ്മരശക്തി അയാളുടെ നയനങ്ങളെ അശ്രുപൂർണ്ണങ്ങളാക്കുന്നു. ആ നവോന്മേഷം ജീവിതത്തിൽ പുതുമയുടെ നാമ്പുകളെ വിരിയിക്കുന്നു.

ശുഭാപ്തിവിശ്വാസത്തോടെ പിൻവാങ്ങുന്നു.

◇◇◇◇◇◇◇◇◇◇

## രംഗം മൂന്നു്: പ്രേതപുരി

KOTTAYAM PUBLIC LIBRARY
KOTTAYAM.

പ്രേതരാജാവായ ലൂസിഫറിൻെറ സഭ. ലൂസിഫർ (തിരനോട്ടത്തിനുശേഷം) സചിവന്മാരോടൊത്തു് ഉചിതാസനങ്ങളിൽ ഉപവിഷ്ടനായിരിക്കുന്നു.

ശ്ലോകം. 4 കാമോദരി – ചെമ്പട

നരകപുരിയിലീശദ്വേഷി ലൂസിഫറാഖ്യൻ
സുരരിപു സചിവന്മാരൊത്തു വാഴും സദസ്സിൽ
വരസചിവനണഞ്ഞത്ദ്ദേവസംസദിശേഷം
സരഭസമുരചെയ്താനീവിധം വീതശങ്കം.

(മെഫിസ്റ്റാഫിലിസ് ദൂതവേഷത്തിൽ എരട്ടിവട്ടം ചവുട്ടി പ്രവേശിക്കുന്നു).

പദം. 9 മെഫിസ്റ്റാഫിലിസ്

പ: പ്രേതനാഥവിഭോ! ശൃണുമമ വാക്യമിദം സുമതേ!

അ: പ: ദേവസഭയതിലിന്നു കേട്ടൊരു വാചികങ്ങൾ
കഥിപ്പതുണ്ടു ഞാൻ.

ച: മാനവരിലുത്തമനാം ഫോസ്റ്റസ്സമരലോകേ
മാനനീയനായിത്തീന്നീടും, മത്ത്യജന്മനി ദുർല്ലഭമാം
മോക്ഷമവൻ കൈവരിച്ചീടും.
കേൾക്ക, ബഹുവിധപുണ്യവിശേഷവു–
മുത്തമോത്തമ ഭാഗ്യചക്രവുമവനായ് നല്കീടുമെന്നു
വരും സഭയതിലറിക വിളംബരമതുചെയ്തു.
(പ്രേതനാഥ....)

ചഞ്ചല ഹൃദയൻ ഫൗസ്റ്റു് സഞ്ചരിച്ചീടും ലോകേ
വഞ്ചിതനായീടും നമ്മാൽ, എന്നു മല്ലവൻ പഞ്ചബാ
ണാർത്തിയാൽ പഞ്ചത്വം പ്രാപിച്ചീടും ചഞ്ചലം
വേണ്ടായെന്നായ് ഞാനും, സത്യവും ബതചെയ്തു
സംസദി, ദേവനോടഥവാതുകെട്ടി, സത്വരമങ്ങു
മടങ്ങി ഞാനുമുണർത്തിക്കുന്നുഭവാനോടിതെല്ലാം.
(പ്രേതനാഥ....)

---

ശ്ലോകം 4. പാതാളത്തിൽ ഈശ്വരവിരോധിയും പ്രേതചക്രവത്തിയുമായ ലൂസിഫർ തൻെറ മന്ത്രിമാരോടുകൂടി വാഴുന്ന സഭയിൽ, സചിവമുഖ്യനായ മെഫിസ്റ്റാഫിലിസ് എത്തിച്ചേരുകയും ദേവസഭയിൽ നടന്ന വിശേഷങ്ങൾ വിസ്തരിച്ചു പറയുകയും ചെയ്തു.

പദം. 10 ലൂസിഫർ ഘണ്ടാരം – അടന്ത

പ: പ്രേതമുഖ്യന്മാരെ! നിങ്ങൾ സാദരം കേട്ടിതോ?
ദേവലോകവിശേഷങ്ങൾ!

അ: പ: പണ്ഡിതേന്ദ്രനാം ഫൗസ്റ്റിനെ ദേവമണ്ഡലം
പുകഴ്ത്തീടുന്നിതോ?

ച: ദേവവരനമായി ചെയ്യോരു വാതിൽ
പ്രേതവരന്മാരാകും നമ്മൾ വിജയിച്ചീടണം നൂനം.
മംഗലചരിതനായീടും ഫൗസ്റ്റിനെ എങ്ങിനെ നാം
ദുർന്നയനാക്കിത്തീർക്കേണ്ടൂ ?

വിക്രമനിപുണരേ! സചിവേന്ദ്രരേ അതിനുള്ളത്ത
മ മാർഗ്ഗമുരചെയ്യാലും.

സചിവന്മാർ പദം. 11 കാനക്കുറിഞ്ഞി – പഞ്ചാരി

തന്ത്രനിപുണനായീടുന്ന നിന്നുടെ ഹിതം നടത്താൻ
മന്ത്രനിപുണർ ഞങ്ങൾ പോരുമന്തരമില്ല!
മർത്ത്യകീടമായിടുന്ന ഫൗസ്ററിനെ വശഗനാക്കാൻ
മന്ത്രവിദ്യയെന്നിയേ മറെറന്തു കൊണ്ടാവൂ?

ലൂസിഫർ:

നരഗണങ്ങളിലവൻ – പലഗുണമിയന്നവൻ
പരമാത്മനിഷ്ഠകൊണ്ടു – വരബലമിയന്നവൻ
ഇതുവെറും കളിയല്ലഖിലേശ സാന്നിദ്ധ്യത്തി –
ലവശരാവില്ലേ നമ്മൾ? അതു കരുതേണം നിങ്ങൾ.

---

ഈശദ്വേഷി = ഈശ്വരവിരോധി. ദേവസംസദിവിശേഷം = ദേവസഭയിൽ നടന്ന വിശേഷങ്ങൾ. സരഭസം = വേഗത്തിൽ. വീതശങ്കം = മടിക്കാതെ.
പദം 9. വിഭു = പ്രഭു, നാഥൻ. ശൃണു = കേട്ടാലും. വാക്യമിദം = ഈ വാക്യം. വാചികം = വാക്യം, സന്ദേശം. അമരലോകം = ദേവലോകം.
കൈവരിക്കുക = നേടുക. ചക്രം = കൂട്ടം. ഭാഗ്യചക്രം = ഭാഗ്യസമൂഹം.
ചഞ്ചലഹൃദയൻ = സംശയാലു. പഞ്ചബാണാർത്തി = കാമപാരവശ്യം.

പഞ്ചത്വം = മരണം (നാശം) സംസദി = സഭയിൽ. വാതു് = പന്തയം.
സത്വരം = വേഗത്തിൽ.

പദം 10. മണ്ഡലം = സമൂഹം. നൂനം = തീർച്ചയായും,

പദം 11. മന്ത്രവിദ്യയെന്നിയേ = മന്ത്രവിദ്യയല്ലാതെ.
അഖിലേശൻ = സർവ്വേശ്വരൻ.



ലൂസിഫറുടെ സഭ—(ലൂസിഫർ, മെഫിസ്റ്റാഫിലിസ്, സചിവൻ)

ദേവസഭയിൽ താൻ നടത്തിയ ശപഥവൃത്താന്തം മെഫിസ്റ്റാഫിലിസ് ലൂസിഫറെ അറിയിക്കുന്നു.

''പ്രേതനാഥ വിഭോ ശൃണു മമ വാക്യമിദം സുമതേ!''

മെഫിസ്റ്റാഫിലീസ്:

ആനരന്നുവേണ്ടി ഞാനൊരായിരം ദിനങ്ങൾ കാത്തു
ശ്വാനവേഷമോട്ട ചെന്നടുത്തുകൂടിടാം
മന്ദിരത്തിനുള്ളിലെത്തി ബദ്ധനായിടാം സ്വയം
മന്ത്രവലയിലവനെയപ്പോൾ കീഴടക്കിടാം.

പദം. 12 ലൂസിഫർ. പന്തുവരാടി – ചെമ്പട

പ: നിന്നുടെ വചനമിദം ബഹുസരസം
നന്നിഹ സചിവമണേ!
മാനവനവനെ നേടിയെടുപ്പതി–ലാണതിതാവക
വൈദഗ്ദ്ധ്യം
മാനിനിമാരൊടുലീലകളാടി–ഭോഗസുഖങ്ങളില
ലിയിക്കേണം
മെഫിസ്റ്ററാഫിലിസേ; ബുദ്ധിമതേ–നീ
സത്വരമങ്ങുഗമിക്കേണം

ബന്ധുത പൂണ്ടൊരു മാന്യതയോടെ–മന്ദിരമേറി
വസിക്കേണം
സ്വന്തരക്തമതിലവനെഴുതുന്നൊരു–സമ്മതപത്രം
വാങ്ങേണം
അന്തരമില്ലവനുള്ളോരാത്മാ–വടിയറവെക്കുക
തന്നേവേണം
നിന്നുടെ പിറകേ ഞാനും പടയും–സന്നാഹങ്ങ-
ളുമെത്തീടും

ശ്ലോകം. 5

പ്രേതാധിനാഥനുടെ കല്പന കേട്ടു ഫോസ്റ്റിൻ
ശ്രീ താവിടും ഗൃഹമണഞ്ഞ പിശാചദൂതൻ
പ്രീതാന്തരംഗനഥകൗശല ചിന്തയോടും
ജാതാഭിമാവമവിടെ സരസാം കഴിച്ചു.

ആട്ടം— ലൂസിഫർ മെഫിസ്റ്റാഫിലിസിനോട് ദേവസഭയിൽ നടന്ന വാഗ്വാദത്തിൻെറ വിശദാംശങ്ങൾ ചോദിക്കുന്നു.

മെഫിസ്റ്റാഫിലിസ്, വേഷപ്രച്ഛന്നനായി സഭയിൽ പ്രവേശിച്ചതും, മാലാഖമാരും ദൈവവും തമ്മിൽ നടന്ന സംഭാഷണം ശ്രദ്ധിച്ച

---

ശ്ലോകം 5. പ്രേതചക്രവത്തിയായ ലൂസിഫറുടെ നിർദ്ദേശമനുസരിച്ച് പിശാചദൂതനായ മെഫിസ്റ്റാഫിലിസ് ഫൗസ്റ്റിൻെറ ഐശ്വര്യപൂർണ്ണമായ വീട്ടിൽ, അയാളെ സ്വാധീനിക്കുന്നതിനുള്ള ഉചിതോപായങ്ങൾ ചിന്തിച്ച് സസന്തോഷം കഴിച്ചുകൂട്ടി,

തും, ഫൗസ്റ്റിനെ ചൊല്ലി ദൈവവുമായി പന്തയം വച്ചതുമായ സംഭവങ്ങരം വിശദീകരിക്കുന്നു.

ലൂസിഫർ, സുകൃതിയായ ഫൗസ്റ്റിനെ സ്വാധീനിച്ച നരകത്തിൽ പതിപ്പിക്കുക ക്ഷിപ്രസാദ്ധ്യമാണോ?

മെഫി:— അയാളെ സ്വാധീനിക്കുന്നതിനുള്ള പദ്ധതികരം തൻെറ പക്കലുണ്ട്. ശ്വാനവേഷം ധരിച്ച് ഫൗസ്റ്റിൻെറ ഗൃഹാന്തർഭാഗത്തു പ്രവേശിക്കുകയും ഭീകരരൂപം കൈക്കൊള്ളുകയും ചെയ്യുന്ന വിധം വിവരിക്കുന്നു. ലൂസിഫർ ശ്രദ്ധിച്ച് അയാളെ അഭിനന്ദിക്കുന്നു. സഹായത്തിനായി താനും പടയും പിന്നാലെ വന്നുകൊള്ളാമെന്നു പറഞ്ഞ് മെഫിസ്റ്റാഫിലിസിനെ യാത്ര അയച്ചതിനുശേഷം സഭ പിരിയുന്നു.

മെഫിസ്റ്റാഫിലിസ്:— ഭൂമിയിലേക്കു ഉടൻ പോകതന്നെ എന്നു പറഞ്ഞു യാത്ര തിരിക്കുന്നു. ഭൂമിയിൽ ഫൗസ്റ്റിൻെറ വസതിക്കു സമീപം എത്തിയതായി നടിക്കുന്നു. നഗരസന്ദർശനം കഴിഞ്ഞ് ഭവനത്തിലേക്ക് പോകുന്ന ഫൗസ്റ്റിനെ നോക്കിക്കാണുന്നു. ശ്വാനവേഷത്തിൽ ഫൗസ്റ്റിനെ പിൻതുടരുന്നു. ഗൃഹാന്തർഭാഗത്തിൽ പ്രവേശിച്ച് മിന്നൽവേഗത്തിൽ ജൃംഭിച്ച് ഭീകരരൂപം കൈക്കൊണ്ട് അലറി പിൻവാങ്ങുന്നു. (ഭീകര രൂപത്തിലുള്ള മെഫിസ്റ്റാഫിലിസിൻെറ പ്രവേശനം.)

## രംഗം നാല്: ഫൌസ്റ്റിൻെറ വസതി

(ഫൌസ്ററും മെഫിസ്ററാഫിലിസ്സും തമ്മിലുള്ള സന്ദർശനം— ശക്തിമത്സരം — വശീകരണം — മൈത്രീസ്ഥാപനം).

ശ്ലോകം. 6 സാരംഗം — അടന്ത

ശിഷ്ടാഗ്രേസരനായ ഫോസ്ററുനഗരം ചുററി
ഗ്ഗൃഹം പൂകവേ
ദുഷ്ടശ്വാനതപൂണ്ടവൻെറ പുറകേ ചെന്നാ
മെഫിസ്ററാഫിലിസ്
പുഷ്ടപ്രാഭവമോടു ഭീതികരമാ മാത്മീയ
രൂപം ധരി
ച്ചിഷ്ടൻ തന്നുടെ മട്ടിലുള്ള വചനം ചൊന്നീ
ടിനാ നീ വിധം

(ഗൃഹാന്തർ ഭാഗത്തു് പ്രവേശിച്ച ഫൌസ്ററു് തന്നെ പിൻതുടന്നു വന്ന പട്ടിയും അകത്തു കടന്നുകൂടിയതായിക്കാണുന്നു. ശ്വാവിൻെറ ശബ്ദം അയാളിൽ അശുഭ പ്രതീതി ഉളവാക്കുന്നു. ആശ്ശുനകൻ പെട്ടെന്നു് ഭീകരരൂപം കൈക്കൊള്ളുന്നതും ഫൌസ്ററിനു കാണാൻ കഴിയുന്നു. —രംഗത്തിൻെറ ഇടതുവശത്തു കൂടി മെഫിസ്ററാ ഫിലിസ് പ്രവേശിച്ചു് മാന്യനായ ഒരു മിത്രത്തിൻെറ ഭാവത്തിൽ ഫൌസ്റ്റിനെ വന്ദിക്കുന്നു.

പദം. 13 മെഫിസ്ററാഫിലിസ്

പ: വന്ദനം ബഹു പണ്ഡിതാ! സുമതേ!
തവന്ദനമിന്നയി മാന്യനായൊരു മിത്രമാണിഹഞാൻ

അ: പ: പ്രേതരാജനുടെ ദൂതനെന്നതും
പാരിൽ ദൈവവിരോധിയെന്നതും
മോദമോടു ധരിക്കമൊം — തവ
ഖേദമഖിലമൊഴിക്കുവൻതരസാ (വന്ദനം....)

---

ശ്ലോകം 6. സൽഗ്ഗുണവാനായ ഫൗസ്റ്റ് ഒരിക്കൽ ഫ്രാങ്ക്ഫ്രട്ട് നഗരസന്ദർശനം കഴിഞ്ഞു് സ്വഭവനത്തിൽ മടങ്ങിയെത്തിയ സമയത്തു്, ദുഷ്ടനായ മെഫിസ്റ്റഫിലിസ് ശ്വാനവേഷം ധരിച്ചു് അയാളുടെ പിറകേ ചെല്ലുകയും പെട്ടെന്നു് ജൃംഭിച്ച ഭയങ്കരരൂപം ധരിക്കയും ചെയ്തു. അനന്തരം മിത്രഭാവത്തോടു കൂടി അദ്ദേഹത്തെ വന്ദിച്ചു് ഇപ്രകാരം പറഞ്ഞു.
ശിഷ്ടാഗ്രേസരൻ = സജ്ജനശ്രേഷ്ഠൻ, ശ്വാനത = പട്ടിയുടെ രൂപം,
ആത്മീയരൂപം = സ്വന്തരൂപം.
പദം. 12. ബത = വാക്യാലങ്കാര (സന്തോഷാൎത്ഥത്തിൽ) പ്രയോഗം.

ശോകപൂരിതമായൊരീ
നരലോകജീവിതവാരിധി
ഏകനായ് കരകേറിടാനു
മുപായമത്രവദിച്ചിടാം

പദം. 14 ഫൗസ്ററ് ഭൈരവി – ചെമ്പട

പ: പ്രേതാധിപദൂതാം, നിൻെറയാഗമനമഹോവൃഥാ!
ഭീതനാകില്ലേതുമഹം, മന്ത്രശക്തിയാൽ.
അ: പ. സിദ്ധജാലവിദ്യകളിലത്ഭുത ശക്തിയെനിക്കും
ലബ്ധമായിട്ടുണ്ടെന്നുള്ളതും, താമസംവിനാ
ബോദ്ധ്യമാക്കിടുന്നതുണ്ടു ഞാൻ.
എന്നുടെ ഭവനാദെങ്ങും നിന്നെ - അയച്ചീടുന്നതു
മില്ലയേ നീയും
ഇന്നിതിനുള്ളിൽ നിബദ്ധനതായി ഭവിച്ചീടുന്നിഹ
പോൽ!
(പ്രേതാ .. )

പദം. മെഫിസ്ററാഫിലിസ്:
നന്നുനന്നിഹനിന്നുടേബലവൈഭവം ബതപണ്ഡിതാ
ബദ്ധനായൊരു ഞാനുമിന്നുതാവകാധീനനെന്നു
ധരിക്കണം
മൈത്രിയോ ബത നമ്മൾ തമ്മിലസാദ്ധ്യമെന്നു
വരികിലോ
മത്സരംബതപിന്നെയാം, മുഞ്ചമുഞ്ചമാം സാമ്പ്രതം.
(വന്ദനം)

ആട്ടം:– ഫൗസ്റ്റ് മന്ത്രം ജപിക്കുന്നതു് മെഫിസ്റ്റാഫീലിസ് ശ്രദ്ധിക്കുന്നു. അയാൾ ബന്ധനസ്ഥനെന്ന നാട്യത്തിൽ അല്പസമയം നിലകൊള്ളുന്നു. കവാടങ്ങളെല്ലാം ബന്ധിക്കപ്പെട്ടിരിക്കുന്നതായി നടിച്ചുകൊണ്ടു് മെഫിസ്റ്റാഫിലിസ് ഒരു പ്രതിമന്ത്രം പ്രയോഗിച്ചു. പ്രേതശക്തികളുടെ ഹൃദയാവർജ്ജകമായ ഗാനം മുഴങ്ങി. ഫൗസ്റ്റ് അർദ്ധപ്രജ്ഞനായി മയങ്ങുകയും മെഫിസ്റ്റാഫിലിസ് സമർത്ഥമായി വെളിയിൽ ചാടുകയും ചെയ്തു.

---

നൂനം = തീർച്ചയായും അഹം = ഞാൻ തവ = നിൻെറ അഖിലം = മുഴുവനും, തരസാ = വേഗത്തിൽ.
നരലോകജീവിതവാരിധി = നരജീവിതമാകുന്ന സമുദ്രം (സംസാരസാഗരം)
പദം. 13. ഭീതൻ = ഭയപ്പെട്ടവൻ സിദ്ധജാലവിദ്യ = ഇന്ദ്രജാലവിദ്യ.
ഭവനാദ് = ഭവനത്തിൽ നിന്നും ബദ്ധൻ = ബന്ധിക്കപ്പെട്ടവൻ, താവകാധീനൻ = നിനക്കു വിധേയൻ, മുഞ്ച = മോചിപ്പിച്ചാലും, മാം = എന്നെ,

(ഫൗസ്റ്റ് മയക്കത്തിൽനിന്നു ഉണൎന്നുനോക്കിയപ്പോൾ രംഗം ശൂന്യം. ഭൂതം രക്ഷപെട്ടിരിക്കുന്നു. താൻ പ്രയോഗിച്ച മന്ത്രത്തിന്റെ ശക്തി ദുർബ്ബലമെന്നു ഫൗസ്റ്റിനു ബോദ്ധ്യമാകുന്നു. അയാൾ കൂടുതൽ ചിന്താധീനനായിത്തീരുന്നു.)

ശ്ലോകം. 7 ഫോസ്ററിന്റെ മന്ത്രവരശക്തി ബഹിഷ്കരിച്ചി–
ട്ട പ്രേതദൂതനുടനേ സ്വപുരത്തിലെത്തി
തന്മന്ത്ര ശക്തി ഫലിയാത്തതുകൊണ്ടുഫോസ്ററും
ദൗർബ്ബല്യചിന്തയതിനാൽ വിഷമിച്ചിതേററം.

പദം. 15 ഫൗസ്ററ് – നീലാംബരി – അടന്ത

പ: എന്തഹോ! ഞാനിഹ ചെയ്‌വൂ?
നിൻതിരുകൃപയെന്യേ.

അ: പ: ഹന്ത! മമ മാനസവും ശങ്കപൂണ്ടിടുന്നല്ലോ!

ച: മുഗ്ദ്ധവികാരഭാവം കെട്ടടങ്ങുകയായി
വിട്ടകന്നു സർവ്വം മമ നഷ്ടമായിടുന്നല്ലോ?
എങ്കിലും മോഹജാലങ്ങൾ അന്തരം ഗാഢയരുമ്പോൾ
ബന്ധനത്തിലായിടുന്നു ലോകനീതികൾ പാർത്താൽ
(എന്തഹോ)
കാമനകൾക്കു ജന്മം നൽകിടുന്നോരീശ്വരനും
കാമവൈരിയായി വന്നതത്ഭുതമത്രേ!
ദുസ്ഥിതിയിതിങ്കൽ നിന്നും മോചനംമേസാദ്ധ്യമാണോ
സുസ്ഥിതിനേൎന്നിടുമിവർ വിശ്വസനീയരോ ഹാ! ഹാ!
(എന്തഹോ)

(ലൂസിഫറും മെഫിസ്റ്റാഫിലിസും കൂടി പിന്നിൽ നിന്നു പ്രവേശിക്കുന്നു.)

പദം. 16. ലൂസിഫർ

ബലഹരി – ചെമ്പട

പ: ഭദ്രതരം തവചിന്തിതമെല്ലാമേററം മാന്യമതേ!

അ: പ: വിദ്രുത തരമെന്നത്ഭുത ശക്തികളധുനാനീയും ദർശിച്ചീടും.

ച. അസ്സുഢിതവശനായാൽ നീയും പരമസുഖംബത പൂണ്ടിടും
വിസ്മയനീയം മാസ്മരശക്തികവിദ്യകളഖിലം കണ്ടീടും,
ശൃണുനീമധുരോദാരം ഗീതം! വിശ്വവിമോഹനവശ്യ
മതായ്
ശ്രുതിലയതാളസമന്വിതമായിമതികമലത്തിനു സൂര്യ
നതായ്.
അദ്യനിനക്കൊരു നൂതനലോകംഹൃദ്യമതായി തോന്നീടും,
വിദ്യകൾ പലതു പഠിച്ചോരുനീയും ഝടിതി സുഖങ്ങൾ
നേടിടും

---

സാമ്പ്രതം = ഇപ്പോൾ, മുഗ്ദ്ധവികാരം = സുന്ദരവികാരം, കാമന = ആഗ്രഹം
ഭദ്രം = നന്മയുള്ള, വിദ്രുതം = പെട്ടെന്നു്, സാന്ദ്രം = ഇടതിങ്ങിയതു്,

പദം. ൧൭ മെഫിസ്ററാഫിലിസ്

അഠാണ — ചെമ്പട

അത്ഭുതമാസ്മര വിദ്യകളഖിലം തത്ര ഭവാനും
സ്വീകാര്യം
പരമാനന്ദസുസാന്ദ്രമതായൊരു പരിമളമണ്ഡലമാഹാര്യം
സുരുചിരവാസമതിന്നായധുനാവിരുതൊടു നേടുകിൽ—
നീയാര്യൻ
നവലോകത്തിൻ ജീവിതയന്ത്രം നിയന്ത്രിച്ചിടുവ-
തിനധികാരം
നിരുപാധികമായ് നൽകീടുകിലോതവ ജീവിത—
ഭാഗ്യം ഭരമേൽക്കുന്നു.

ലൂസിഫർ:—

എന്നുടെ സചിവനിവൻ ബഹുസരസൻ
നിന്നോടൊത്തു വസിച്ചീടും
ശങ്കേതരമവനിഹകിങ്കരനായിവന്നുണ്മയൊടെന്തും
ചെയ്തീടും

പദം. 18. ഫൗസ്ററ്

മാരധനാശി — അടന്ത

മാന്യരൂപന്മാരേ! ഞാനും ഭവന്മിത്രമെന്നൊരു
സത്യമിഹചെയ്തീടുന്നേൻ!
എന്നുടെ മേലധികാരം ഞാൻ മന്നിൽ വാഴ്വോളം
നിങ്ങൾക്കായി തന്നീടുന്നു.

ലൂസിഫർ:—

സമ്മതത്തിൻ ചിഹ്നമായി നൂനമൊരുരേഖഭവാൻ
നിന്നുടയരക്തലേഖ്യമിന്നിഹ തന്നീടണം
പോരിക ഭവാനും നവ്യമായാലോകം പൂകിടുക,
ഭൂരിസുഖകരമധുമോദാൽ പാനം ചെയ്യുക.

(ഫൗസ്ററ് സ്വന്തം രക്തത്തിൽ പ്രമാണം തയ്യാറാക്കി കൊടുക്കുന്നു.... രേഖ വാങ്ങി ലൂസിഫർ പോകുന്നു. മെഫീസ്ററാഫിലിസ് ഫൗസ്ററിന്റെ അഭീഷ്ടനിർവ്വഹണത്തിനു സന്നദ്ധനാകുന്നു. ഇരുവരും മൈത്രീബന്ധം ഉറപ്പിച്ച് ഒരു സഞ്ചാരത്തിനു തയ്യാറെടുക്കുന്നു.)

---

പരിമളമണ്ഡലം = ഹൃദയഹാരിയായ ഗന്ധത്തോടുകൂടിയ ദിഗ്വലയം വിലാസയോഗ്യമായ സ്ഥാനം, ആഹാര്യം ആസ്വാദനയോഗ്യം, കൃത്രിമമായതു്. സുരുചിര = വളരെ ഭംഗിയുള്ള, ആര്യൻ = ശ്രേഷ്ഠൻ, ശങ്കേതരം = സംശയം കൂടാതെ.



ഫൗസ്ററിൻെറ വസതി—ഫൗസ്ററ്, മെഫിസ്ററാഫിലിസ്, ലൂസിഫർ.
കരാറനുസരിച്ച പ്രവൃത്തിക്കാൻ, മെഫിസ്റ്റാഫിലിസിനെ ലൂസിഫർ നിയോഗിക്കുന്നു

''എന്നുടെ സചിവനിവൻ ബഹ്ഹസരസൻ—-നിന്നോടൊത്തു വസിച്ചീടും
ശങ്കേതരമവനിഹ കിങ്കരനായ്‌വന്നുണ്മയൊ—ടെന്തും ചെയ്തീടും.''



ഫൗസ്ററും മെഫിസ്റ്റോഫിലിസും.
മന്ത്രാലയത്തിൽ ഹെലൻെറ ചിത്രംകണ്ടു് ഫൗസ്ററ് ഭ്രമിക്കുന്നു.

''ചിത്രമതിൽ വിലസുമൊരു വരതരുണി
ഹെലനുടയ ചിത്രതയിലവനഥ ഭ്രമിച്ചു.''

ദണ്ഡകം

1 പ്രേതാധിനാഥനുടെ വാക്യം ശ്രവിച്ചളവു
ചേതസ്സു ഫൗസ്ററിനു ചലിച്ചു
പിന്നെയതുറച്ചു
സ്പൃഹഹൃദിയുദിച്ചു
രക്തമതിലെഴുതിയൊരുപത്രവരമത്തുപൊഴുതു
മിത്രത്വമോടഥകൊടുത്തു.

2 ഭാഗ്യം തനിക്കധികയോഗ്യം നിനച്ചവനു–
മാഹന്തതത്ര വിഹരിച്ചു.
ഗൃഹമഥത്യജിച്ചു,
രതിരസമുദിച്ചു
ഭോഗമതിലതിബഹുലരുചിപെരുകി
യവനുമുടനോരോ രസാത്മകത തേടീ!

3 മദ്യം കുടിച്ചധികമത്തും പിടിച്ചു ജനമത്യന്ത
മോദമഥകൂട്ടീ,
പല വികൃതി കാട്ടീ,
കലഹമഥ കൂട്ടീ,
മാന്ത്രികവരനുടയ മന്ത്രവലയതിലൊതുങ്ങി
യന്ത്രവരഭാവമവരാർന്നു.

4 താരുണ്യമാളുവതിനതികുതുകമാർന്നു
രസശാലയ്ക്കകത്തഥ കടന്നു.
കുതുകവുമുദിച്ചു,
രസമത്തുകുടിച്ചു.
ചിത്രമതിൽ വിലസുമൊരുവരതരുണി
ഹെലനുടയ ചിത്രതയിലവനഥ ഭ്രമിച്ചു.

5 മോഹം വളർന്നധിക ദാഹം കലർന്നവനും
തത്വംഗിമാരിൽ രതിയാർന്നു.
സചിവനൊടു ചൊന്നു,
പരവശതയാർന്നു.
നികടമതിൽ വിലസീടിന തരുണികളെയാകവെ
ഹെലനൊടു സമാനമഥകണ്ടു.

(ദണ്ഡകത്തിലെ ആശയങ്ങരം ഇളകിയാട്ടത്തിനുള്ളതാണ്).

(ഫൗസ്ററും മെഫിസ്ററാഫിലിസും കൂടി തങ്ങളുടെ യാത്ര തുടരുന്നു. മന്ത്രരസപാനംകൊണ്ട് യൗവനപ്രാപ്തി — ഒരു പുതിയ ജന്മംതന്നെ നേടിയതായി ഫൗസ്ററിനു തോന്നുന്നു. യാത്രാമദ്ധ്യേ അയാരം, ദേവാലയത്തിൽ നിന്നും പ്രാർത്ഥന കഴിഞ്ഞു മടങ്ങിവരുന്ന മാർഗ്ഗററു് എന്ന യുവതിയെ കാണുന്നു. അവളെ ഹെലൻ എന്നു ഭ്രമിച്ചു പ്രണയാഭ്യർത്ഥനയുമായി സമീപിക്കുന്നു).

---

ദണ്ഡകം:— സ്പൃഹ = കൊതി, ഹൃദി = മനസിൽ, ചിത്രത = മനോഹാരിത, നികടം = സമീപം.

## രംഗം – അഞ്ച്

ശ്ലോകം. 8 നവരസം – ചെമ്പട

പീതമന്ത്രാസവഃ കാമ–
പാരവശ്യവശം വദഃ
മാഗ്ഗററാഹ്വയാം തന്വീം
ദൃഷ്ട്വാ പ്രോവാചഫോസ്ററസഃ

**(ഫൗസ്റ്റ്:– മാർഗ്ഗററിനെ ദൂരെ കണ്ടിട്ട് ഇവരം, താൻ മുമ്പു കണ്ട ഹെലൻ തന്നെ! അതിസുന്ദരിയായ ഇവളിൽ എനിക്കു് അനുരാഗം തോന്നുന്നു. അത്ഭുത സന്തോഷാദികളോടെ അടുത്തുചെന്നിട്ട്.)**

പദം. 19 ഫൗസ്ററ്:–

പ: പ്രകാശവാഹിനീ! പ്രമോദകാരിണീ! നിൻ
പ്രഭാമയൂഖത്തിൽ മയങ്ങി ഞാൻ.

അ: പ: വിഭാതകാലേ വിമോഹനാംഗിയായ്
വിലസീടും നീയെൻ മൊഴികേരം.
(പ്രകാശ....)

ച: ദുർഗ്ഗമമീവഴീ സ്വർഗ്ഗസുന്ദരീ നിൻ പാദപത്മങ്ങരം
പരിദൂനം, പരിചിൽ ഞാൻ തലോടിടാം
പല്ലവാംഗീ! നിന്നോടൊത്തു മന്ദിരേ വന്നീടുവാൻ
അല്ലലേതും കരുതീടാതെ സമ്മതം തന്നാലും
(പ്രകാശ....)

അരുണാധരീ! നിൻെറ ചരണസരോജം
ശരണമാക്കിടുമെന്നിൽ
കരുണചെയ്യീടണം കാരുണ്യനിലയേ,
തരുണീമാർമണേ! നീ തരിക സദയം തവ
അരുണ രുചി തഴകും മസൃണപാണിതലം
(പ്രകാശ....)

---

**രംഗം. 5 – ശ്ലോകം. 8**

**മന്ത്രശാലയിൽനിന്നും മന്ത്രരസം പാനം ചെയ്യുകയാൽ, അതിൻെറ ശക്തിവിശേഷംകൊണ്ടു് കാമപരവശനായിത്തീർന്ന ഫൗസ്ററ് മാർഗ്ഗമദ്ധ്യേ മാർഗ്ഗററ് എന്ന സുന്ദരിയെകണ്ടു് അവളോടു് ഇപ്രകാരം പറഞ്ഞു. മന്ത്രരസപാനവും, ഹെലൻെറ ചിത്രദർശനവും ഫൗസ്ററിൽ പുതിയ ഒരു മാനസികാവസ്ഥ തന്നെ സൃഷ്ടിച്ചു. കാണുന്ന സ്ത്രീകളെയെല്ലാം ഹെലനായി കണക്കാക്കുന്ന ഒരു പ്രത്യേക മാനസികാവസ്ഥയ്ക്കു് അയാരം അധീനനായി.**

**പദം. 19 പ്രഭാമയൂഖം = പ്രകാശരശ്മി, വിഭാതം = പ്രഭാതം, പരിദൂനം = വേദനിക്കുന്നതു്. വഴി നടന്നതുമൂലമുള്ള വേദനയെന്നാണു് വിവക്ഷം).**

പദം. 20 മാർഗ്ഗരററ്
ആനന്ദഭൈരവി – ചെമ്പട

 പ. അരുതരുതേവം ശ്രീമൻ! സദൃശമോദവാനിതു?

അ. പ. ആരാധ്യനാകുമങ്ങുന്നരുതായ്മ ചൊല്ലീടാതെ–
ദൂരവേ ഗമിച്ചീടേണം പുരുഷരത്നമേ നീയും.
(അരു .. )

ച. കാമിനിയല്ലല്ല ഞാനേണീലോചനയുമല്ല
കാലുകരം തളരില്ല വീടണഞ്ഞീടുവാനും,
കന്യകയായീടും ഞാനിന്നീവണ്ണം കനിവുകരം
അന്യരിൽനിന്നറിവതും മാന്യതയാകുമോതെല്ലും?
(അരു....)

പരിഭവമരുതിതിൽ മമ വഴിപോകുന്നു ഞാൻ,
അരുതന്യപുമാനോടു തനിയേഭാഷണമേവം
മഹനീയഗുണാകരാ! മാനധനയായീടും ഞാൻ
നൂനമിതാ ഗമിക്കുന്നു – മാനഹാനി തോന്നരുതേ!
(അരുതരു....)

(മാർഗ്ഗരാറ്റ് ഓടി മറയുന്നു. ഫൗസ്ററ്റ് പിന്നാലെ **പോകാൻ** ഭാവിക്കുന്നു. മെഫിസ്ററാഫിലിസ് വന്നു് അയാളെ **തടയുന്നു.** ഇരുവരുംകൂടി പോകുന്നു.)

---

**പല്ലവാംഗി = തളിരുപോലെ മൃദുലമായ അംഗത്തോടുകൂടിയവരം (സുന്ദരി)**
**അരുണരുചിതഴുകും = ചെമന്ന ഭംഗിയുള്ള, മസൃണം = മാർദ്ദവമുള്ളതു്.**
**പദം. 20 ശ്രീമൻ = ഐശ്വര്യമുള്ളവൻ, സദൃശം = യോജിക്കുന്നതു്,**
**കാമിനി = അധികം കാമമുള്ളവരം, ഏണീലോചന = മാൻമിഴി,**
**ആകരം = വിളഭൂമി.**

## രംഗം:-ആറു്

(ഫൌസ്ററും മെഫിസ്ററാഫിലിസ്സുംകൂടി മാർഗ്ഗരററിനെ പ്രാപിക്കുവാനുള്ള മാർഗ്ഗങ്ങരം ആലോചിക്കുന്നു.)

ശ്ലോകം. 9 മാരധനാശി – അടന്ത

നിജാഭിലാഷം തൃണവൽഗണിച്ചാ—
വരാംഗിയാളങ്ങു ഗമിച്ചശേഷം
ഹതാശയൻ ഫോസ്റ്റവളേ ലഭിപ്പാ—
നപ്രേതദൂതം ശരണം ജഗാമ.

പദം. 21 ഫൌസ്ററു്

പ: മാന്ത്രികേന്ദ്രനാകും മായാജാല വല്ലഭാ!
നിശമയ മമ വാചം മാന്ത്രികേന്ദ്രാ!
കാമിനീമണിതൻ ദർശനം മൂലമായ് ഞാൻ
കാമശരപാരവശ്യം പൂണ്ടീടുന്നിതേ!
നിർണ്ണയമവളോടുസംഗം മേ കരണീയം
പൂർണ്ണമായ് സാധിപ്പാനൊരുപായമുരചെയ്യാലും.

പദം. 22 മെഫിസ്ററാഫിലിസ്:— വേകട – ചെമ്പട

പ: ഖേദകരം തവചിന്തിതമേററം
നിന്ദ്യമതെന്നു കരുതീടണമിപ്പോരം
അ: പ: മാന്യനായീടുന്ന നീയിന്നന്യ തരുണിതന്നെ
കാമിപ്പതു പാർത്താൽ യോഗ്യമതോചൊൽ?
(ഖേദകരം.....)

ച: ദേവാലയത്തിൽ നിത്യം പ്രാൎത്ഥനചെയ്തുവാഴും
പാവനശീലകളാം മാനിനിമാരുടെ
ചാരിത്രഭംഗം പരിഹാസകരം—
ബഹുപാപകരം — ഘോരതരമതു തവ
കരുതുകമേന്മേൽ
(ഖേദകരം....).

---

രംഗം. 6. ശ്ലോകം 9. തൻെറ ആഗ്രഹത്തെ (അഭ്യർത്ഥനയെ) തിരസ്കരിച്ചിട്ടു് മാർഗ്ഗരററു് കടന്നുകളഞ്ഞ അവസരത്തിൽ ഫൌസ്ററിനു് ആശാഭംഗം സംഭവിക്കുകയും ആ സുന്ദരിയെ വീണ്ടെടുക്കുന്നതിനു് ഒരുപായം തേടുന്നതിനുവേണ്ടി തൻെറ മിത്രമായ മെഫിസ്ററാഫിലിസിനെ ശരണം പ്രാപിക്കുകയും ചെയ്തു. കരാറനുസരിച്ച് ഫൌസ്ററിൻെറ ഏതാഗ്രഹവും സാധിച്ചുകൊടുക്കുവാനുള്ള ബാദ്ധ്യത പ്രേതസചിവനുണ്ടു്. അതുകൊണ്ടാണു് അയാരം ഉടൻതന്നെ തൻെറ മിത്രത്തെ സമീപിച്ചതു്.

പദം. 21 വല്ലഭൻ = സമർത്ഥൻ, നിശമയ = കേട്ടാലും, സംഗം = ചേർച്ച (സംയോഗം), കരണീയം = ചെയ്യപ്പെടേണ്ടതു് (സാധിക്കേണ്ടതു്)
ചാരിത്രം = പാതിവ്രത്യം.

KOTTAYAM PUBLIC LIBRARY
KOTTAYAM.

ചിത്രമതിൽക്കണ്ടൊരു സുന്ദരിയെന്നന്യെ
വിഭ്രമിക്കും നിന്നുടെ വിക്രിയ കണ്ടാൽ
സജ്ജനമേററം നിന്ദിക്കും, ലോകർ പഴിക്കും,
പാരം ഹസിക്കും
ഭ്രാന്തനെന്നവർ നിന്നെ വിധിക്കും

(ഖേദകരം....)

പദം: 23 ഫൗസ്ററ് (ബലഹരി)

പ: സത്യഭംഗം തന്നെയിതു കേൾക്കെടോ സചിവേന്ദ്രാ!

അ: പ: പ്രത്യഹം മമ കാമിത സാദ്ധ്യം സത്യം ചെയ്തതു
വിസ്മൃതമായോ?

ച: വത്സലയാകുമെൻ പ്രേയസിയിന്നർദ്ധരാത്രിയ്ക്കുമുന്നിലേ
മത്സവിധമെത്തിയെന്നുത്സംഗേ ശയിച്ചീടണം
കാമിനീസംഗമമസാദ്ധ്യമെങ്കിലോ
മത്സഖേ സംഭവിച്ചീടും സത്യലംഘനം.

പദം. മെഫിസ്റ്റോഫിലിസ്

ചിത്രതരമായിടുന്ന രത്നഭൂഷണാദികൾ
എത്രയും നിറഞ്ഞുള്ള ദിവ്യപേടകമിതു്
മാനിനീമണിയുടെ മണിയറ പൂകിക്കിലോ
വിസ്മയിക്കും — അവൾ ഭ്രമിക്കും
ത്വാംസ്മരിക്കും— ത്വയാസാകമവൾ രമിക്കും.

ആട്ടം: ഫൗസ്ററ് മാർഗ്ഗരററിനെ പ്രാപിക്കുവാൻ വെമ്പൽ കൊള്ളുന്നു. അവളെ വശീകരിക്കുന്നതിനുള്ള മെഫിസ്റ്റോഫിലിസിന്റെ പദ്ധതി അയാൾ വിശദീകരിക്കുന്നു. പേടകം തുറന്നു് അതിലെ രത്നങ്ങളും ആഭരണങ്ങളും പ്രത്യേകമെടുത്തു് അയാൾ പ്രദർശിപ്പിക്കുന്നു. ഒരു സ്ത്രീയുടെ മനംമയക്കുവാൻ ഇതിൽ

---

പദം. 22 പാവനം = പരിശുദ്ധം. ഹെലന്റെ ചിത്രദർശനം ഫൗസ്ററിലുണ്ടാക്കിയ മാനസിക വിഭ്രാന്തിയുടെ ഫലമായിട്ടാണു് മാഗ്ഗരററിനെ കണ്ടു് അയാൾ ഭ്രമിച്ചതു്.

പദം. 23 വിഭ്രമിക്കുക = തെററിദ്ധരിക്കുക, വിക്രിയ = വികാരം, വികൃതി. ഹസിക്കുക = ചിരിക്കുക, കളിയാക്കുക. പ്രത്യഹം = ദിവസവും. അഹസ്സ് = ദിവസം. വിസ്മൃതമാവുക = മറന്നുപോവുക. ഉത്സംഗേ = മടിയിൽ. മത്സവിധം = എന്റടുത്തു്. പേടകം = പെട്ടകം. ത്വാംസ്മരിക്കും = നിന്നെ ഓക്കും. ത്വയാസാകം = നിന്നോടൊത്തു്.

ക്കൂട്ടാൻ ഉപകരിക്കുന്ന വസ്തു ഉണ്ടോ എന്നു ചോദിക്കുന്നു. തന്റെ സ്നേഹിതന്റെ നയവൈഭവങ്ങളിൽ ഫൗസ്റ്റ് സംതൃപ്തനാകുന്നു. താൻ ഒരുദ്യാനത്തിൽ കാത്തിരിക്കുമെന്നും അവിടെ മാർഗ്ഗരറ്റ് സ്വമനസ്സാലെ എത്തിച്ചേരുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നും നിർദ്ദേശിച്ചതിനുശേഷം അവർ വേർപിരിയുന്നു. മെഫിസ്റ്റോഫിലിസ് രത്നപടകം ചുമന്നുകൊണ്ട് മാർഗ്ഗരറ്റിന്റെ വസതിയിലേയ്ക്ക് യാത്രയാകുന്നു.

## രംഗം – ഏഴ്: ഉദ്യാനം

(രത്നാഭരണാദികളുടെ ദർശനംമൂലം മനം മയങ്ങിയ മാർഗ്ഗററ താല്പര്യപൂർവ്വം ഫൗസ്ററിനെ പ്രതീക്ഷിച്ചുകൊണ്ടു് ഉദ്യാനത്തിൽ ഉലാത്തുന്നു.)

ശ്ലോകം. 10.

അനന്തരത്നാഭരണ പ്രകാശ–
വശീകൃതാ ഫോസ്റ്റിലതീവസക്താ
ദിദൃക്ഷയാതസ്യ ചചാര പുഷ്പോ
ദ്യാന പ്രദേശേ മദനാതുരാസാ

(ആട്ടം;– മാർഗ്ഗററ് പ്രവേശിച്ച് ഉദ്യാനഭംഗിനോക്കിക്കാണുന്നു. മനസ്സിൽ അവാച്യമായ ആഹ്ലാദം അനുഭവപ്പെടുന്നു എന്നു നടിച്ചുകൊണ്ടു് പലതരത്തിലുള്ള പുഷ്പങ്ങൾ മാറിമാറി നോക്കിയതിനുശേഷം അതിലിഷ്ടപ്പെട്ട ഒന്നു് ഇറുത്തെടുക്കുന്നു. പുഷ്പദർശനത്തോടെ കാമുകനെപ്പററിയുള്ള സ്മരണമനസ്സിൽ ഉദയം ചെയ്യുന്നു. അദ്ദേഹം തന്നെ ആത്മാർത്ഥമായി സ്നേഹിക്കുന്നുണ്ടോ? ഇല്ലെങ്കിൽ ഇത്ര വിലപ്പിടിപ്പുള്ള ആഭരണങ്ങളും രത്നങ്ങളും മററും എന്തിനു് സമ്മാനിച്ചു. ഒന്നു പരീക്ഷിക്കുകതന്നെ. ഒരു താരാപുഷ്പം കയ്യിലെടുത്തു് അതിൻെറ ദളങ്ങൾ ഓരോന്നായി അടർത്തി എണ്ണിക്കൊണ്ടു് ''അദ്ദേഹമെന്നെ സ്നേഹിക്കുന്നു'' ''സ്നേഹിക്കുന്നില്ല'' എന്നു് മന്ത്രിക്കുന്നു. അവസാനദളം ശേഷിച്ചപ്പോൾ ''എന്നെ സ്നേഹിക്കുന്നു'' എന്നു് എണ്ണം വരുകയും അത്യാഹ്ലാദത്തോടെ കുതിച്ചുചാടി ഉദ്യാന ലതകളുടെ ഇടയിലേക്കു് സാകൂതം നോക്കുകയും ചെയ്യുന്നു. തത്സമയം വൃക്ഷങ്ങൾക്കു് മറഞ്ഞുനിന്നുകൊണ്ടു് ഈ കാഴ്ച കണ്ടുകൊണ്ടിരുന്ന ഫൗസ്ററ് അവളുടെ മുന്നിൽ പ്രത്യക്ഷപ്പെടുന്നു. ലജ്ജാവൈവശ്യത്തോടെ മാറി നിൽക്കുന്നു.)

ശ്ലോകം. 11. സുരുട്ടി–ചെമ്പട

പുഷ്പമൊന്നടനിറുത്തെടുത്തു ദളമെണ്ണിയെണ്ണിയവസാനമാ
ബ്ബാഷ്പ പൂർണ്ണനയനാമയിപ്രണവാന സാവിതിജഗാദസാ

---

രംഗം. 7. ശ്ലോകം 10. നിരവധി രത്നങ്ങളുടെയും ആഭരണങ്ങളുടെയും പ്രകാശത്തിൽ ആകൃഷ്ടയായ അവൾ താമസംവിനാ ഫൗസ്ററിനോടു സ്നേഹമുള്ളവളായി ഭവിക്കുകയും, അയാളെ കാണണമെന്നുള്ള ആഗ്രഹത്തോടുകൂടി ഉദ്യാനത്തിൽ കാമപരവശയായി മന്ദം മന്ദം ഉലാത്തുകയും ചെയ്തു.

ദിദൃക്ഷ = കാണുവാനുള്ള ആഗ്രഹം, ചചാര = സഞ്ചരിച്ചു. മദനാതുരാ = കാമപരവശ,

തൽക്ഷണം പ്രണയവാരിരാശിരഥ ഫോസ്റ്റസോപിമദനാതുര-
സ്തത്രചെന്നു പരിപൂർണ്ണമോദമൊടുമാഹമന്ദഹസിതാനനാം

പദം. 24 ഫൗസ്ററ്

പ. ചഞ്ചലാക്ഷിമാരണിയും മൗലിമാലേ!
ചഞ്ചലത്വമെന്നിയേ കേരംക്ക മാമകവാചം:

അ. പ. ചമ്പകാംഗീ നിൻ പാദപങ്കജസേവചെയ്‌വാൻ
പഞ്ചബാണാജ്ഞയാലേ വന്നണഞ്ഞാനിവൻ
(ചഞ്ചല....)

ച. മജ്ജുളഭാഷിണീ! കഞ്ജദളവിലോചനേ നിൻ
മഞ്ജുളമെയ് തലോടുവാൻ വാഞ്ഛ-
പെരുകുന്നിതെന്നിൽ
പഞ്ചമഗീതസമന്വിതലതികാ
കുഞ്ജസദന മതിലൊരു സുമമഞ്ചേ
ചഞ്ചലനയനേ വരികനീ സവിധേ
കിഞ്ചന കേളികരം ചെയ്തീടാനായ്
(ചഞ്ചല-)

പദം 25 മാർഗ്ഗരററ് എരിക്കിലക്കാമോദരി-ചെമ്പട

കാമസന്നിഭ ഗാത്ര! മോഹന ശീല! ഭവാൻ
കാമമെനിക്കു പാരമേകീടുന്നു വിഭോ!
ഞാനൊരുഗ്രാമകന്യ, ജ്ഞാതികളുമില്ല പാർത്താൽ
നൂനംമമകുലംഭവൽ കുലീനതക്കു യോജ്യമല്ല
നിത്യമോരോ വേല ചെയ്തു നിത്യതകഴിപ്പോളിവരം
മർത്ത്യ പുംഗവ! ഭവാനു് വർജ്ജ്യയെന്നങ്ങറിയേണം

---

ശ്ലോകം. 11. മാർഗ്ഗരററ്, ഒരു പുഷ്പം കയ്യിലെടുത്തു് അതിന്റെ ദളങ്ങരം ഓരോന്നായി എണ്ണി. അവസാന ദളമായപ്പോരം 'അദ്ദേഹംമെന്നെ സ്നേഹിക്കുന്നു' എന്നു് ആനന്ദബാഷ്പത്തോടെ ആത്മഗതം ചെയ്തു. തൽക്ഷണം പ്രേമസമ്പന്നനായ ഫൗസ്ററ് സസന്തോഷം അടുത്തു ചെന്നു അവളോടിപ്രകാരം പറയുകയും ചെയ്തു.

ബാഷ്പം = കണ്ണുനീർ. ജഗാദ = പറഞ്ഞു. മദനാതുരഃ = കാമപരവശൻ. ആഹ = പറഞ്ഞു.

പദം. 24. ചമ്പകാംഗി = ചമ്പകപുഷ്പത്തിന്റെ അഴകോടുകൂടിയവരം. പഞ്ചബാണൻ = കാമദേവൻ. മഞ്ജുളം = മനോഹരം കഞ്ജം = താമര. പഞ്ചമഗീത . . . കുഞ്ജസദനത്തിൽ = പഞ്ചമഗീതാലാപനത്തോടുകൂടിയ ലതാഗൃഹത്തിൽ.



പ്രേമബദ്ധരായ ഫൗസ്ററും മാർഗരററും—ഉദ്യാനത്തിൽ.

''മഞ്ജുഭാഷിണീ, കഞ്ജദളവിലോചനേ നിൻ—
മഞ്ജുളമെയ് തലോടുവാൻ വാഞ്ഛപെരുകുന്നെന്നിൽ.''

പദം ഫൗസ്റ്റ്.

മാനിനീമണേ! വൃഥാമാലിനി വേണ്ടബാലേ!
ദേവസുന്ദരിയായി തോന്നീടുന്നെനിക്കു നിന്നെ
നിന്നുടെനികടേ മേവീടുമ്പോഠം നിർവൃതി
ഞാനും പൂണ്ടീടുന്നു
എന്നോടൊത്തു രമിച്ചീടേണം സുന്ദരി–
ശങ്കിച്ചീടരുതേ നീ.
(ചഞ്ചല )

പദം മാർഗ്ഗരററു്.

മോഹനാകൃതേതവസ്നേഹവാരിപൂരം തന്നിൽ
മാരശരമോഹിത ഞാൻ നൂനം മുഴുകീടുന്നു
അജ്ഞാതമാമൊരു വശ്യശക്തിയാൽ ഞാനുമേററം
വിജ്ഞാനനിപുണ! ഭവൽദാസിയായ് ഭവിച്ചീടുന്നു.
(കാമസന്നിഭ )

(ആട്ടം:– പരസ്പരാലിംഗനബദ്ധരായതിനുനേഷം വേർപിരിഞ്ഞു് രണ്ടു ഇരിപ്പിടങ്ങളിലായി ഇരുന്നിട്ടു്.

മാർഗ്ഗരററു്:– ഞാൻ അഗതിയായ ഒരു കന്യകയാണു്. അങ്ങു് സമുന്നതനായ ഒരു വ്യക്തിയും. നാം തമ്മിലുള്ള ദാമ്പത്യബന്ധം അങ്ങയുടെ ബന്ധുക്കഠം അനുവദിക്കുമോ? അങ്ങെന്നെ ആത്മാർത്ഥമായി സ്നേഹിക്കുന്നുണ്ടോ?

ഫൗസ്ററു്:– തീർച്ചയായുമുണ്ടു്. ഞാൻ നിൻെറ കുലമഹിമ കണക്കിലെടുക്കുന്നില്ല. ഒരു ദേവസുന്ദരിയായി നിന്നെ ഞാൻ കണക്കാക്കുന്നു. നാം തമ്മിലിനി വേർപിരിയാൻ പാടില്ല. കൈ പിടിച്ചു നൃത്യം ചെയ്യുന്നു. ആറ്റാദത്തോടുകൂടി ഇരുവരും കൈകോർത്തു് പിടിച്ചു് ഉദ്യാനഭംഗികളോരോന്നായി നോക്കിക്കാണുന്നു. ഫൗസ്ററു് പുഷ്പസൗരഭ്യം നടിക്കുന്നു. തത്സമയം മാർഗ്ഗരററു് കുറെ പുഷ്പങ്ങഠം ഇറുത്തുകൊണ്ടു് അയാളുടെ അടുത്തെത്തുന്നു. അതിൻെറ നിറവും പ്രത്യേകം ആസ്വാദ്യമെന്നു സമ്മതിക്കുന്നു. ഇരുവരും ചേർന്നു് മാല കോർത്തു് പരസ്പരം അണിയിക്കുന്നു.

മാർഗ്ഗരററു്:– അങ്ങു് എൻെറ കഴുത്തിൽ താലികെട്ടി വിധിപൂർവ്വം പരിഗ്രഹിക്കാത്തതെന്തു് ?

ഫൗസ്ററു്:– അതൊക്കെ പിന്നീടായിക്കൊള്ളാം. ഇപ്പോഠം നമുക്കു് ഒത്തുചേർന്നു് രമിക്കാം.

---

പദം. 25. ജ്ഞാതികഠം = ബന്ധുക്കഠം. മർത്ത്യപുംഗവൻ = മനുഷ്യശ്രേഷ്ഠൻ വർജ്ജ്യ = ഉപേക്ഷിക്കേണ്ടവ.ഠം. വൃഥാ = വെറുതെ. മാൽ = ദുഃഖം.
പദം. 25 നികടം = സമീപം നിർവൃതി = ആനന്ദം മാരശരം = കാമശരം,

ഇരുവരും ഉദ്യാനത്തിന്റെ മറെറാരു ഭാഗത്തേക്കു് നീങ്ങുന്നു.

മാർഗ്ഗററ്റ്:— അതിമധുരമായ ഒരു ശബ്ദം ശ്രവിക്കുന്നതായി നടിച്ചുകൊണ്ടു് ഈ കേൾക്കുന്നതെന്താണു്?

ഫൗസ്ററ്:— അതു കുയിലിന്റെ കൂജനമാണു്. അതിലും മധുരമാണു് നിന്റെ ശബ്ദം. നിനക്കു പാടുവാനറിയാമോ?

ഇരുവരും ചേർന്നു് ഗാനമാലപിക്കുന്നു. അനന്തരം ഫൗസ്ററ് വല്ലികാ നടികളുടെ നർത്തനം ശ്രദ്ധിക്കുന്നു. മാർഗ്ഗററിനെ വിളിച്ചു കാണിച്ചുകൊണ്ടു്, ഇവ മനുഷ്യരെപോലെ സുന്ദരമായി ആടുന്നു. ഇതുപോലെ നമുക്കു് ഒത്തുചേർന്നു് നൃത്തം ചെയ്യാം. (ഇരുവരും ചേർന്നു് പല തരത്തിലുള്ള നൃത്തഭേദങ്ങൾ കൈക്കൊള്ളുന്നു. വീണ്ടും പ്രേമസല്ലാപങ്ങളിൽ മുഴുകുന്നു.)

(ദൂരത്തിൽ മുഴങ്ങികേട്ട മെഫിസ്റ്റോഫിലിസിന്റെ ശബ്ദം ഫൗസ്ററിനെ ചിന്താകുലനാക്കുന്നു. മനസ്സില്ലാമനസ്സോടെ അയാൾ കാമുകിയോടു് യാത്ര പറയുന്നു.

മാർഗ്ഗററ്:— (അശുലഭ ലക്ഷണം നടിച്ചുകൊണ്ടു്) ഈ വേർപാടു് എന്നെ പരിഭ്രാന്തയാക്കുന്നു. ഇദ്ദേഹം എന്നിൽ നിന്നകലുംതോറും എനിക്കെന്തോ നഷ്ടപ്പെടുന്നതുപോലെ തോന്നുന്നു. ഇദ്ദേഹത്തോടൊത്തുചേർന്നു് ദാമ്പത്യസുഖം ഇനിയും അനുഭവിക്കുവാൻ സാധിക്കുമോ? കരുണാനിധിയായ ദൈവമേ! അങ്ങു് ഞങ്ങളെ കാക്കേണമേ! ഫൗസ്റ്റിനെ തന്നെ നോക്കി നില്ക്കുന്നു.

## രംഗം എട്ട്: (എ) ദേവാലയം

(ഫൗസ്ററുമായുള്ള വേഴ്ചയുടെ ഫലമായി അവിവാഹിതയായ മാർഗ്ഗ്രററ് ഗർഭിണിയാകുന്നു. പിശാചിന്റെ പ്രേരണമൂലം ഫൗസ്ററ് അവളെ വിട്ടകന്നു പോകുന്നു. ലോകാപവാദം അസഹ്യമായിത്തീർന്ന അവസരത്തിൽ ഗർഭഭാരവും പേറിക്കൊണ്ട് ബന്ധുപരിത്യക്തയായ അവരം പരവശയായി പാപമോചനത്തിനു വേണ്ടി ദേവാലയത്തിൽ ചെന്ന് ദൈവത്തെ പ്രാർത്ഥിക്കുന്നു.)

ശ്ലോകം. 12. ഉശാനി -- ചെമ്പട.

പ്രണയജീവിത വല്ലരിപൂക്കവേ
മഹിളമാർ മണിഗർഭിണിയാകവേ
സഹനശക്തി നശിച്ചുരുഭീതയോ–
ടവളിരന്നിതു പാപവിമോചനം

പദം. 26 മാർഗ്ഗ്രററ്.

പ. പരിപാഹിമാം ദേവ! പരിപാഹിമാം
അ. പ. പാരിതിൽ പിറന്നീടിന പാപകാരിണിയിവളെ
പാലനം ചെയ്തീടണം കാരുണ്യാംബുധേ ദേവ!
(പരിപാഹിമാം....)

ച. ഗർഭിണിയാകും ദുർഭഗയെ മഹാലോകർ നിന്ദിച്ചീടും
അർഭകനും ഞാനും ഭൂമി ഭാരമായിത്തീരും
(പരിപാഹിമാം....)
പാംസുലയാകുമിവരം പ്രാർത്ഥനക്കും യോഗ്യയല്ല
മോചനംമേ തന്നീടണം മോഹനാശക! ദേവ.
(പരിപാഹിമാം...)
ആധിവാരിധി മദ്ധ്യേ വീണുഴന്നീടുന്നൊരെന്നെ
ആശ്രിതരക്ഷക! നീതാൻ കൈക്കൊണ്ടീടണം
(പരിപാഹി..)

(അത്യധികമായ ഹൃദയവേദന അനുഭവപ്പെടുന്നതായി നടിച്ചുകൊണ്ടും ദുർവിധിയെ പഴിച്ചുകൊണ്ടും ഈശ്വരനെ പ്രാർത്ഥിച്ചുകൊണ്ടും പിൻവാങ്ങുന്നു.)

---

രംഗം. 8. (എ) ശ്ലോകം 12. കാമുകീകാമുകന്മാരായ അവരുടെ പ്രണയജീവിതമാകുന്ന ലത പൂക്കുകയും സ്ത്രീരത്നമായ മാർഗ്ഗ്രററ് ഗർഭം ധരിക്കുകയും ചെയ്തു. ലോകാപവാദംമൂലം ഭയപരവശയായി തീർന്ന അവരം, ദേവാലയത്തിൽ ചെന്ന് പാപമോചനത്തിനായി പ്രാർത്ഥിച്ചു.

പദം 26. പരിപാഹി = രക്ഷിച്ചാലും. മാം എന്നെ. ദുർഭഗ = ഭാഗ്യംകെട്ട (ഭർത്താവ് സ്നേഹിക്കാത്ത). അർഭകൻ = പുത്രൻ. പാംസുല = മലിന ആധിവാരിധി = ദുഃഖമാകുന്ന സമുദ്രം.

## രംഗം എട്ട്: (ബി) സമുദ്രതീരം

ശ്ലോകം 13.

കല്ല്യാണം കഴിയാതെ ഗർഭവതിയായ് മാതാവുമായ്
ത്തീർന്നൊരീ–
കല്യാണീമണി മാർഗ്ഗരററു ജനാപവാദത്തെഭയന്നിട്ടഹോ
കല്യാവേശവശേന കുട്ടിയൊടു ചേർന്നംഭോധി
പൂകീടിലും
കല്യാമൃത്യുഭവിച്ചിടാതെ ശിശുഹത്യസ്ഥയായ് തുറുങ്കേ
റിനാറം.

(ആട്ടം:– മാർഗ്ഗററു് നവജാത ശിശുവിനോടുകൂടി പ്രവേശിക്കുന്നു. ദുഃഖവും ഭയവും സംഭ്രാന്തിയും അവളുടെ മുഖത്തു് മാറി മാറി നിഴലിക്കുന്നു. കുട്ടിയെ നോക്കി കണ്ണുനീർ വാർക്കുന്നു. താൻ ഇതിനെ എന്തു ചെയ്യും? അപവാദശരങ്ങളേററു് താൻ തളർന്നിരിക്കുന്നു. പല സ്ഥലത്തു തിരഞ്ഞിട്ടും ഇതിൻെറ അച്ഛനെപ്പററി ഒരറിവുമില്ല. ബന്ധുക്കരം തന്നെ വീട്ടിൽ നിന്നും അടിച്ചിറക്കിയിരിക്കുകയാണു്. ഈ പ്രതികൂല സാഹചര്യത്തിൽ താനീ കുട്ടിയോടുകൂടി എങ്ങനെ ജീവിക്കും? വീണ്ടും ശിശുവിൻെറ മുഖത്തു നോക്കിയിട്ടു് പ്രാണവല്ലഭൻെറ മുഖം തന്നെ. അദ്ദേഹത്തിൻെറ സ്മരണനിലനിർത്തുവാൻ വേണ്ടിയെങ്കിലും ഇവനെ ഞാൻ വളർത്തേണ്ടതല്ലേ? ഈ ദുഷ്ടജനം എന്നെ അതിനനുവദിക്കുന്നില്ല. ഈ ലോകത്തിൽ തനിക്കിനി സ്ഥാനമില്ല. മരണമേ ഗതിയുള്ളു. കുട്ടിയെ ഉപേക്ഷിച്ചിട്ടു് എങ്ങനെ മരിക്കും? മാറത്തലച്ചു് വിലപിക്കുന്നു. വീണ്ടും കുട്ടിയെ നോക്കുന്നു. ക്രമേണ ദൃഷ്ടി വിദൂരത്തിലേക്കു് നീങ്ങുന്നു. അകലെയല്ലാതെ അതാ! അലകടൽ ദൃശ്യമാകുന്നു. എന്തോ ഓർത്തിട്ടെന്നപോലെ ആത്മഹത്യയേ ഗതിയുള്ളു തിരമാലകരം തന്നെ സമീപിച്ചുകൊണ്ടിരിക്കുന്നു. കുട്ടിയോടുകൂടി ഈ കടലിൽ ചാടി മരിക്കുകതന്നെ. വീണ്ടും ശിശുവിനെ നോക്കി കണ്ണുനീർ വാർത്തുകൊണ്ടും തൻെറ പിഴകരം പൊറുക്കേണമേ എന്നു് ഈശ്വരനോടു് അപേക്ഷിച്ചുകൊണ്ടും കുട്ടിയോടുകൂടി സമുദ്രത്തിൽ ചാടുന്നു. ആ വഴിക്കു കടന്നുപോയ രണ്ടു രാജഭടന്മാർ ഈ കാഴ്ച കണ്ടു അവളെ സമുദ്രത്തിൽ നിന്നും കരകയററുന്നു. ശിശുഹത്യക്കു് മുതിന്ന ശിക്ഷാർഹയായ അവളെ അവർ ബന്ധിക്കുകയും കൊണ്ടുപോയി ജയിലിലിലടക്കുകയും ചെയ്യുന്നു.

---

ശ്ലോകം 13. കല്ല്യാവേശവശേന = കലിയുടെ ആവേശം മൂലം
കല്ല്യാ = ശുഭശീല. അംഭോധി = സമുദ്രം. മൃത്യു = മരണം.

–o–o–



**ജയിലറ—മാർഗരററ്.**

**തടവുകാരിയായ മാർഗരററിൻെറ വിലാപം.**

''കരുണാവാരിധേ! ദേവാ! ചരണദാസിയാമെന്നെ
കരുണയെന്നിയേ ഭവാൻ കൈവെടിഞ്ഞിതോ?''

## രംഗം: ഒൻപതു്

(ജയിലറ, മാർഗ്ഗരററിനെ തൂക്കിലിടുന്ന ദിവസത്തിൻെറ തലേ രാത്രി. ജയിലിലെ മുഷിഞ്ഞവേഷത്തിൽ (കറുത്ത ശിരോവസ്ത്രം, കൈക്കു വിലങ്ങു്) മാഗ്ഗ്ഗരററു് പ്രത്യക്ഷപ്പെടുന്നു — ശോകസാന്ദ്രമായ ഗാനം.)

ശ്ലോകം 14.

സ്വജീവിതാന്തക്ഷണമെണ്ണിയെണ്ണി
ക്കഴിക്കുമസ്സാദ്ധ്വിനിജപ്രിയാസ്യം
കണ്ടീടുവാൻ ഭാഗ്യമതില്ലയെന്നാ—
യോർത്തോർത്തു വിങ്ങിക്കരയാൻ തുടങ്ങി.

പദം. 27 പുന്നാഗവരാളി — ചെമ്പട

പ: കരുണാവാരിധേ ദേവ! ചരണദാസിയാമെന്നെ
കരുണയെന്നിയേ ഭവാൻ കൈവെടിഞ്ഞിതോ?

അ: പ: പ്രാണസന്നിഭനാകും പ്രാണനാഥനുമിപ്പോരം
കാരുണ്യലവമെന്യേ സന്ത്യജിച്ചുവല്ലോ!
(കരുണാ)

ച: പുത്രമുഖദർശനമാം സൗഭാഗ്യമത്തുമയ്യോ
അത്ര ദുർവ്വിധിമൂലം നഷ്ടമായ്ഭവിച്ചല്ലോ.
ദാരുണമാം നിയമത്തിൻ ഘോരവക്ത്രത്തിൽപെട്ടു്
കാരാഗാരനരകത്തിൽ കഴിയുവാനും

ഭീകര ദാരുണമാകും കഴുമരമേറുവാനും
ഘോരവിധിയാൽ ഞാൻ പ്രേരിതയല്ലോ!
അന്തിമമാം നിമിഷങ്ങളെണ്ണിയെണ്ണി നീക്കിടുമ്പോരം
'അന്തമററ കദനം ഞാനാരോടു ചൊൽവൂ?

ഹാ! ഹാ! മമ പ്രാണനാഥാ! ലോകാനന്ദ ദായകാ!
ഹാ! ഹാ! ജഗദീശ്വരാ, കരുണാകര, ദൈവമേ!
(കരുണാവാരിധേ)

---

രംഗം 9. ശ്ലോകം 14. ജീവിതത്തിൻെറ അന്ത്യനിമിഷങ്ങരം എണ്ണിയെണ്ണി ജയിലിൽ കഴിയുന്നവളായ മാർഗ്ഗരററു്, ഈ സന്ദർഭത്തിലെങ്കിലും പ്രാണവല്ലഭൻെറ മുഖം കാണാൻ ഭാഗ്യമില്ലാതെ വന്നല്ലോ എന്നോർത്തു് വിമ്മി ക്കരയാൻ തുടങ്ങി.
ആസ്യം = മുഖം. സാദ്ധ്വി = പതിവ്രത.
പദം. 27. സന്നിഭം = തുല്യം. വക്ത്രം = വായ്. ചരണം = പാദം. കദനം = ദുഃഖം.

ശ്ലോ: 15 ശിലയുമലിയുമീ വിലാപമേററം
ശിഥിലിതമാക്കി തദീയമന്തരംഗം
ബലമൊടു കതകും തുറന്നഫോസ്റ്റ—
സ്സലരടിക്കുപ്പി വധൂം ക്ഷമാംയയാചേ.

(മാഗ്ഗ്രററിൻെറ വിലാപംകേട്ടു് മനസ്സുരുകുന്ന നിലയിൽ ഫൗസ്ററ് പ്രവേശിക്കുന്നു. ജയിലിൻെറ കവാടം ഭേദിച്ചു് അകത്തു കടക്കുന്നു. അനവസരത്തിൽ തൻെറ മുന്നിൽ പ്രത്യക്ഷപ്പെട്ട മനുഷ്യരൂപം കണ്ടു് മാഗ്ഗ്രററു് ഞെട്ടിവിറയ്ക്കുന്നു. ഉടൻ തന്നെ കാമുകൻെറ ശബ്ദം തിരിച്ചറിഞ്ഞു് അവരം സന്തോഷിക്കുന്നു. ഫൗസ്ററു് അവളുടെ പാദങ്ങളിൽ വീണു മാപ്പപേക്ഷിക്കുന്നു.)

ഫൗസ്റ്റ് പദം. 28

ദേവഗാന്ധാരം—ചെമ്പട.

പ: ഹൃദയേശ്വരി! തവ ദു:സ്ഥിതിമൂലം മമ—
ഹൃദയമതും വെന്തു നീറിടുന്നു ബാലേ!

അ: പ: ഹൃദയശൂന്യനാമെൻെറ ചാപല്യംനിമിത്തമായ്
സുദതി! നീ ദു:ഖിപ്പതും നിർണ്ണയം മേ സഹിയാ.
(ഹൃദയേശ്വരി)

ച: പ്രേതവരനുടയ നികൃതിയിൽ പെട്ടു ഞാൻ
പാപ കർമ്മങ്ങരം ബഹുചെയ്തുപോയി
ലോകനിന്ദനത്തിനും പാത്രീഭൂതനായി
ദേവി! എൻ പിഴകളെ നീ പൊറുത്തീടണം.
(ഹൃദയേശ്വരി)

രാജനീതികളേയും ഞാൻ ഭൂരിബല സൈന്യത്തേയും
ആജി തന്നിൽ ജയിച്ചീടും സന്ദേഹമേതുമില്ല,
ആകയാൽ നീ പോരിക, എന്നോടൊത്തുവേഗം
നൂനം തവരക്ഷണായ പോരുമിന്നു ഞാൻ.
(ഹൃദയേശ്വരി)

---

ശ്ലോകം. 15. ശിലപോലും അലിയത്തക്കവിധമുള്ള മാർഗ്ഗരററിൻെറ ദീനസ്വരം, യാദൃച്ഛികമായി അവിടെ എത്തിച്ചേർന്ന ഫൗസ്ററിൻെറ മനസ്സിനെ തകർത്തുകളഞ്ഞു. ജയിലറയുടെ കതകു തട്ടിത്തുറന്നു് അയാരം അകത്തു കടക്കുകയും ഭാര്യയുടെ പാദങ്ങളിൽ വീണു ക്ഷമാപ്രാർത്ഥന നടത്തുകയും ചെയ്തു.
യയാചേ = യാചിച്ചു. ശിഥിലിതമാക്കി = തകർത്തുകളഞ്ഞു,
അലരടി = പൂപോലുള്ള പാദം. വധൂം = ഭാര്യയോടു്.
പദം 28. ദു:സ്ഥിതി = ദുരവസ്ഥ. സുദതി = സുന്ദരി.
നികൃതി = ചതിവു്. ഭൂരിബലം = വർദ്ധിച്ച ശക്തി. ആജി = യുദ്ധം.



ജയിലറ—ഫൗസ്ററും മാർഗരററും

''ഹൃദയേശ്വരീ തവ ദുഃസ്ഥിതിമൂലം മമ
ഹൃദയമത്രും വെന്തുനീറിടുന്നു ബാലേ!''

പദം. 29. മാർഗ്ഗററ്റ്

ആനന്ദ ഭൈരവി–ചെമ്പട.

പ: പ്രാണവല്ലഭനോടൊത്തു കാണിനേരംവാണീടുവാൻ
ക്ഷീണയാകുമിവൾക്കഹോ ഭാഗ്യമില്ലെന്നുവന്നു.

അന്തിമമാം നിമിഷങ്ങളന്തികമെത്തീടുന്നു
ഹന്ത! ഭവാനെ ഞാനും വേർപിരിഞ്ഞീടുക വേണ്ടൂ.
അന്തികമിതിൽ ഭവാനിരുന്നീടുകവേണം
സന്തത കാമ്യമാകും സൗഖ്യലവം ലഭിപ്പാനായ്

മൽപ്രിയനാം നീയിപ്പരീക്ഷകൾ തീർന്നു
മൽസവിധത്തിലെത്തും പരലോകത്തിൽ
ഹാ! ഹാ! മമപ്രാണനാഥാ!

ആട്ടം:— മാർഗ്ഗററ്റ് ആസക്തിയോടുകൂടി ഫൗസ്ററിനോട് അടുക്കുന്നു. ആലിംഗനം ചെയ്യുന്നു. വേർപാടിനുശേഷമുണ്ടായ അവസ്ഥാന്തരങ്ങൾ എന്തെല്ലാമെന്ന് ഫൗസ്ററ് അന്വേഷിക്കുന്നു. താൻ ഗർഭിണിയായതും കുട്ടി ജനിച്ചതും അതേ തുടർന്നുണ്ടായ മററു കാര്യങ്ങളും അവൾ വിശദീകരിക്കുന്നു. ഫൗസ്ററ് കൂടുതൽ ദുഃഖവിവശനാകുന്നു. സഹധർമ്മിണിയുടെ ദുരവസ്ഥയ്ക്കു കാരണക്കാരൻ താനാണെന്നുള്ള കുററബോധം അയാളിൽ വർദ്ധിക്കുന്നു. അന്ത്യനിമിഷത്തിലെങ്കിലും ഭർതൃസാന്നിദ്ധ്യം ലഭിച്ചതിൽ അവൾ സന്തോഷിക്കുന്നു. ഭർത്താവ് തൻെറ അടുത്തു ചേർന്നിരിക്കുവാൻ അവൾ ആവശ്യപ്പെടുന്നു. ആലിംഗനത്തിൽ മുഴുകുന്നു. വെളിയിൽ മെഫിസ്റ്റാഫിലിസിൻെറ ശബ്ദം കേട്ട് ഇരുവരും ഞെട്ടുന്നു. പ്രേതദൂതൻെറ നേർക്ക് വിരൽ ചൂണ്ടിക്കൊണ്ട് മാർഗററ്റ്: ''ഇവനാണ് നമ്മുടെ ശത്രു. ഇയാളുമായി അങ്ങ് മേലിൽ ബന്ധപ്പെടരുത്. ഇവൻ അങ്ങയെ നശിപ്പിക്കും''. ഇപ്രകാരം പറഞ്ഞുകൊണ്ട് ദീനതയോടെ നോക്കി നിൽക്കുന്നു. തൽക്ഷണം മെഫിസ്ററാഫിലിസ് പ്രവേശിക്കുന്നു.

പദം: മെഫിസ്റ്റാ ഫിലിസ്

കേദാരഗൗഡം

ഹന്ത! ഹന്ത! നിന്ദ്യമാകും സംഗമചേഷ്ടയിൽപെട്ട്
എന്തിനിഹവാഴുന്നു നീ പിന്തിരിക വേണ്ടൂ.

(ഫൗസ്റ്റിനെ ബലമായി പിടിച്ചുകൊണ്ടുപോകുന്നു)

---

പദം 29. അന്തികം = അടുത്തു

ശ്ലോകം. 16.

തുറുങ്കിനുള്ളിൽ പ്രിയതൻ ശരീരം
പുണർന്നുവാഴും പ്രിയനെ തദാനീം
ചൊടിച്ചു വേഗേനപിശാച ദൂതൻ
വലിച്ചിഴച്ചാശുബഹിർഗമിച്ചു.

ഫൗസ്റ്റ്: മാർഗ്ഗരററിനെ വേർപിരിയാൻ കഴിവില്ലാത്തവനായി, അസഹ്യമായ ഹൃദയവ്യഥ അനുഭവിക്കുന്നവനെപോലെ, പൊട്ടിക്കരഞ്ഞുകൊണ്ട് മെഫിസ്ററാഫിലിസിൻെറ പിടിയിൽപെട്ട് മുന്നോട്ടുനീങ്ങുന്നു. വീണ്ടും വീണ്ടും തിരിഞ്ഞു് പ്രേയസിയെ നോക്കി കണ്ണുനീരൊഴുക്കുന്നു. ഫൗസ്ററിൻെറ ദുഃഖം പ്രേതസചിവനോടുള്ള വെറുപ്പായി ക്രമേണ രൂപാന്തരപ്പെടുന്നു.

മാർഗ്ഗരററു്: ഫൗസ്ററിനെ നോക്കി അശ്രുക്കൾ വാർത്തുകൊണ്ട് ''ഈ ദുഷ്ടൻെറ സംസർഗ്ഗം കൊണ്ട് ഭർത്താവിനു് ദോഷം വരുത്തരുതേ ദൈവമേ! പരലോകത്തുവച്ചെങ്കിലും പുനഃസമാഗമമുണ്ടാകേണമേ!'' എന്നു പ്രാർത്ഥിക്കുന്നു. വീണ്ടും അസഹ്യമായ ദുഃഖത്തോടെ അവർ പോകുന്നിടത്തേയ്ക്കു നോക്കുന്നു. ബോധംകെട്ടു വീഴുന്നു.

ഇടശ്ലോകങ്ങൾ*

17 പ്രേതനാഥസചിവൻെറ കൈവശമണഞ്ഞ
ഫൗസ്ററുസതിയായ തൻ
പൂതയാം പ്രിയയെയോർത്തുവീർത്തുകദനാംബു-
രാശിയിലമർന്നഹോ!
പ്രേതബാധനിജ ജായതൻ ദുരിത ഹേതുവെന്നു
നിരൂപിച്ചുടൻ
ചേതസാവിരസഭാവമാർന്നു വിഷമിച്ചു
നാളുകൾ കഴിച്ചുതേ!

---

ശ്ലോകം. 16. ജയിലറയിൽ ദമ്പതികൾ പരസ്പരാലിംഗനബദ്ധരായിരുന്ന സമയത്തു് പിശാചദൂതൻ (മെഫിസ്റ്റാഫിലിസ്) അവിടെ നിന്നും ഫൗസ്റ്റിനെ പിടിച്ചുവലിച്ചു വെളിയിൽ കൊണ്ടുവന്നു.

*ഇടശ്ലോകങ്ങൾ: ആട്ടക്കഥയിലെ 9–ാം രംഗംവരെയുള്ള കഥാഭാഗങ്ങൾ ഫൗസ്റ്റ് നാടകം ഒന്നാം ഭാഗത്തിൽ ഉൾപ്പെടുന്നു രണ്ടാം ഭാഗത്തിലെ കഥയെ മങ്ങിയ വെളിച്ചത്തിലെ ഒരു മായാലോകമെന്നു വിശേഷിപ്പിക്കാം. ഭാവനാപരമായി ഉയർന്ന ഒരു മണ്ഡലമാണ് ഗോയ്ഥെ അവിടെ അനാവരണം ചെയ്തിട്ടുള്ളതു്. രംഗങ്ങൾ കൂടുതൽ വർണ്ണാഞ്ചിതങ്ങളാണെങ്കിലും അവയ്ക്കു് വ്യക്തമായ ബന്ധമോ ഐകരൂപ്യമോ ഇല്ല. കഥാപാത്രങ്ങൾ ആദർശങ്ങളുടെ പ്രതീകങ്ങൾ മാത്രമാണ്. സംഭവങ്ങൾക്കു് രംഗപ്രയോഗ സാദ്ധ്യത കുറവായതിനാൽ ഇട ശ്ലോകങ്ങളായി ഇതിൽ ചേർത്തിരിക്കുന്നു.

18 പ്രേമമാണുമനുജൻെറയുന്നതിയതിന്നു
ഹേതു സകലത്തിനും
സീമയററ പരമാത്മ ശക്തി തരുണീജ-
നത്തിനു നിസർഗ്ഗജം
കാമമിപ്പരമ ചിന്തയാലവനുവന്നു
ചേർന്നുശമമപ്പൊഴേ-
യ്യാമയക്ഷതിയുമുത്ഭവിച്ചു പരമൊന്നു
യർന്നു മഹിതാശയൻ.

19 അത്ര നിസ്തുല മനോജ്ഞരൂപപരിചര്യ
കൊണ്ടവനുമെത്തിടാ-
മൈത്ര്യം മുകളിലെന്നചിന്തപരമാർന്നു
ഫോസ്ററസതിനായ്മുദാ
തത്ര ദിവ്യവരരൂപയായ ഹെലനേവ-
രുത്തീയവളൊത്തലം
ചിത്രമായികഗൃഹത്തിൽ വാണു സുതനും പി-
റന്നു പരമത്ഭുതം.

---

ശ്ലോകം 17. പ്രേതസചിവനായ മെഫിസ്റ്റാഫിലിസിൻെറ പ്രേരണമൂലം ഫൗസ്റ്റ് മാർഗ്ഗരററിനെ വിട്ട് ജയിലിൽനിന്നും മടങ്ങിപ്പോരുവാൻ നിർബ്ബന്ധിതനായി. താമസംവിനാ അവളുടെ മരണവാർത്തയും കൂടി കേട്ടപ്പോഠം അയാഠം ദുഃഖസാഗരത്തിലാണ്ടു. പ്രാണപ്രിയയുടെ ദുരന്തത്തിനുകാരണം പിശാചബന്ധമാണെന്നബോധം ഫൗസ്റ്റിനെ കൂടുതൽ വിഷാദമഗ്നനാക്കി. പ്രേയസിയെപ്പററിയുള്ള മധുരസ്മരണകളും അവളുടെ ദിവ്യപ്രേമവും അയാളെ വലയം ചെയ്തു. അതോടുകൂടി പിശാചിൻെറ പിടി വിടുത്തുവാനുള്ള ശ്രമവുമാരംഭിച്ചു.

പൂത = പരിശുദ്ധ. കദനാംബുരാശി = ദുഃഖസമുദ്രം. ജായ = ഭാര്യ.

ശ്ലോകം 18. ഇഹത്തിലും പരത്തിലും മനുഷ്യനെ ഭരിക്കുന്ന അജയ്യമായ മഹാശക്തിപ്രേമം തന്നെ. ദൈവീകവും അനന്തവുമായ ആ ശക്തി അതിൻെറ ഏററവും പൂർണ്ണവും ശുദ്ധവുമായ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നതു് സ്ത്രീയിലാണു്. ശ്രേഷ്ഠമായ ഈ ചിന്താഗതി ഫൗസ്റ്റിലുണ്ടായതോടുകൂടി അയാളുടെ ദുഃഖം ക്രമേണ കുറയുകയും കൂടുതൽ ഉന്നതമായ ഒരു ജീവിതമണ്ഡലത്തെ അയാഠം പ്രാപിക്കുകയും ചെയ്തു.

കാമം = ഇഷ്ടംപോലെ. ശമം = ശാന്തത. ആമയം = ദുഃഖം.
ക്ഷതി = നാശം. സീമ = അതിരു്.

ശ്ലോകം. 19. ഫൗസ്ററിൻെറ സൗന്ദര്യബോധാദ്ധ്യയനം ഈ സന്ദർഭത്തിലാരംഭിക്കുന്നു. ശ്രേഷ്ഠമായ സൗന്ദര്യം എന്തെന്നറിയുകയും അതിനെ ആരാധിക്കുകയും ചെയ്യുന്നതിലൂടെ മനുഷ്യൻെറ ആത്മാവു വികസിക്കുന്നു. അത്തരം ഒരാത്മവികാസമാണു് ഹെലൻ ഫൗസ്ററിലുളവാക്കുന്നതു്. (പ്രാചീന ഗ്രീസ്സിലെ സൗന്ദര്യബോധത്തിൻെറ ഉജ്വലപ്രതീകമാണു് ഹെലൻ. അവഠം ക്ലാസിക്കൽ കലകളുടെ

20 അന്നു ഫൗസ്റ്റുഹെലനൊത്തു വാഴുമളവാത്മ-
ജൻെറരുദിതം ശ്രവി-
ച്ചൊന്നു പുല്കിയവസാനമായവനെ വിട്ടു
പോയിതവൾ മായയാ
പൊന്നുപോലെ നിറമാന്ന നല്ലൊരുടയാട
യാണുബത സങ്കടം
കുന്നുകൂടിവളരുന്ന ഫൗസ്റ്ററിനു ലഭിച്ച
തെന്നു പറയാം ദൃഢം.

21 ഹെലനുടെ സൗന്ദര്യത്തേ
നലമായാസ്വദിച്ച ഫൗസ്റ്ററിൻെറ
നിലവീണ്ടുമുയർന്നു, തൽ-
ഫലമായ് പ്രേതബാധയും തെല്ലുപിന്മാറി.

---

അന്തഃസൗന്ദര്യത്തിൻെറ പ്രതിരൂപവുമാണ്. ഫൗസ്റ്റ് റൊമാൻറിക്ക് സൗന്ദര്യത്തിൻെറ പ്രാതിനിദ്ധ്യം വഹിക്കുന്നു.) ആ സൗന്ദര്യധാമത്തെ ആവാഹിക്കുകയെന്നതായിരുന്നു ഫൗസ്റ്ററിൻെറ അനന്തരലക്ഷ്യം. ഹെലനെ സ്വായത്തമാക്കുവാൻ അയാളുടെ മനസ്സുഴറി. അവസാനം അവളോടൊത്ത് മായികമായ ഒരു സ്വപ്നസൗധത്തിലയാൾ വിഹരിച്ചു. അവരുടെ പ്രേമബന്ധത്തിൻെറ ഫലമായി ഒരു സന്താനം — ഒരു പുതിയ ചൈതന്യത്തിൻെറ ഉദയം, അവർക്കുണ്ടായി — യൂഫോറിയോൺ. (യൂഫോറിയോൺ മഹാകവി ബൈറനെ പ്രതിനിധീകരിക്കുന്നു എന്നാണു സങ്കല്പം) സാഹസികനായ അവൻെറ ഉത്ഥാനവും പതനവും പെട്ടന്നായിരുന്നു.

അലം = മതിവരുവോളം   മായിക ഗൃഹം = മായാനിർമ്മിതമായ ഭവനം

ശ്ലോ—20— ഒരിക്കൽ ഫൗസ്റ്റ് ഹെലനോടൊത്ത് തങ്ങളുടെ സ്വപ്നാരാമത്തിൽ രമിച്ചുകൊണ്ടിരിക്കുമ്പോൾ പുത്രൻെറ ദീനരോദനം ഹെലൻെറ ചെവിയിൽ വന്നു മുഴങ്ങി. തൽക്ഷണം അവൾ ഫൗസ്റ്റിനെ അവസാനമായി ഒന്നു ചുംബിച്ചതിനുശേഷം അന്തരീക്ഷത്തിൽ മറഞ്ഞു. ശോകാർത്തനായ ഫൗസ്റ്റിൻെറ കയ്യിൽ അവശേഷിച്ചതു് അവളുടെ ഉടയാടകൾ മാത്രം. വായുവിൽ വിടർന്ന ആ പട്ടു വസ്ത്രങ്ങൾ ഫൗസ്റ്റിനെ ആവരണംചെയ്തു. ആ സൗന്ദര്യാരാധകനെയും വഹിച്ചുകൊണ്ട് അതു് ആകാശത്തിലേയ്ക്കുയന്നു. (ഉയന്നമണ്ഡലത്തിലേയ്ക്കുള്ള നായകൻെറ പുരോഗതിയെയാണ് ഇതു കുറിക്കുന്നതു്)

ശ്ലോകം. 21 ഹെലൻെറ സൗന്ദര്യാരാധനത്തിലൂടെ ഫൗസ്റ്റിനു സിദ്ധിച്ച മാനസികമായ ഉയർച്ച ശുദ്ധവും സമുന്നതവുമായ ഒരു പുതിയ ജീവിത മണ്ഡലത്തിലേയ്ക്കുള്ള വഴി തുറക്കുകയും അതു പ്രേതശക്തിയിൽ നിന്നുള്ള മോചനത്തിന് സഹായിക്കുകയും ചെയ്തു.

22 സോദരക്കുപകരിക്കുമാറു പല സൃഷ്ടി
കർമ്മവുമെടുക്കിലേ
ഖേദഹാനി നരനൽഭവിച്ചിടുകയുള്ള
വെന്നനിനവാർന്നവൻ
സാദമററുജലരാശിയിൽ പുതിയ ഭൂവി-
ഭാഗമുയരുംവിധം
മോദമോടുപണിചെയ്തു വിഘ്നമണയാതെ
മേദുരതരാശയൻ.

23 തന്നത്താനെ വളന്നു പൂർണ്ണതയുലോം
നേടീടുവാൻ തക്കതാം
സന്ദർഭംപരമാന്നതോടെ നിജസൽ-
ക്കർമ്മത്തിനുണ്ടായ് ഫലം
എന്നല്ലാത്മശുഭപ്രതീക്ഷയൊടൊത്തു
ത്ഭുതമായമ്പുധിയിൽ
നിന്നാഹന്ത! കൃഷിസ്ഥലങ്ങളധികം
ഫൗസ്ററിൻെറ മോദത്തൊടും.

---

ശ്ലോകം. 22 ക്രമേണ ഫൗസ്റ്റിൻെറ മനസ്സിൽ നൂതനവും വ്യക്തവും ശ്രേഷ്ഠവുമായ ഒരു ജീവിത ദർശനം ഉടലെടുത്തു. താമസംവിനാ അയാൾ സൃഷ്ട്യന്മുഖമായ പ്രവൎത്തനങ്ങളിലൂടെ ജനസേവനരംഗത്തു് പ്രത്യക്ഷപ്പെട്ടു.
"സൃഷ്ടി കർമ്മത്തിലൂടെയാണ് മനുഷ്യമഹത്വം ഉയരുന്നതു്. ആ സൃഷ്ടി സഹജാതരുടെ ഉന്നമനത്തിനുവേണ്ടിയാണെങ്കിൽ അതിലും ഉത്തമമായി ലോകത്തിൽ മറെറാന്നുംതന്നെയില്ല. കടലിൽ ചിറകെട്ടി അതിൽനിന്നും പുതിയ ഭൂമി സൃഷ്ടിക്കണം. ആ ഭൂമി മനുഷ്യസഹോദരങ്ങൾക്ക് ദാനംചെയ്യണം. അവർ അതിൽ സ്വതന്ത്രരായി, സംതൃപ്തരായി ജീവിക്കുന്നതുകാണണം. ആയതിലേയ്ക്കു് സ്വാതന്ത്ര്യമായ ഒരു പ്രവർത്തനമണ്ഡലം രൂപീകരിക്കുകതന്നെ". ഇപ്രകാരം നിശ്ചയിച്ചുകൊണ്ടു് ഫൗസ്ററു് ഭൂമിയുടെ സമുദ്ധരണശ്രമം തുടങ്ങി. സാഫല്യത്തിൻെറ സുന്ദരനിമിഷത്തെ പ്രതീക്ഷിച്ചുകൊണ്ടായിരുന്നു ആ പ്രവൎത്തനം.

ശ്ലോകം. 23. അസുലഭമായ ഒരു സുന്ദരനിമിഷത്തെ പ്രതീക്ഷിച്ചുകൊണ്ടായിരുന്നു ഫൗസ്ററിൻെറ അനന്തരജീവിതം മുന്നോട്ടു നീങ്ങിയതു്. കർമ്മപദ്ധതിയുടെ പുരോഗതിയിലൂടെ ജീവിതത്തിനു പൂർണ്ണത പ്രാപിക്കുവാൻ സഹായിക്കുന്ന ഒരന്തരീക്ഷം സംജാതമായപ്പോൾ ഫൗസ്ററിൻെറ കർമ്മങ്ങൾ സഫലങ്ങളായി. തൻെറ ശുഭപ്രതീക്ഷക്കൊത്തവണ്ണം കടലിൽ പുതിയ ഭൂഭാഗങ്ങൾ ഉയർന്നുവന്നു. അതോടൊപ്പം അദ്ദേഹത്തിൻെറ മാനസികാനന്ദവും വളർന്നുകൊണ്ടിരുന്നു.

24 മെച്ചപ്പെട്ട മന:പ്രശാന്തിയതുപോൽ
സന്തോഷസന്ദായിയായ്
പച്ചപ്പട്ടുവിരിച്ചപോലെ വിലസും
തത്ഭൂമുഖം സുന്ദരം
സൽചന്ദ്രദ്യുതിയെന്നപോലെ നിതരാം
മന്ദസ്മിതംതൂകവേ
സച്ചര്യാരതിയാർന്ന ഫൗസ്ററിന്റെ മനസ്സാ-
നന്ദ സംമഗ്നമായ്.

25 അക്കാലത്തു വയസ്സനൂറുതികയും
ഫോസ്ററസ്സുസമ്പത്തിലും
വിജ്ഞാനത്തിലുമൊന്നുപോലെ സഹജം
വൃദ്ധത്വമാർന്നീടിനാൻ.
തന്നാലുദ്ധൃതമായ ഭൂമിനലമായ്
ത്തന്നേഫലിച്ചൂപരം
ചിത്തത്തിൽ പരമാത്മബോധമുളവായ്
വേണ്ടോളമവ്യാഹതം.

---

ശ്ലോകം. 24 ആത്മാർത്ഥമായ ശ്രമത്തിന്റെ ഫലമായി കടലിൽ പുതിയ ഭൂമഖണ്ഡം ഉയരുകയും പുഞ്ചിരിയുടെ ഹരിതാഭ അവിടെ നിറയുകയും ചെയ്തു. അതോടൊപ്പം ഫൗസ്റ്റിന്റെ ഹൃദയത്തിൽ ആനന്ദത്തിന്റെ തിരമാലകളും ഉയർന്നു. തന്റെഭൂമി സസ്യഫല സമൃദ്ധമായി പച്ചപ്പട്ടുവിരിച്ചപോലെ അതീവസുന്ദരമായി ചമഞ്ഞപ്പോൾ — ഭൂമുഖം ചന്ദ്രികാസമാനം പുഞ്ചിരിച്ചപ്പോൾ അദ്ദേഹത്തിന്റെ മനസ്സ് ആനന്ദസാഗരത്തിൽ ആറാടി.

ശ്ലോകം. 25. തദവസരത്തിൽ ശതവർഷാഭിഷിക്തനായിത്തീർന്ന ആ മനുഷ്യൻ, ഒരുപോലെ ജ്ഞാനവൃദ്ധനും ധനവൃദ്ധനുമായി ചമഞ്ഞു. പുതിയ കൃഷിഭൂമിയിൽ സസ്യഫലസമൃദ്ധിയും അനുഭവസമ്പന്നമായ ഹൃദയതലത്തിൽ ആത്മഫലസമൃദ്ധിയും ഒരേ സമയത്ത് ഉദയം ചെയ്തു. അതോടെ ആത്മജ്ഞാനവും കൈവന്നു. ഈ നിമിഷത്തിലാണ് ഫൗസ്ററ് ഒരു പരിപൂർണ്ണമനുഷ്യനായിതീരുന്നത്. ഇത്രയുംകാലം അസാദ്ധ്യമായിരുന്ന ആത്മനിയന്ത്രണം പൂർണ്ണമായി സാധിക്കപ്പെട്ടു. ജീവിത നിലവാരത്തിലുണ്ടായ ഔന്നത്യംകൊണ്ട് പിശാചിൽനിന്നുമുള്ള മോചനം പരിപൂർണ്ണമായി സാധിച്ചു. ഒടുവിൽ പശ്ചാത്താപത്തിലൂടെ ആത്മശുദ്ധിനേടുകയും ചെയ്തു.

—:—o—

## രംഗം: പത്തു് (എ) – ഫൗസ്റ്റിൻെറ സമാധി

(ഫൗസ്ററിന്ന പൂൎണ്ണമായ ആത്മനിയന്ത്രണവും സംതൃപ്തിയും നേടുവാൻ കഴിഞ്ഞ സമയം. സന്തോഷവും കൃതകൃത്യതയും മുഖത്തു പ്രതിഫലിക്കുന്നു. വിധി തനിക്കു് അനുകൂലമായിത്തീർന്നിരിക്കുകയാണെന്ന ബോധത്താൽ മുഖത്തു പ്രസാദാത്മകത തെളിയുന്നു.)

**ശ്ലോകം.** 26.

ചിത്തപ്രസാദമുളവായി വിഷാദമററു
ചിൽതത്വവും വിധിയുമപ്പരമാം ജഗത്തും
സത്തയ്ക്കധീനമിതിചിന്തവഹിച്ചുപാരം
വൎത്തിച്ചു ഫോസ്ററുപരിപൂൎണ്ണവിരാഗിയായി.

**പദം. 30.** ഫൗസ്ററു്

ദ്വിജാവന്തി – ചെമ്പട

പ. വിധിമതം വിലംഘിക്കുവാൻ മനുജനസാദ്ധ്യമോ?

**അ. പ.** വിധിച്ചവണ്ണമേ മേലിൽ ഭവിച്ചിടൂ നിസ്സംശയം
(വിധിമതം....)

ച. ദുർമ്മതിയാമെൻജീവിതം പ്രേതവരനു വിധേയം
സമ്മോഹിതനായ് സമർപ്പിച്ചേൻ രക്തരേഖയൊന്നി–
നാൽ
എന്നല്ലതിനുമേൽ ചെയ്ത ദുഷ്കൃതങ്ങൾ മൂലമായി
നിന്ദ്യമാം നരകയോഗം വന്നുഭവിച്ചീടുമോ?
ദുൎജ്ജനസഹവാസമേററം ദുർഭാഗ്യകരമായി
സജ്ജനരക്ഷകാ ദേവ! പരിപാഹിമാം.
(വിധിമതം...)
സൽചരിതയായീടിന മൽപ്രിയയോടുമിവൻ
ചിൽപുരുഷ! ചെയ്തുപോയീദുസ്സഹാപരാധം.
സതിമണിയവളതുമൂലം–
വിധിഗതി ചതുരതയാലേ
നിരവധിദുരിത ജലധിയിൽപ്പെട്ടുഴറി–
സ്സുകൃതികൾ വിലസിന സുരലോകം പൂകി.
(വിധി...)

---

**രംഗം 10. ശ്ലോകം. 26.** ഫൗസ്ററിൻെറ ആത്മാവിൽ ഒരു ദിവ്യപ്രകാശം വന്നുനിറഞ്ഞു. മാത്രമല്ല, ജീവിതക്ലേശങ്ങളിൽനിന്നും പൂർണ്ണമായ മോചനവും സിദ്ധിച്ചു. അതോടെ സവിശേഷമായ ആത്മജ്ഞാനഫലവും കർമ്മഫലങ്ങളും ഇഹലോകജീവിതവുമെല്ലാം ഈശ്വരശക്തിക്കധീനമാണെന്ന തോന്നൽ അദ്ദേഹത്തിനുണ്ടായി. തൽഫലമായി ലൗകികകാര്യങ്ങളിൽ പൂർണ്ണവിരക്തി അനുഭവപ്പെടുകയും ചെയ്തു.

ദുർമ്മന്ത്രശക്തികളും പ്രേതവരതന്ത്രങ്ങളും മോഹ–
കാമാദികരംപോലും, എന്നെയിനിമേൽ ഭരിയാ
ആത്മസംതൃപ്തിനേടാൻ ശപ്തകല്മഷം ഞാ–
നാവോളം ത്യജിക്കുന്നു, നിത്യശാന്തിപൂകിടേണം.
നരവരനുടെയതിഭാഗ്യം — അസുലഭമായതുഭോഗ്യം
സുരപദമതുബഹുയോഗ്യം – പ്രഭവമതുമതീവമവിഭാജ്യം.
(വിധി...)
അന്തിമനിമിഷങ്ങളും ഹന്ത! വന്നുചേരുകയോ?
സത്യലോകമതാം വിണ്ണിൽ സൽപ്രകാശം ദർശിക്കയോ?
സുന്ദരിതന്നാത്മശക്തിയെന്നെയാവാഹിക്കയോ?
ദേവദൂതർ സവിധേ വന്നീടുകയോ?
മണിമുഴക്കം! മണിമുഴക്കം! ദേവഭണിതം–
വന്നിതാ കാതിൽ പതിക്കയോ?
കദനവാരിധി വിട്ടുഞാനും, ദേവ–
സദനസൗഖ്യം നുകരുവാൻ പോകയോ?

**ആട്ടം;** ഫൗസ്ററ്

(നിലത്തിരുന്നുകൊണ്ടു്) അന്തരീക്ഷത്തിലെ മണിമുഴക്കം കേരംക്കുന്നു. ഒരു ദിവ്യപ്രകാശം ദർശിക്കുന്നു. ആരോ തന്നെ ആകർഷിക്കുന്നതായി തോന്നുന്നു.

പ്രേയസിയുടെ കൃപ ദർശനം ഉണ്ടാകയാണോ? പരമകാരുണികനായ ദൈവം തന്നെ അനുഗ്രഹിക്കുകയാണോ? നവ്യമായ ആനന്ദം അനുഭവപ്പെടുന്നു. പുതിയ അനുഭൂതിവിശേഷങ്ങളിൽ മുഴുകുന്നതായി നടിച്ചുകൊണ്ടു് ഊർദ്ധ്വ ദൃഷ്ടിയോടെ പുറകോട്ടു ചായുന്നു. അന്ത്യമായി ശ്വസിക്കുന്നു.

(ഫൗസ്ററ് ഊർദ്ധ്വ ദൃഷ്ടിയോടെ പുറകോട്ടു മറിയുമ്പോരം വേഷം തിരശീലകൊണ്ടു മറയ്ക്കുന്നു. തത്സമയം ദേവദൂതന്മാർ പ്രത്യക്ഷപ്പെട്ടു് പുഷ്പ വൃഷ്ടിചെയ്യുന്നു. ഫൗസ്ററിൻെറ ആത്മജ്യോതിസ്സു് മേലോട്ടുയരുന്നതു് അവർ ആഹ്ലാദപൂർവ്വം നോക്കികാണുന്നു. 'സുകൃതിയുടെ ആത്മാവിനെ സ്വർലോകത്തേക്കാനയിക്കുകതന്നെ' എന്നു നിശ്ചയം ഭാവിക്കുമ്പോഴേയ്ക്കും ഇടതുവശത്തുകൂടി പിശാചദൂതർ പ്രവേശിച്ചു് തിരക്കു കൂട്ടുന്നു.)

---

ചിൽതത്വം = സവിശേഷമായ ആത്മജ്ഞാനം. വിധി = ദൈവകല്പിതം.
വിരാഗി = വിരക്തിവന്നവൻ. ജഗത്തു് = ലോകം.
പദം. 30. വിധിമതം = ഈശ്വരനിശ്ചയം. കല്മഷം = പാപം
ശപ്തം = ശപിക്കപ്പെട്ടതു് ഭണിതം = വാക്കു് കദനം = ദുഃഖം
ദേവസദനസൗഖ്യം = സ്വർഗ്ഗീയമായ സുഖം.



ഫൗസ്ററിൻെറ് സമാധി.

''സത്യലോകമതാം വിണ്ണിൽ സൽപ്രകാശം ദർശിക്കയോ?''

## രംഗം: പത്തു് (ബി)

ശ്ലോകം. 27.

ഫോസ്ററിൻെറ ദിവ്യ പ്രഭതൂകിടുന്നോ
രാത്മാവിനെ കൈവശമാക്കുവാനായ്
വാദിച്ചു വന്നെത്തിയ ദേവദൂത-
പ്രേതങ്ങറം തമ്മിൽ കലഹിക്കയായി.

പദം. 31 കാനക്കുറുഞ്ഞി—പഞ്ചാരി,

ദേവദൂതന്മാർ:—

ഘോരമാം മദേന വന്നതിക്രമങ്ങറം ചെയ്തിടുന്ന
പ്രേതഹതകരായനിങ്ങളാരുമൂഢരേ?
ദേവദൂതരായിടുന്ന ഞങ്ങളോടെതിത്തുനിന്നു
ദേഹിഹരണ വിക്രിയയ്ക്കു നിങ്ങളായിടാ
പുരുഷരത്നമായിടുന്ന ഫോസ്റ്റസിൻെറ ദേഹിയിപ്പോറം
ദേവലോകഗമനയോഗ്യമാണു കേറംക്കണം
ആകയാൽ ഹരിച്ചിടുന്നു ഞങ്ങറം തസ്യദേഹിതന്നെ
വീരരെങ്കിൽ നിങ്ങറം വന്നെതിത്തുകൊള്ളുക.

പദം. 32 ഘണ്ടാരം—മുറിയടന്ത

പ്രേതദൂതന്മാർ:--

പ്രേത നായകപുരിയിൽ നിന്നിഹ
ആഗമിച്ചൊരു ഞങ്ങളും
ഫൗസ്ററു തന്നുടെ ദേഹിയേ
ഗ്രഹിച്ചിടാതെ മടങ്ങിടാ.
അക്രമം ബത വിക്രമത്തൊടു-
പക്രമിപ്പൊരു നിങ്ങളെ
ഝടിതി വടിവൊടു പൊടിപെടുത്തു-
വതിനില്ല സംശയമറിയുക.

(ഈ സന്ദർഭത്തിൽ ലൂസിഫറും മെഫിസ്റ്റാഫിലിസും ഫൗസ്റ്റിൻെറ പ്രമാണവുമായി രംഗപ്രവേശം ചെയ്യുന്നു.)

---

ശ്ലോകം. 27. ഫൗസ്ററിൻെറ ദേഹത്തിൽ നിന്നും വേർപെട്ടു് മേലോട്ടുയന്ന ആത്മാവിനെ കൈക്കലാക്കുവാൻ, അവകാശവാദവുമായി വന്നുചേർന്ന ദേവദൂതരും പ്രേതദൂതരും തമ്മിൽ കലഹമാരംഭിച്ചു.

പദം. 31 ദേഹിഹരണം = ആത്മാവിൻെറ അപഹരണം

തസ്യ = അവൻെറ

പദം. 32 ഉപക്രമിക്കുക = തുടങ്ങുക

സവിധം = സമീപം , ദ്യോവ് = ആകാശം

പദം:—

ലൂസിഫർ:— ഫൗസ്ററുതന്നുടെയാത്മാവിന്നവകാശി ഞങ്ങൾ ധരി
ക്കെടോ

മർത്ത്യനവനു മധീനനായി വസിച്ചിരുന്നിതു മൽപ്പുരേ
അത്രയല്ലിഹരക്തമതിലവനെഴുതിവെച്ച കരാറുമേ
ഹന്ത! ഞങ്ങടെ സവിധ മുണ്ടതു വേണമെങ്കിലെടുത്തിടാം.

(രേഖ കാണിച്ചിട്ട്)

ഫൗസ്ററു തന്നുടെ രേഖയാണിതു കണ്ടുനിങ്ങൾ ധരി
ക്കെടോ

തസ്യദേഹിയതു ഞങ്ങൾ തന്നവകാശമെന്നതു നിശ്ചയം
(ഫൌസ്ററു തന്നുടെ)

മെഫിസ്റ്റാഫിലിസ്:—

ദേവഹതകദൂത നിങ്ങൾ പോകപോക മടിയാതെടോ
ദേഹിതന്നെ ഹരിച്ചിടുന്നിതു ഞങ്ങളായതു കാണെടോ

ദേവദൂതൻ:— (രേഖവാങ്ങിനോക്കിയിട്ട്)

ഭൂമിതന്നിൽ വാണിടുന്ന കാലമത്രയുമവനിൽ
പ്രേതമന്ത്രശക്തികൾ ഫലിച്ചിരുന്നു സത്യമായ്
അദ്യതസ്യദേഹിയിപ്പോൾ ഭൂതലത്തിലല്ലെടോ
സത്യലോകമായിടുന്ന ഗഗനമതിലുമല്ലയോ?
ഗഗനവാസിയായിടുന്ന ദേഹിയെഗ്രഹിപ്പതിന്നു
പ്രേതഹതകരായ നിങ്ങൾ പ്രാപ്തരായിടാ.

മെഫിസ്ററാ:—

ഭൂതലത്തിലോ ദ്യോവിലോ എന്നു നിങ്ങളറിയോണ്ടെടോ
നിർണ്ണയം ബതകൊണ്ടുപോവതിനുമില്ല സംശയമറിയുക.
ചക്രധാരികളായ നിങ്ങളും വരികരണഭുവിപോരിനായ്
വിക്രമേണമടിച്ചിടാതിഹ ഞങ്ങൾനിങ്ങളൊടേൽക്കുവൻ!

(ദേവദൂതർ വീണ്ടും ആത്മജ്യോതിസ്സിനെ ലക്ഷ്യമാക്കി പുഷ്പവൃഷ്ടി നടത്തുന്നു. പുഷ്പങ്ങൾ വീഴുന്നിടത്തു് പ്രേതശരീരങ്ങളിൽ പൊള്ളലുണ്ടാകയും അസഹ്യവേദന മൂലം അവർക്കു് നില്ക്കപ്പൊറുതിയില്ലാതാകയും ചെയ്യുന്നു. ഏററവുമൊടുവിൽ പരാജയപ്പെട്ട പ്രേതങ്ങളുടെ പ്രതിഷേധപ്രകടനങ്ങൾ വകവയ്ക്കാതെ ദേവദൂതർ ഫൗസ്റ്റിൻെറ ആത്മജ്യോതിസ്സുമായി സ്വർഗ്ഗത്തിലേയ്ക്കു പോകുന്നു ഇച്ഛാഭംഗത്തോടെ പ്രേതദൂതരും രംഗം വിടുന്നു.)

---

ചക്രധാരികൾ = ദൈവമുദ്രയായ ചക്രം ധരിച്ചിട്ടുള്ളവർ, രണഭുവി = യുദ്ധഭൂമിയിൽ



ഫൗസ്റ്റിന്റെ ആത്മാവിനുവേണ്ടി ദേവ—പ്രേത ദൂതന്മാർ തമ്മിൽസംഘട്ടനം.

''ഫൗസ്ററ് തന്നുടെ രേഖയാണിതു കണ്ടു നിങ്ങൾ ധരിക്കെടോ.''



ദൈവത്തിന്റെ മാഹാത്മ്യം വർണ്ണിച്ചു സ്തുതിക്കുന്ന
ദേവദൂതനെ ദൈവം അനുഗ്രഹിക്കുന്നു.

''സത്യധർമ്മങ്ങൾതൻ പാലനത്തിന്നായി
ശക്തിനൽകീടുന്ന ചിൽസ്വരൂപാ ജയ!''

... PUBLIC LIBRARY KOTTAYAM.

ശ്ലോകം. 28

പ്രേതദൂതരവകാശവാദമധികം മുഴക്കിമരുവീടവേ
വീതശങ്കമഥ ദേവദൂതർ പരമാത്മദീപവുമെടുത്തഹോ
ജാതമോദമുയരുന്ന കാഴ്ചനരർനോക്കിനിന്നു പരമപ്പൊഴീ–
ഭൂതധാത്രിയഖിലം മുഴങ്ങിനുതിഗീതമീശജനസംഭവം.

ദേവദൂതരുടെ സ്തുതി:–
പദം. 33 ഭൂപാളം.

സത്യധർമ്മങ്ങൾ തൻപാലനത്തിന്നായി
ശക്തി നല്കീടുന്ന ചിൽസ്വരൂപാ ജയ!
നിത്യസൗന്ദര്യത്തിൻ രൂപമാം ദേഹിതൻ–
ദിവ്യസഹവാസമുള്ളകാലത്തോളം

പഞ്ചഭൂതാത്മകമായിടും ദേഹത്തെ
ഷഡ്വികാരങ്ങളാൽ വിഭ്രമിപ്പിക്കയും
ദേഹിദേഹങ്ങൾ വിഭിന്നങ്ങളാകുമ്പോൾ
ദേഹത്തെ പഞ്ചഭൂതങ്ങളായ് മാററിയും

ദേഹിയെ ബ്രഹ്മസത്യത്തിൽ ലയിപ്പിച്ചും
ദ്യോതിക്കും ദേവാ ജയ! ജയ! നിത്യവും.
മർത്ത്യൻെറ വ്യക്തിത്വമാചന്ദ്രതാരകം
ഉത്തുംഗമാക്കിടും ദേവാ ജയ! ജയ!

—ശുഭം—

---

ശ്ലോകം. 28 നുതിഗീതം = സ്തുതിഗീതം.
ഈശജനസംഭവം = ദേവദൂതരിൽ നിന്നും ഉണ്ടായത്
പ്രേതദൂതർ അവകാശവാദം നടത്തിക്കൊണ്ടിരുന്ന അവസരത്തിൽ ദേവദൂതന്മാർ ഫൗസ്റ്റിൻെറ ആത്മദീപവും എടുത്തുകൊണ്ട് സ്വർഗ്ഗത്തിലേയ്ക്കുയരുന്ന കാഴ്ച ജനങ്ങൾ നോക്കിനിന്നു. തദവസരത്തിൽ ദേവദൂതരുടെ സ്തുതിഗീതാലാപനം ലോകമെങ്ങും മുഴങ്ങി.

# ശുദ്ധിപത്രം

| ശരി | തെററ് | പേജ്/വരി |
|---|---|---|
| എന്നാണ് | എന്നാന്നു് | 3/14 |
| വ്യക്തിയാരാകിലും | വ്യക്തിയാരാകാലും | 4/4 |
| അധികരിച്ചു് | അധീകരിച്ചു് | 7/38 |
| ഈശ്വരാനുഗ്രഹത്താൽ | ഈശ്വരാനുഗൃഹത്താൽ | 9/27 |
| ഉപവിഷ്ടനായി | ഉപവിഷ്ഠനായി | 19/1 |
| പിടിയിൽ | പടിയിൽ | 19/14 |
| സായൂജ്യപ്രാപ്തി | സായൂജ്യപ്രാപ്തി | 24/1 |
| രംഗപ്രഭാവം | രംഭപ്രഭാവം | 25/8 |
| പരപീഡനവ്രതൻ | പരപീഢനവ്രതൻ | 25/16 |
| മണ്ഡലങ്ങളിലൂടെ | മണ്ഡലങ്ങളൂടെ (ടിപ്പണി) | 28 |
| പ്രോചുഃ | പ്രോചു ,, | 30/6 |
| ഭുജിപ്പാൻ | ഭൃജിപ്പാൻ | 31 പദം/8 |
| തദനു | തദത (ടിപ്പണി) | 35 |
| പരമാത്മനിഷ്ഠ | പരമാത്മനിഷ്ട | 38/പദം11 |
| സരസം | സരസാം | 39/ശ്ലോ.5 |
| പ്രേതാധിപ ഭൂതാ! | പ്രേതാധിപഭൂതാം | 42/പദം 14 |
| മാത്സരശാക്തിക | മാത്സരശക്തിക | 43/പദം 16 |
| തന്വംഗി | തത്വംഗി | 45/ദണ്ഡകം(ഖ |
| വിവക്ഷ | വിവക്ഷം | 46 |
| ദുർഗ്ഗമമീവഴി | ദുർഗ്ഗമമീവഴീ | 46/പദം 19 |
| ഭവാനിതു? | ദവാനിതു | 47/2 |
| കേററക്ക | കേററക്ഷ | 52/4 |
| മഞ്ജുഭാഷിണി | മജ്ജുഭാഷിണി | 52/ച: 1 |
| അശുഭലക്ഷണം | അശുലഭക്ഷണം | 54/15 |
| ജനവാദത്തെ | ജനാപവാദത്തെ | 56/ശ്ലോകം 13 |
| ദുഷ്ടജനം | ദുഷ്ഠജനം | 56/15 |
| സ്ഥലരടികുപ്പി | സ്ഥലരടിക്കുപ്പി | 58/ശ്ലോകം 15 |
| സീമയററ | സിമയററ | 61/ ,; 18 |
| ചക്രധാരി | ചക്രദാരി | 68/ടിപ്പണി |
| രണഭുവി | രണഭ്രപി | ,, ,, |

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. MA5 KRI-D Acc. No. 51568

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

MA5 51568
KRI-D

കൃഷ്ണനൈക്കാവൽ, അഷ്ടണം

ഡോക്ടർ ഹദന്റ്